KNANAYADEEPAM

# ക്നാനായദീപം

Vol: 36 / Issue: 8 August 2025 ₹:10/-



**28 –ാം ചരമവാർഷികം**
25–10–2025

**1 –ാം ചരമവാർഷികം**
06–08–2025



# പി. റ്റി. ഏബ്രഹാം

# അച്ചാമ്മ ഏബ്രഹാം

**പുറത്തേമലയിൽ, ഇരവിപേരൂർ**

"കാണാമറയത്തേക്ക് പോയി മറഞ്ഞാലും മനസ്സിൽ മായാത്ത
മാർഗദീപം ആയി എന്നും ഓർമയിൽ ഉണ്ടാകും...
ഒരായിരം ഓർമപ്പൂക്കൾ"

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായ ദീപം

2025 ആഗസ്റ്റ് പുസ്തകം 36 ലക്കം 8

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കന്യക മറിയം കുടുംബനാഥമാരുടെ... 10
റ്റി. യു ജോസ് തൈത്ര

യുവജന വികസനം... 19
സുനിൽ ഡി. കുരുവിള

സ്വാർത്ഥതയും നിസ്വാർത്ഥതയും 21
റ്റി. സി. തോമസ് തോപ്പിൽ

ജീവിത യാത്രക്കാരുടെ... 22
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഏവൻഗേലിയോൻ ദീപം 23
റോയി മാത്യൂസ് കോർ – എപ്പിസ്കോപ്പ മുളമൂട്ടിൽ

നിങ്ങൾ നിൽക്കുന്ന സ്ഥാനത്ത്... 25
കെ. യു. ഉതുപ്പാൻ മൂഴിപ്പാറ

പരി. സുറിയാനി സഭ എന്തുകൊണ്ട് 26
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

37 വിശുദ്ധ ദൈവാലയം
ഫാ. ജേക്കബ് കല്ലുകുളം

38 Non Weapon formed
സീമ ഷിന്റോ കന്നിയേൽ

39 അന്ധനായിരുന്നവന്റെ സാക്ഷ്യം
സണ്ണി ഇളംപുരയിടത്തിൽ

40 Drink -നു പുറകെ Dink
പ്രൊഫ. എം. എ. ഏബ്രഹാം മണിമലേത്ത്

42 മല്പാനോട് ചോദിക്കാം

43 മാട്രിമോണിയൽ

46 ഇങ്ങനെയും ജീവിതം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, റാന്നി


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

[redacted]

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.
knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com


[redacted]




കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് നമ്മുടെ രക്ഷകനും, വീണ്ടെടുപ്പുകാരനുമായ ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹവന്ദനം.

കർത്താവിൽ പ്രിയരെ,

**കക്ഷിത്തം പാപമാണ്**

1 കോരി. 3:1 ൽ കോരിന്തിലെ സഭയിലെ കക്ഷിത്വത്തെക്കുറിച്ച് വി. പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത് ഇന്ന് നമ്മുടെ ഇടയിൽ നടപ്പായിരിക്കുകയാണ്. സഭയ്ക്കും സുവിശേഷ പ്രവർത്തനങ്ങൾക്കും കക്ഷിത്വംപോലെ ദോഷം ചെയ്തിട്ടുള്ളതു വേറെ ഒന്നും ഇല്ല. ഒരു വിശ്വാസിയിലുള്ള ജഡികത്വത്തിന്റെ പ്രതികരണമാണ് കക്ഷിത്വം. കോരിന്തിൽ ചില നേതാക്കന്മാരുടെ പേരിലാണ് കക്ഷിത്വം. പൗലോസിന്റെ പക്ഷം, കേഫാവിന്റെ പക്ഷം, അപ്പല്ലോസിന്റെ പക്ഷം മാത്രമല്ല അവിടെ ക്രിസ്തുവിന്റെ പക്ഷക്കാരും ഉണ്ടായിരുന്നു. അവരെയും പൗലോസ് ശാസിച്ചു. ക്രിസ്തു ഒരു പാർട്ടിയുടെയും തലവനല്ല. "ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ" പൗലോസ് ചോദിച്ചു.

ഇന്ന് പത്രോസിന്റെ പക്ഷം, തോമായുടെ പക്ഷം എന്ന നിലയിൽ പരിശുദ്ധ സഭയിലും, സമുദായപക്ഷം, സഹായ പക്ഷം എന്ന നിലയിൽ ക്നാനായ സമുദായത്തിലും കക്ഷിത്വം നില നിൽക്കുകയാണ്. ഈ കക്ഷിത്വത്തിന്റെ എല്ലാം പുറകിൽ സഭയിലെ മെത്രാന്മാരും വൈദികരും ഉണ്ടെന്നുള്ളത് ഒരു സത്യമാണ്. വിവിധ വിഭാഗങ്ങൾ എങ്ങനെ എന്തിനുണ്ടായിട്ടുള്ളതാണ്.പരിശുദ്ധാത്മാവിലുള്ള സ്നേഹവും, സന്തോഷവും, സമാധാനവുമാണ് ക്രിസ്തീയത്വമെങ്കിൽ ഇന്നു നമുക്ക് ചുറ്റും കാണുന്നതെന്താണ്. പല ചേരികളായി തിരിഞ്ഞുകൊണ്ട് അന്യോന്യം പോർവിളി മുഴക്കുന്നതല്ലോ. താങ്കളുടെ കഴിവിന്റെയും, സമയത്തിന്റെയും ഒരു വലിയ പങ്ക് ഈ നേതാക്കന്മാർ സ്വന്തകക്ഷിയെ പ്രബലപ്പെടുത്താനല്ലോ ഉപയോഗിക്കുന്നത്. അവർ നടത്തുന്ന മഹായോഗങ്ങളുടെയും പ്രവർത്തനങ്ങളുടെയും പിന്നിൽ വ്യാപരിക്കുന്ന ശക്തി എന്താണ്? കക്ഷിത്വം, ഭിന്നത, പിണക്കം, സ്വാർത്ഥത ഇതൊക്കെയല്ലേ? ഇങ്ങനെയുള്ളവർ സ്വർഗ്ഗരാജ്യത്തിനവകാശികളല്ല.

പ്രിയ വിശ്വാസികളേ, കക്ഷിത്വം ഏതു വേഷത്തിൽ വന്നാലും അതു മനസ്സിലാക്കാനും അതിനെ വെറുക്കുവാനും എതിർക്കുവാനും നമുക്ക് കഴിയേണ്ടതാണ്. (1) തലമുടി കിളിർക്കുവാനുള്ള മരുന്നു വിൽക്കുന്നയാൾ കഷണ്ടി മറയ്ക്കാൻ വിഗ് ധരിച്ചിരിക്കുന്നുവെന്നു ബോധ്യപ്പെട്ടാൽ നമുക്ക് ഉണ്ടാകുന്ന വികാരമെന്താണ്? (2) മനോരോഗ വിദഗ്ദ്ധർ തനി പ്പിരാന്തു കാട്ടിയാലോ ആർക്കാണ് നാണക്കേട്. ഇപ്പോഴുള്ള ചില്ലറ അസ്വസ്ഥതകൾ നീങ്ങി നല്ലതായ ഒരു ഭാവി സംജാതമാക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഭൂരിപക്ഷം സമുദായാംഗങ്ങളും. എത്ര നല്ല ഭരണഘടന എഴുതിയുണ്ടാക്കിയാലും അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള സന്നദ്ധതയും വഴക്കവും ജനങ്ങൾക്ക് ഇല്ലാതെ വന്നാൽ ഭരണഘടന പുസ്തകത്തിൽ മാത്രമേ കാണുകയുള്ളൂ. ഇംഗ്ലണ്ടിലെ ഭരണപരമായ ഒരംഗീകൃതത്വം രാജാവ് തെറ്റു ചെയ്യുകയില്ലെന്നുള്ളതാണ്. രാജാവ് ചില ഉത്തമപ്രമാണങ്ങളും, ഉത്തരവാദിത്വങ്ങളും പ്രമാണങ്ങൾ പാലിക്കാനുള്ള ബാദ്ധ്യതയും വഹിക്കുന്നുവെന്നും "The King can do no wrong" എന്ന തത്വത്തിൽ അന്തർഭവിച്ചിട്ടുണ്ട്. അതിനാൽ വ്യവസ്ഥാപിത രീതിയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള പരിശീലനം സാധാരണ ജനങ്ങളെക്കാൾ വളരെ കൂടുതൽ അവരെ നയിക്കാനും ഭരിക്കാനും ചുമതലയുള്ളവരായ സഭാനേതൃത്വത്തിനുണ്ടായിരിക്കണം. അതില്ലാതാകുമ്പോഴാണ് സമുദായത്തിൽ പലപ്പോഴും അഭിപ്രായ ഭിന്നതകളും സംഘട്ടനങ്ങളും ഉണ്ടാകുന്നത്. ഒരഭിപ്രായഭിന്നതയുണ്ടാകുമ്പോൾ വളരെ തത്വങ്ങളും വാദങ്ങളും രണ്ടുകൂട്ടർക്കും പറയാനുണ്ടായിരിക്കും. അതിനാൽ സംഘടിതമായി പ്രവർത്തിക്കേണ്ട സഭയും സമുദായവും വിവേകപൂർവ്വം ചില രക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കണം. ഏതുകാര്യത്തിലും കച്ചേരി കയറുന്ന പ്രവണത ചില കുടുംബങ്ങളെ ക്ഷയിപ്പിച്ചിട്ടുണ്ട്. സുറിയാനി സഭയിലെ പല കുടുംബങ്ങളും വ്യവഹാരങ്ങളിൽ മുഴുകി സാമ്പത്തികമായി നശിക്കാനിടയായിട്ടുള്ളതിനെക്കുറിച്ച് പലതും പറയാനുണ്ട്. സഭ പൊതുവെയും. അങ്ങനെ സമുദായക്കേസ് ഒരു പ്രധാന തൊഴിലായി സ്വീകരിച്ച് വിനാശകരമായ നിലയിൽ ദശാബ്ദങ്ങൾ കഴിഞ്ഞ് പോന്നതിന്റെ കയ്പായ അനുഭവങ്ങൾ മറക്കുവാൻ കാലമായിട്ടില്ല. എങ്കിലും തൊട്ടതിനൊക്കെ കോടതി കയറുന്ന പ്രവണത വളർത്താൻ സഭാനേതൃത്വം അറിഞ്ഞു പ്രവർത്തിക്കുന്നതു നിർഭാഗ്യകരമായ ഒരവസ്ഥയാണ്. ചില അംഗീകൃത ഭരണതത്വങ്ങൾ അനുസരിച്ച് ഭരണകാര്യങ്ങൾ നടത്തിക്കൊണ്ടു പോകാനുള്ള കഴിവുകുറവും വൈമനസ്യവുമാണിത്. ഇപ്പോൾ ഉള്ള കേസുകൾ സംബന്ധിച്ച് കോടതി ഇൻജങ്ക്ഷനും പുറപ്പെടുവിച്ചിരിക്കുകയാണ്. ഇവ മാറ്റുന്നതിനോ കേസു നടത്തുന്നവരെ യാഥാർത്ഥ്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അവരുടെ സഭാദ്രോഹപരമായ പ്രവർത്തനങ്ങളിൽ നിന്നും പിൻതിരിപ്പിക്കുന്നതിനോ വലിയ ശ്രമമൊന്നും നടക്കുന്നില്ല. ആത്മാർത്ഥത നമ്മുടെ ചിന്തകളിലും നടപടികളിലും പ്രതിഫലിച്ചില്ലെങ്കിൽ ഭരണം വളരെ ദുർഘടതരമായിത്തീരും. ഒരു കാര്യവും നടത്താൻ നമുക്ക് സാധിക്കയില്ല. ചതുരംഗപ്പോരുകൾ കൊണ്ട് സ്വന്തം ജീവിതവും, സഭാജീവിതവും നശിപ്പിക്കുന്നതു ഒരു നേട്ടമല്ലല്ലോ. സഭയെ സംബന്ധിച്ചു നേട്ടമെന്നല്ല അതു വിനാശകരമാണ്. മറ്റ് സമുദായങ്ങൾ കുതിച്ച് പായുമ്പോൾ നാം മാത്രം വഴിയിൽ തളർന്നു കിടക്കേണ്ടി വരുന്നത് ലജ്ജാവഹമാണ്. ആത്മാഭിമാനത്തോടും, മറ്റുള്ളവരുടെ മുമ്പിൽ തലതാഴ്ത്താൻ ഇടയാകാതെ നമ്മുടെ സമുദായം ഉത്കർഷത്തിലേക്കു വരുവാൻ ആഗ്രഹിക്കുന്നവർ ധാരാളമാണ്. അതിനുവേണ്ടി ഏതു ത്യാഗങ്ങൾ ചെയ്യുന്നതിനും മടിക്കാത്തവർ നിരവധിയുണ്ട്. പക്ഷേ ശരിപ്പെടേണ്ട പല കാര്യങ്ങൾ ഉണ്ട്. അതായത് സഭയുടെയും പള്ളികളുടെയും ഭരണം വ്യവസ്ഥാപിതമാകണം. ഭരണീയർ ഭരണക്കാരെ അനുസരിക്കണം. സഭയിലെ മുകൾ മുതൽ അടിവരെയുള്ള സകലരും സഭയ്ക്ക് കീഴ്പ്പെടുകയും ചെയ്യണം. ഒരു വ്യവസ്ഥിതിയ്ക്കും കീഴ്പ്പെടാത്ത ഒരു വ്യക്തിയേയും സഭയിൽ ആവശ്യമില്ല. ജീവിതത്തെ ഒരു അഭിനയമാക്കി മാറ്റുന്ന തരത്തിലുള്ള ആത്മാർത്ഥതയില്ലായ്മ ഇന്നു വർദ്ധിച്ചുവരുന്നു. മനുഷ്യനു മനുഷ്യനെ കബളിപ്പിക്കുവാൻ കുറെയൊക്കെ കഴിയും. എന്നാൽ സകലവും അറിയുന്ന ദൈവത്തെ കബളിപ്പിക്കുക സാദ്ധ്യമല്ല. മനുഷ്യൻ മുഖം നോക്കുന്നു. ദൈവം അന്തരംഗത്തേയും.

*(ശേഷം പേജ് 9-ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

ആഗസ്റ്റ് മാസം പതിനഞ്ചാം തീയതിവരെ ശൂനോയോ നോമ്പ് നാം ആചരിച്ചു. പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ഏറ്റവും അനുഗ്രഹകരമായി നാം ആചരിച്ചു. എന്നാൽ ഈ നോമ്പ് ആചരണത്തിലൂടെയും, പെരുന്നാൾ ആചരണത്തിലൂടെയും, എത്ര മാത്രം വിശുദ്ധിയിലേക്ക് നമുക്ക് വളരുവാൻ സാധിച്ചു. അതുപോലെ ദൈവവുമായുള്ള ബന്ധത്തിൽ എത്രമാത്രം നാം ശക്തീകരിക്കപ്പെട്ടു. നോമ്പും പെരുന്നാളും ബാഹ്യമായി മാത്രം ആചരിക്കേണ്ട ഒന്നല്ല എന്നത് എപ്പോഴും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവ നമ്മുടെ ആത്മീയ ജീവിതത്തെ കൂടുതൽ ശക്തിയുള്ളതാക്കി മാറ്റണം. അത് നമ്മെ പരിവർത്തനത്തിലേക്ക് നയിക്കണം. കൂടുതൽ മെച്ചപ്പെട്ടവരായി നാം പരിണമിക്കുവാൻ അവ ഇടയാക്കുമ്പോൾ നോമ്പ് ആചരണവും, പെരുന്നാളുകളും കൂടുതൽ അർത്ഥവത്തായിത്തീരും.

ആഗസ്റ്റ് 29 ന് മോർ യൂഹാനോൻ മാംദാനയുടെ ശിരച്ഛേദത്തിന്റെ സ്മരണ നാം നിർവഹിക്കുന്നു. യേശുവിന്റെ മുന്നോടിയായി ദൈവികപദ്ധതിപ്രകാരം ജനിച്ച മോർ യൂഹാനോൻ മാംദാന എന്നും ക്രിസ്തീയ വിശ്വാസ ജീവിതത്തിന് മാതൃകയും വെല്ലുവിളിയുമാണ്. ധാർമ്മികത ഉയർത്തി എല്ലാവരും ജീവിക്കണം എന്ന് ഉത്ബോധിപ്പിച്ചതാണ് യോഹന്നാന്റെ ശ്രേഷ്ഠത. തന്റെ നിയോഗം ലോകത്തിന്റെ രക്ഷയ്ക്കായി ദൈവത്താൽ അയക്കപ്പെട്ടതാണെന്നത് ഉൾക്കൊണ്ടാണ് 'ഞാനോ കുറയണം, അവനോ വളരണം' എന്ന ആപ്തവാക്യം ലോകത്തിന് സമ്മാനിച്ച മോർ യൂഹാനോൻ നമുക്ക് മുമ്പിൽ മാതൃകയാകുന്നത്. അധാർമ്മികത ചൂണ്ടികാട്ടി പ്രവാചകശബ്ദമായി നിലനിന്ന് തന്റെ ജീവിതം രാജപത്നി അവസാനിപ്പിച്ചുവെങ്കിലും യൂഹാനോൻ നമുക്ക് ഒരു വെല്ലുവിളിയുമായി അവശേഷിക്കുന്നു. ഈ വർഷത്തെ മോർ യൂഹാനോന്റെ സ്മരണ നമ്മുടെ ജീവിതത്തെ കൂടുതൽ പ്രസക്തിയുള്ളതാക്കട്ടെ.

സെപ്റ്റംബർ മാസം 1 മുതൽ 8 വരെ ദൈവമാതാവിന്റെ ജനനപെരുന്നാളിനോട് അനുബന്ധിച്ച് എട്ടു ദിവസം നാം നോമ്പ് ആചരിക്കുന്നുണ്ടല്ലോ. ദൈവമാതാവിന്റെ നാമത്തിലുള്ള നോമ്പും പെരുന്നാളും മാതാവിന്റെ വിനയത്തിലേക്കും, സമർപ്പണ അനുഭവത്തിലേക്കും നമ്മെ നയിക്കണം. ദൈവഹിതത്തിനനുസരിച്ചുള്ള ജീവിതത്തിനായി നമ്മെ സമർപ്പിക്കേണ്ടതുണ്ട്.

ആഗസ്റ്റ് 15-ന് 78-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം നാം ആചരിച്ചുവല്ലോ. സ്വതന്ത്രഭാരതത്തിൽ ജാതി, മത വിശ്വാസങ്ങൾക്ക് അതീതമായി എല്ലാവർക്കും സ്വാതന്ത്ര്യത്തോടെയും, സാഹോദര്യത്തോടെയും ജീവിക്കാനുള്ള അവകാശമുണ്ട്. ഇത് സാധ്യമാകേണ്ടത് പരസ്പര ബഹുമാനത്തോടെ ആയിരിക്കണം. നമ്മുടെ വ്യക്തിജീവിതത്തിലും പരസ്പര ബഹുമാനവും സാഹോദര്യവും കാത്തുസൂക്ഷിക്കുവാൻ ഇടയാകണം.

കേരളത്തിന്റെ ആദരണീയനായ മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദൻ അവർകൾ നിര്യാതനായി. ജനമനസ്സുകളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു അദ്ദേഹം എന്ന് വിലാപയാത്ര മാധ്യമങ്ങളിൽ ദർശിച്ചവർക്ക് മനസ്സിലായി. അദ്ദേഹവുമായി പല വേദികൾ പങ്കിടുവാൻ സാധിച്ചത് സ്മരിക്കുന്നു. രാഷ്ട്രീയത്തിന് ഉപരി ജനത്തിനു നന്മമരമായി അദ്ദേഹം നമ്മുടെയെല്ലാം മനസ്സുകളിൽ പല മാതൃകകൾ അവശേഷിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ക്നാനായ സമുദായത്തിനുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

സൺഡേസ്കൂൾ സമാജത്തിനു പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തുവല്ലോ. മുൻഭാരവാഹികളുടെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമായിരുന്നു. ഇംഗ്ലീഷ് ഭാഷയിലേക്ക് പുസ്തകങ്ങൾ പരിഭാഷപ്പെടുത്തിയത് ഉൾപ്പെടെ അനേക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതിൽ സമുദായത്തിന്റെ അഭിനന്ദനം അവരെ അറിയിക്കുന്നു. പുതിയ ഭാരവാഹികൾക്ക് കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ ദൈവം സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

കഴിഞ്ഞ മാസത്തെ സമുദായ വാർത്ത പ്രസിദ്ധീകരിക്കുന്ന സമയത്ത് സമുദായ മെത്രാപ്പോലീത്തയുടെ സസ്പെൻഷൻ സംബന്ധിച്ചുള്ള കേസിൽ പാത്രിയർക്കീസ് ബാവായുടെ അപ്പിൽ കേരള ഹൈക്കോടതിയിൽ വാദം പൂർത്തിയായി വിധി വന്നിട്ടില്ലായിരുന്നു.

അകാരണമായി സമുദായ മെത്രാപ്പോലീത്തായുടെ മേൽ പാത്രിയർക്കീസ് ബാവാ എടുത്ത നടപടി (സസ്പെൻഷൻ) മുൻസിഫ് കോടതിയും, ജില്ലാകോടതിയും, സ്റ്റേ ചെയ്തത് വിശദമായ വാദം കേട്ടിട്ട് കേരള ഹൈക്കോടതിയും ശരിവച്ചിരിക്കുന്നു എന്ന സന്തോഷവാർത്തയാണ് ഈ മാസം അറിയിക്കുവാൻ ഉള്ളത്.

അപ്പീൽ കേസിൽ ഒ.പി. (സി) നമ്പർ 819/2025, ബഹു. കേരള ഹൈക്കോടതി ജഡ്ജി കെ. നടരാജൻ 11/07/2025 ൽ വിധി പ്രസ്താവിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്തയുടെമേൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ അധികാരപ്പെടുത്തിയിട്ടില്ലായെന്നും വിചാരണ കോടതി വിചാരണയ്ക്കിടെ തർക്കം പരിഗണിക്കേണ്ടതുണ്ട് എന്നും അതിന് പൂർണ്ണമായ വിചാരണ ആവശ്യമാണ് അതുവരെ, ഹർജിക്കാരൻ പുറപ്പെടുവിച്ച കല്പന സ്റ്റേ ചെയ്യുകയാണെന്നും കോടതി വിധിച്ചു.

പാത്രിയർക്കീസിന് ആത്മീയ മേധാവിത്വം മാത്രമേ ഉള്ളു, മറിച്ച് മെത്രാപ്പോലീത്തയുടെ ഭരണപരമായ ചുമതലകളില്ല. സഭാംഗങ്ങളാണ് മെത്രാപ്പോലീത്തയെ തിരഞ്ഞെടുത്തത്. പാത്രിയർക്കീസ് ഒരു ആത്മീയ നേതാവായതിനാൽ, അദ്ദേഹം മെത്രാപ്പോലീത്തയെ വാഴിക്കുന്നു. പക്ഷേ ആത്മീയ നേതാവിന്റെ/പാത്രിയർക്കീസിന്റെ അനുഗ്രഹം മാത്രമേ നേടുന്നുള്ളൂ. കൂടാതെ ക്നാനായ സമൂഹത്തിന്റെ തലവനായ മെത്രാപ്പോലീത്തയുടെ താൽക്കാലിക കാര്യങ്ങളിൽ അദ്ദേഹത്തിന് ഇടപെടാൻ കഴിയില്ല എന്നും കോടതി കണ്ടെത്തി. ക്നാനായ സമുദായ മെത്രാപ്പോലീത്തയ്ക്കുവേണ്ടി സീനിയർ അഡ്വ.കെ ജയകുമാറും, സന്ദീപ് ഏബ്രഹാം താമരപ്പള്ളിയും, സമുദായത്തിനുവേണ്ടി പോൾ ജേക്കബും, കേസിന്റെ വാദികൾക്കുവേണ്ടി സീനിയർ അഡ്വ. എസ്. ശ്രീകുമാറും ഹാജരായി.

കേരള ഹൈക്കോടതിയിൽനിന്നും 66 പേജുള്ള നിർണ്ണായകമായ ഒരു വിധി ക്നാനായ സമുദായത്തിന് അനുകൂലമായി ലഭിച്ചിരിക്കുകയാണ്. അതിനുകാരണമായി അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ സമുദായ മെത്രാപ്പോലീത്തായെ സസ്പെൻഡ് ചെയ്തതിന് എതിരെ 2024 മെയ് മാസത്തിൽ തുടങ്ങിയ നിയമ പോരാട്ടമാണ്. മുൻസിഫ് കോടതിയിലും, ജില്ലാ കോടതിയിലും അനുകൂലമായി ലഭിച്ച വിധി കേരള ഹൈക്കോടതിയും അംഗീകരിച്ചു.

സമുദായത്തെ സംബന്ധിച്ചിടത്തോളം ഒരു നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു ഈ നിർണ്ണായക നിയമ പോരാട്ടം. ധാരാളം സമുദായ അംഗങ്ങളുടെ പ്രാർത്ഥനയും അതുപോലെ ഊണും ഉറക്കവുമില്ലാതെ എറണാകുളത്ത് കേസ് നടത്തിയ അഡ്വ. സന്ദീപ് ഏബ്രഹാം താമരപ്പള്ളിയോടും, മിഥുൻ ഏബ്രഹാമിനോടും, മാത്തുക്കുട്ടി പാറേകുന്നുംപുറത്തിനോടും, സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിലിനോടും, ക്നാനായ കമ്മിറ്റിയിലെ മുഴുവൻ അംഗങ്ങളോടും, അതുപോലെ എറണാകുളത്ത് എത്തി കേസിനുവേണ്ടി പ്രവർത്തിച്ച മുഴുവൻ സമുദായ അംഗങ്ങളോടും, അസ്സോസിയേഷൻ അംഗങ്ങളോടും, കോട്ടയം മുൻസിഫ് കോടതിയിലും, കോട്ടയം ജില്ലാ കോടതിയിലും, ഈ കേസിനുവേണ്ടി അഹോരാത്രം പ്രയത്നിച്ച വില്ലി വടാമറ്റത്തിനോടും, തമ്പാൻ തോമസിനോടും, അസ്സോസിയേഷൻ അംഗങ്ങളോടും, എല്ലാ ദിവസവും കോടതി വരാന്തകളിൽ വന്നുനിന്ന ക്നാനായ കമ്മിറ്റി അംഗങ്ങളോടും കോട്ടയത്തെ സീനിയർ അഡ്വ. ജോജോ ജോസഫിനോടും, അഡ്വ. എം.സി. സ്കറിയായോടും, അഡ്വ. പ്രസിൻ ജോർജിനോടും, സമുദായത്തിന്റെ നിലനിൽപ്പിനുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിച്ച സമുദായ വലിയ മെത്രാപ്പോലീത്ത സേവേറിയോസ് തിരുമേനിയോടും, ഈ കേസിന്റെ വിജയത്തിനുവേണ്ടി ആത്മാർത്ഥമായി സഹായസഹകരണങ്ങൾ നടത്തിയ എല്ലാ സമുദായ അംഗങ്ങളോടുമുള്ള നന്ദി അറിയിക്കട്ടെ. അതുപോലെ സ്ത്രീകൾ ഉൾപ്പെടെയുള്ള സമുദായ അംഗങ്ങളുടെ പ്രാർത്ഥന ഉണ്ടായിരുന്നു എന്നത് വിസ്മരിച്ചു കൂടാ. അവരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഓർഡറിലെ പേജ് 14-ൽ പറയുന്നു സസ്പെൻഡ് ചെയ്യപ്പെട്ട സമുദായ മെത്രാപ്പോലീത്തയുടെ ചുമതല മറ്റ് സഹായമെത്രാന് കൊടുത്തത് നിയമപരമാണെന്നാണ് അവർ വാദിച്ചത്. അതുപോലെതന്നെ സൽമുസായിൽ ഒപ്പിട്ടു കൊടുത്തിട്ടുണ്ട് എന്നും അവർ വാദിച്ചു. ക്നാനായ ഭരണഘടനയുടെ 84 (സി)-ൽ പാത്രിയർക്കീസ് നിയമിച്ചു എന്നും അതിന് പാത്രിയർക്കീസിന് അധികാരം ഉണ്ട് എന്നും അവർ വാദിച്ചു. സമുദായ മെത്രാപ്പോലീത്ത സ്വമേധയാ പാത്രിയർക്കീസിന്റെ അധികാരത്തിന് കീഴടങ്ങി എന്നും അച്ചടക്ക നടപടി അംഗീകരിച്ചു എന്നും അവർ വാദിച്ചു.

സമുദായ മെത്രാപ്പോലീത്തായെ സസ്പെന്റ് ചെയ്തത് കോടതിയിൽ ചോദ്യം ചെയ്തിട്ടില്ല എന്നും പകരം പശ്ചാത്തപിക്കാനും, അനുതപിക്കാനും തയ്യാറാണെന്ന് എഴുതിക്കൊടുത്തു എന്നും അവർ വാദിച്ചു.

15-ാ മത്തെ പേജിൽ പറയുന്നത് പാത്രിയർക്കീസിന്റെ നിർദ്ദേശം പാലിക്കാനും അനുസരിക്കാനും സഭാ ഭരണഘടനയ്ക്കും സമുദായ ഭരണഘടനയ്ക്കും അനുസൃതമായി തന്റെ കടമകൾ നിർവ്വഹിക്കാനും സിവിൽ നിയമങ്ങൾ പാലിക്കുവാനും എപ്പോഴും സന്നദ്ധനാണെന്ന് സമുദായ മെത്രാപ്പോലീത്ത എഴുതിക്കൊടുത്തു എന്നും അവർ വാദിച്ചു. കൂടാതെ പതിനഞ്ചാമത്തെ പേജിൽ പറയുന്നത് പാത്രിയർക്കീസിന്റെ നിർദ്ദേശം പാലിക്കാനും, പാത്രിയർക്കീസ് ബാവായ്ക്ക് ക്നാനായ ഭരണഘടനയുടെമേൽ അധികാരം ഉണ്ടെന്നും അത് യൂണിവേഴ്സൽ ഓർത്തഡോക്സ് ഭരണഘടനയും കാനോൻ നിയമങ്ങൾ അനുസരിച്ചും പ്രവർത്തിക്കുവാൻ അധികാരം ഉണ്ടെന്നും സുപ്രീംകോടതി വിധിച്ചിട്ടുണ്ട് എന്നും അവർ വാദിച്ചു.

പാത്രിയർക്കീസ് ബാവായ്ക്ക് സഹായമെത്രാനെ സമുദായ മെത്രാനായി നിയമിക്കുവാൻ അധികാരമുണ്ടെന്നും വാദി

ച്ചു. വിധിയുടെ പതിനാറാമത്തെ പേജിൽ പറയുന്നു മെത്രാപ്പോലീത്ത ഭരണപരമായും ആത്മീയവുമായി എടുക്കുന്ന തീരുമാനത്തിനെതിരെ പാത്രിയർക്കീസിന് അപ്പീൽ നൽകാം എന്നും അവർ വാദിച്ചു.

ഇക്കാര്യങ്ങൾ ജില്ലാകോടതി ഉത്തരവിന്റെ 31 ഖണ്ഡികയിൽ പരിഗണിച്ചിട്ടില്ല എന്നാണ് അവർ വാദിച്ചത്. പിന്നീട് 17–ാ മത്തെ പേജ് നോക്കുകയാണേൽ പാത്രിയർക്കീസ് പുറപ്പെടുവിക്കുന്ന ഏത് കല്പനകളും അനുസരിക്കാൻ സമുദായ മെത്രാപ്പോലീത്തായും സഹായ മെത്രാന്മാരും ക്നാനായ അസ്സോസിയേഷനും ഭരണഘടന പ്രകാരം അനുസരിക്കണം എന്നുമാണ് അവർ വാദിച്ചത്. കൂടാതെ 2020 ലെ ഒ.പി.സി. നമ്പർ 7096 ലെ വിധിപ്രകാരം സമുദായ മെത്രാപ്പോലീത്തായെ നിയമിക്കുന്നത് പാത്രിയർക്കീസ് ആണെന്ന് വാദിച്ചു. ജില്ലാ കോടതി ഇത് ശരിവെച്ചു എന്നും സുപ്രീം കോടതിയിൽ എസ്.എൽ.പി. തള്ളുകയും ചെയ്തു അതിനാൽ താഴത്തെ കോടതികളുടെ വിധികൾ നിലനിൽക്കുകയില്ല എന്നു മാത്രമല്ല കീഴ്ക്കോടതി അതിൽ പരാജയപ്പെട്ടു എന്നുമാണ് അവർ വാദിച്ചത്.

കോടതിവിധിയുടെ പന്ത്രണ്ടാമത്തെ പേജ് ഏഴാം ഖണ്ഡികയിൽ പ്രത്യേകമായി പറയുന്നു ജില്ലാ ജഡ്ജിയും മുൻസിഫ് കോടതിയും പുറപ്പെടുവിച്ച ഉത്തരവ് തികച്ചും നിയമ വിരുദ്ധവും വികലവും നിലനിൽക്കാൻ കഴിയാത്തതും ആണെന്ന് പാത്രിയർക്കീസ് ബാവായുടെ അഡ്വക്കേറ്റ് വാദിച്ചു.

താഴെയുള്ള കോടതികൾ ക്നാനായ സമുദായ ഭരണഘടനയിലെ വ്യവസ്ഥകളെ പൂർണ്ണമായും തെറ്റായതും അസംബന്ധമായ രീതിയിൽ വ്യാഖ്യാനിച്ചു. 2003 ലെ ക്നാനായ ഭരണഘടന ആമുഖം, ആർട്ടിക്കിൾ 4–ൽ 66, ആർട്ടിക്കിൾ 83 (സി), ആർട്ടിക്കിൾ 84 (2), ആർട്ടിക്കിൾ 98 (എ), ആർട്ടിക്കിൾ 104, ആർട്ടിക്കിൾ 116 (എ) എന്നിവയിൽ പാത്രിയർക്കീസിന്റെ പരമോന്നത അധികാരത്തെ വ്യക്തമായി അംഗീകരിക്കുകയും സംശയത്തിന്റെ നിഴലില്ലാതെ വിവരിക്കുകയും ചെയ്തിട്ടുണ്ട്. ക്നാനായ ഭരണഘടനപ്രകാരം പാത്രിയർക്കീസ് ബാവയ്ക്ക് സമുദായ മെത്രാപ്പോലീത്തയെ നിയമിക്കുന്നതിന് അധികാരം ഉണ്ട് എന്നും അദ്ദേഹത്തെ ക്നാനായ സമുദായത്തിന്റെ മെത്രാപ്പോലീത്തയായി പാത്രിയർക്കീസ് നിയമിച്ചു എന്നും ആയതിനാൽ ക്നാനായ ഭരണഘടനയുടെ 84(2) വകുപ്പ് പ്രകാരം മെത്രാപ്പോലീത്തയുടെമേൽ നടപടിയെടുക്കുവാൻ പാത്രിയർക്കീസിന് അധികാരം ഉണ്ട് എന്നും നിയമിക്കാമെങ്കിൽ പിരിച്ചുവിടുവാനും സസ്പെൻഡ് ചെയ്യുവാനുമുള്ള അധികാരം ഉണ്ട്. ഇതൊന്നും കണക്കാക്കാതെയാണ് മുൻസിഫ് കോടതിയും ജില്ലാ കോടതിയും ഉത്തരവ് ഇറക്കിയിരിക്കുന്നത്. അതുകൊണ്ട് ഈ കേസ് നിലനിൽക്കുക ഇല്ല. അതുപോലെ തന്നെ ലോക്കൽ സ്റ്റാൻഡ് ഇപ്പോൾ സമുദായ അംഗങ്ങൾ കൊടുത്തിരിക്കുന്ന ഈ കേസിന് നിലനിൽപ്പ് ഇല്ല എന്നും സമുദായ മെത്രാപ്പോലീത്ത ആയിരുന്നു കേസ് കൊടുക്കേണ്ടതെന്നും ആയതുകൊണ്ട് ഈ കേസ് തള്ളിക്കളയണം. പതിമൂന്നാമത്തെ പേജിൽ കൃത്യമായി ലോക്കൽ സ്റ്റാൻഡില്ല എന്നാണവർ വാദിച്ചത്.

പ്രിയപ്പെട്ടവരെ, സമുദായത്തിന് എതിരായി ഏതെല്ലാം നിലയിലുള്ള സ്റ്റാൻഡുകൾ എടുക്കാമോ അത് മുഴുവൻ അവർ എടുക്കുകയും അവർ എടുത്ത എല്ലാ ആർഗ്യൂമെന്റുകളും ഇപ്പോഴത്തെ ഈ ജഡ്ജ്മെന്റിൽ വിശദമായി ജഡ്ജി എഴുതിച്ചേർത്തിട്ടുണ്ട്. ഇവരുടെ ഈ ആർഗ്യൂമെന്റിനു ശേഷം സമുദായത്തിന്റെ സീനിയർ അഡ്വക്കേറ്റുമാർ വിശദമായി പഠിച്ചതിനുശേഷം സമുദായ മെത്രാപ്പോലീത്തയ്ക്ക് പാത്രിയർക്കീസ്ബാവ പുറപ്പെടുവിച്ച കല്പന നിയമപ്രകാരം നിലനിൽക്കുകയില്ല എന്നും പാത്രിയർക്കീസിന് ആത്മീയ മേൽക്കോയ്മ മാത്രമെ ഉള്ളു എന്നും സമുദായ മെത്രാപ്പോലീത്തായെ ഭരണഘടനാപരമായ ചുമതലകളിൽനിന്നും മാറ്റി നിർത്താൻ പാത്രിയർക്കീസിന് അധികാരം ഇല്ല എന്നും വാദിച്ചു.

കൂടാതെ ക്നാനായ സമുദായത്തിന്റെ തലവനായ മെത്രാപ്പോലീത്തയുടെ ലൗകിക കാര്യങ്ങളിൽ പാത്രിയർക്കീസിന് ഇടപെടാൻ കഴിയുകയില്ല എന്ന് വാദിക്കുകയും കേസ് ഫയൽ ചെയ്തിരിക്കുന്നത് ക്നാനായ സമുദായ അംഗങ്ങൾ ആണെന്നും ക്നാനായ സമുദായ മെത്രാപ്പോലീത്ത പുറപ്പെടുവിക്കുന്ന കല്പനകൾ ക്നാനായ സമുദായ അംഗങ്ങൾക്ക് ബാധകമായതിനാൽ അവർക്ക് കേസ് കൊടുക്കുവാൻ അധികാരം ഉണ്ട് എന്നും വാദിക്കുക ഉണ്ടായി.

അതിന് അനുസൃതമായി CPC യുടെ നിയമങ്ങളും ഉത്തരവുകളും ഹാജരാക്കുക ഉണ്ടായി. അതുപോലെ 1958 ലെയും 1995 ലെയും 2017 ലെയും സുപ്രീം കോടതി വിധികൾ കോടതിയെ വായിച്ചു കേൾപ്പിക്കുകയും അതിന്റെ പ്രധാനപ്പെട്ട രേഖകൾ ഫയൽ ചെയ്യുകയും ചെയ്തു. തന്നെയുമല്ല ക്നാനായ സമുദായ ഭരണഘടന സുപ്രീം കോടതി അംഗീകരിച്ചതാണെന്ന് ഹൈക്കോടതിയെ ബോധ്യപ്പെടുത്തുവാൻ നമ്മുടെ സീനിയർ അഡ്വക്കേറ്റുമാർക്ക് സാധിച്ചു.

ക്നാനായ സമുദായ ഭരണഘടനപ്രകാരം സമുദായ മെത്രാപ്പാലീത്തയുടെ ഭരണപരമായ ചുമതലകൾ നിർത്തി വയ്ക്കുകയോ മെത്രാപ്പോലീത്തയ്ക്ക് എതിരായി നടപടി സ്വീകരിക്കുകയോ ചെയ്യുവാൻ പാടില്ല എന്ന് നമ്മുടെ സീനിയർ അഡ്വക്കേറ്റുമാർ വാദിക്കുകയുണ്ടായി. അത് പേജ് നമ്പർ 21 ൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

22, 23 എന്നീ പേജുകൾ വായിച്ചാൽ കൃത്യമായി നമ്മുടെ അഡ്വക്കേറ്റുമാർ കേസ് പഠിച്ചതിനുശേഷം 20/07/1889 ൽ പാസ്സാക്കിയ റോയൽ കോർട്ട് ഫൈനൽ അപ്പീലിന്റെ വിധി വരെ കോടതിയെ ബോധ്യപ്പെടുത്തുവാൻ നമ്മുടെ അഡ്വക്കേറ്റുമാർക്ക് സാധിച്ചു എന്നുള്ളത് ഏറ്റവും ശ്ലാഘനീയമായ കാര്യമാണ്. P M A മെത്രാപ്പോലീത്തൻ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഓർഡറുകളും അതുപോലെ തന്നെ റോയൽ കോർട്ട് തിരുവിതാംകൂർ ഫൈനൽ അപ്പീലിന്റെ അന്തിമ വിധി ന്യായം മുതൽ ഹാജരാക്കാൻ പറ്റിയത് ശ്ലാഘനീയമായ കാര്യം തന്നെയാണ്. ഈ വിധിയിലെ 24, 25, 26, 27, 28 തുടങ്ങി അവസാനിക്കുന്നതുവരെയും വായിച്ചാൽ കൃത്യമായി നമ്മുടെ ലീഗൽ ടീം അവിടെ നിരത്തിയിരിക്കുന്നത് എല്ലാവർക്കും മനസ്സിലാക്കുവാനും കോടതിയെ ബോധിപ്പിക്കുവാനും ആയിട്ട് സാധിച്ചു എന്നുള്ളത് ഏറ്റവും വലിയ കാര്യമായി നമ്മൾ കണക്കാക്കണം.

ഈ കേസുകളുടെ എല്ലാം മലയാള പരിഭാഷ സോഷ്യൽ മീഡിയകളിൽ ഇപ്പോൾ ലഭ്യമാണ്. ആവശ്യമുള്ളവർക്ക് അത് അയച്ചു തരുന്നതുമാണ്. ഈ കേസിന്റെ ട്രയൽ പൂർത്തിയായി അന്തിമവിധി വരുന്നതുവരെയും പാത്രിയർക്കീസ് ബാവായുടെ കല്പന ബഹു. കേരളാ ഹൈക്കോടതി ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയാണ്. ഞാൻ ഇത്രയും വിശദമായി എഴുതുവാൻ കാരണം ക്നാനായ സമുദായത്തിന് എതിരായി ഇതിൽ കൂടുതൽ ഇനിയും ഒന്നും സഹായമെത്രാച്ചന്മാർക്കും പാത്രിയർക്കീസ് ബാവായ്ക്കും കോടതിയിൽ വാദിക്കുവാൻ ഇല്ല എന്നിട്ടും സമുദായത്തിന് അനുകൂലമായി ചരിത്രവിധി വന്നുവല്ലോ.

ഈ ലേഖനം തയ്യാറാക്കുമ്പോൾ സോഷ്യൽ മീഡിയയിൽ കാണുവാൻ ഇടയായി സുപ്രീംകോടതിയിൽ പാത്രിയർക്കീസ്ബാവ അപ്പീൽ ഫയൽ ചെയ്യും എന്ന്. 3 കോടതിക

ളിൽനിന്നും സമുദായത്തിന് അനുകൂലമായി വിധി ലഭിച്ചതി നുശേഷം വീണ്ടും സുപ്രീംകോടതിയിൽ പോയി സമുദായ ത്തിനെ ദ്രോഹിക്കുന്നവരോട് ദൈവം ക്ഷമിക്കട്ടെ എന്ന് മാത്രമേ ഇപ്പോൾ പറയാനുള്ളു. സുപ്രീംകോടതിയിൽ സമു ദായം കവിയറ്റ് ഫയൽ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം എല്ലാ വരേയും അറിയിക്കുന്നു.

ക്നാനായ സമുദായത്തിൽ സമാധാനം ഉണ്ടാക്കുന്നതി നുവേണ്ടി വിട്ടുവീഴ്ചയിലൂടെ ഒരിക്കൽക്കൂടി സമുദായ ത്തിന്റെ ഐക്യം പുന:സ്ഥാപിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്ന് മാത്രമേ ക്നാനായ കമ്മിറ്റിക്കു ആഹ്വാനം ചെയ്യുവാനുള്ളു. ക്നാനായ സമുദായത്തിനും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായ്ക്കും ഒരു പ്രതിസന്ധി വന്നപ്പോൾ ധൈര്യമായി മുമ്പോട്ട് വന്ന് കേസ് കൊടുത്ത ശ്രീ. ഏബ്രഹാം ജോസഫ് എഴുമായിലിനോടും ശ്രീ. ലിൻസോ ഇളവൻകുളത്തിനോടുമുള്ള സമുദായത്തിന്റെ നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു. ക്നാനായ സമു ദായത്തിന്റെ ഭരണഘടന നിർമ്മിക്കുന്നത് ക്നാനായ അസ്സോസിയേഷൻ ആണ്. ആ ക്നാനായ അസ്സോസിയേ ഷൻ ആണ് വർഷങ്ങൾക്ക് മുമ്പ് NAKC എന്ന അമേരിക്ക യിലെ സംഘടനയെ നിർവീര്യമാക്കി ക്യാൻസൽ ചെയ്ത് പ്രവർത്തനരഹിതമാക്കിയത്.

സമുദായത്തിന്റെ അംഗീകാരമില്ലാത്ത ഈ സംഘടന യുടെ മീറ്റിംഗിൽ സമുദായത്തിലെ 3 സഹായ മെത്രാന്മാർ ക്നാനായ സമുദായമോ ക്നാനായ സമുദായ മെത്രാപ്പോ ലീത്തായോ ക്നാനായ അസ്സോസിയേഷനോ അറിയാതെ അമേരിക്കയിൽപോയി പങ്കെടുത്തു എന്ന് അറിയുവാൻ കഴിഞ്ഞു. അത് സമുദായത്തിൽ വിഭാഗീയത ഉണ്ടാക്കി സമു ദായത്തിനെ പിളർത്തുന്നതിനുവേണ്ടിയുള്ള ശ്രമമായി കാണേണ്ടിയിരിക്കുന്നു. ഇത് വളരെ ഗൗരവമായി ആണ് സമു ദായം കാണുന്നത്.

മലങ്കരയിൽ ഏത് രൂപത്തിൽ കാര്യങ്ങൾ നടന്നാലും അത് ഇവിടെ ജനിച്ചുവളർന്ന അമേരിക്കൻ പാസ്പോർട്ട് ഉള്ളതായ കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ബാധകമല്ല എന്നും ഇനിമുതൽ അമേരിക്കയിലെ കാര്യങ്ങൾ നോർത്ത് അമേരി ക്കൻ കമ്മ്യൂണിറ്റിയുടെ അസ്സോസിയേഷൻ തീരുമാനിക്കും എന്നും സഹായമെത്രാൻ സിൽവാനോസ് പ്രസംഗിക്കുന്നത് കേൾക്കുകയുണ്ടായി. ക്നാനായ ഭരണഘടനയേയും ക്നാനായ അസ്സോസിയേഷനെയും വെല്ലുവിളിക്കുന്നത് ആയിട്ടാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്. ഒരു കാരണ വശാലും ഇത് അംഗീകരിക്കുവാൻ സാധ്യമല്ല.

ക്നാനായ സമുദായത്തിലെ സഹായ മെത്രാന്മാർ നട്ടാൽ കിളിർക്കാത്ത നുണകളാണ് പ്രസംഗിച്ചത് എന്നറിയുവാൻ കഴിഞ്ഞു. സഹായ മെത്രാന്മാരെ സമുദായത്തിലെ പ്രശ്ന ങ്ങൾ തീർക്കുന്നതിനുവേണ്ടി ക്ഷണിച്ചിട്ടില്ല എന്നാണ് അവർ അവിടെ പറഞ്ഞു വെച്ചിരിക്കുന്നത്. ഇതൊക്കെ ശ്രേഷ്ഠ ആചാര്യന്മാർക്ക് ചേർന്നതാണോ, അല്ലയോ എന്നുള്ളത് സമുദായ ജനം വിലയിരുത്തട്ടെ.

ഏറ്റവും ഒടുവിൽ ക്നാനായ അസ്സോസിയേഷനിൽ 'സമു ദായത്തിലെ വിഷയങ്ങൾ' പറഞ്ഞ് തീർക്കുന്നതിനുവേണ്ടി, ക്നാനായ കമ്മിറ്റിയേയും വൈദിക കൗൺസിലിനെയും ചുമ തലപ്പെടുത്തി. അത് ലൈവിൽ എല്ലാവരും കണ്ടതാണ്, ഇപ്പോഴും കിടപ്പുണ്ട്. അതനുസരിച്ച്, വൈദിക കൗൺസിലും കമ്മിറ്റിയും കൂടി സംയുക്തമായി സഹായ മെത്രാന്മാർക്ക് ലെറ്റർ അയച്ചു. ലെറ്ററിന്റെ കോപ്പിയും ഉണ്ട്. എന്നിട്ട് അതെല്ലാം മനപ്പൂർവ്വം മറച്ചുവെച്ചുകൊണ്ട്, "ഞങ്ങളെ കോംപ്രമൈസിന് വിളിച്ചില്ല, വിളിച്ചില്ല എന്ന് നുണ മാത്രം പറയുന്നു." 15 ഇന കല്പനയുമായി ബന്ധപ്പെട്ട്, രണ്ടാ യിരത്തി ഇരുപതിൽ (2020) ആദ്യത്തെ കോംപ്രമൈസ് വന്ന പ്പോൾ തന്നെ നിഷേധാത്മക നിലപാടാണ് സഹായകന്മാർ എടുത്തത്. "പാത്രിയർക്കീസിന്റെ കല്പനയിലെ ഒരു വള്ളി യോ, പുള്ളിയോ മാറ്റിയാൽ കോംപ്രമൈസിന് ഞങ്ങൾ തയ്യാ റല്ല" എന്ന് പറഞ്ഞ് വൈദിക കൗൺസിലും, ക്നാനായ കമ്മ റ്റിയും ചേർന്ന് ഉണ്ടാക്കിയ സെറ്റിൽമെന്റ് തുറന്നുപോലും നോക്കാതെ ഇറങ്ങിപ്പോയി. ഈ നിലപാട് മാറ്റാതെ എങ്ങ നെയാണ് സഹായമെത്രാന്മാരുമായി ഇനി കോംപ്രമൈസ് ഉണ്ടാക്കുന്നത് എന്ന് അവർ തന്നെ പറയട്ടെ!

ക്നാനായ സമുദായ മെത്രാപ്പോലീത്തായെ ഇല്ലായ്മ ചെയ്യുവാൻ സഹായപക്ഷവും സഹായ മെത്രാന്മാരും ശ്രമം തുടങ്ങിയിട്ട് വർഷങ്ങളായി. ഏറ്റവും ഒടുവിൽ കുറിച്ചി പള്ളി യിൽ കുർബ്ബാനയ്ക്ക് ചെന്ന തിരുമേനിയെ അപായപ്പെടുത്തു വാൻ ആളിനെ ഏർപ്പാടാക്കി സ്വയമേ രക്തച്ചൊരിച്ചിൽ നടത്തി കേസിൽ കുടുക്കി മെത്രാപ്പോലീത്തായേയും കുറി ച്ചിപള്ളി സമുദായ സ്നേഹികളെയും തുറുങ്കിൽ അടയ്ക്കു വാൻ ഉള്ള ഗൂഢാലോചനാശ്രമം സമുദായ നേതൃത്വം വിദ ഗ്ധമായി ലീഗ്ലായി കൈകാര്യം ചെയ്തു.

കുറിച്ചിപള്ളി സമുദായ സ്നേഹികളെ ജയിലിൽ ഇടു വാനുള്ള ഗൂഢാലോചനയുടെ ഭാഗമായി ഹൈക്കോടതിവരെ മുൻകൂർ ജാമ്യം നിഷേധിച്ചിട്ടും സുപ്രീംകോടതിയിൽ പോയി ജാമ്യം അനുവദിച്ച് ഓർഡർ വാങ്ങുകയും സമുദായ മെത്രാ പ്പോലീത്തായുടെമേൽ ചുമത്തിയ എഫ്. ഐ.ആർ നില നിൽക്കുകയില്ലായെന്ന് ബോദ്ധ്യമായ പോലീസ് തന്നെ എഴുതിക്കളഞ്ഞിട്ടും അതിനെതിരെ സഹായ പക്ഷം കേരള ഹൈക്കോടതിയിൽ പോയിട്ടും എഫ്.ഐ.ആർ. നിലനിർത്തു വാൻ അവർക്ക് സാധിച്ചില്ല. പിന്നെ സമുദായ മെത്രാപ്പോലീ ത്തായെ എങ്ങനെ പെടുത്താം എന്ന ചിന്തയായി അതിന്റെ ഭാഗമായി തേർഡ് ഐ. ശ്രീകുമാർ എന്ന ചാനലുകാരനെ കൊണ്ട് 2021-ൽ സമുദായ മെത്രാപ്പോലീത്തായ്ക്കും ഫാർമസി കോളേജിനും എതിരെ കൊടുത്ത കംപ്ലൈന്റ് പൊടി തട്ടിയെടുത്ത് 2024-ൽ വിജിലൻസിനെകൊണ്ട് പ്രാഥ മിക അന്വേഷണം നടത്തുവാൻ ഹൈക്കോടതിയിൽ നിന്നും ഉത്തരവാക്കി.

ഈ കേസിൽ സമുദായ മെത്രാപ്പോലീത്തായേയും ഫാർമസി കോളേജ് ഭാരവാഹികളെയും പ്രതിയാക്കിയിട്ടുണ്ട് എങ്കിലും അവർക്ക് നോട്ടീസ് അയക്കാത്ത രീതിയിലാണ് വിദഗ്ധമായി കേസ്ഫോം ചെയ്തത്. ആയതിനാൽ സമു ദായ മെത്രാപ്പോലീത്തായ്ക്കോ സമുദായ നേതൃത്വത്തിനോ ഇങ്ങനെ ഒരു കേസുള്ളതായി ഒരു വിവരവും ലഭിച്ചിരുന്നി ല്ല. വിജിലൻസ് പ്രാഥമിക അന്വേഷണത്തിന് വരുമ്പോൾ മാത്രമാണ് ഇക്കാര്യങ്ങൾ സമുദായം അറിയുന്നത്.

ഇപ്പോൾ റീബു സെക്രട്ടറിയായും എരുത്തിപ്പാട്ട് അച്ചൻ മാനേജരായും ഇരുന്ന 2015/2018 കാലയളവിൽ നിരപരാധി യായ അച്ചനെകൂടി ഉൾപ്പെടുത്തി ഫാർമസി കോളേജിൽ ക്രമ ക്കേട് നടന്നിട്ടുണ്ട് എന്ന് പ്രാഥമിക കണ്ടെത്തലുകളുടെ അടി സ്ഥാനത്തിൽ വിജിലൻസ് എഫ്.ഐ.ആർ. ഇട്ട് അന്വേഷണം ആരംഭിച്ചിരിക്കുന്നു. അതിൽ സമുദായ മെത്രാപ്പോലീത്തായെ കോളേജിന്റെ പ്രസിഡന്റ് എന്ന നിലയ്ക്ക് പ്രതിയാക്കിയിട്ടു ണ്ടെന്നുള്ള വിവരം സഹായപക്ഷ വക്കിൽ എഫ്.ഐ.ആർ. പുറത്ത് വിടുമ്പോഴാണ് സുമുദായം അറിയുന്നത്.

കോളേജിലെ പണമിടപാടുകളും ആയി സമുദായ മെത്രാ പ്പോലീത്തായ്ക്ക് യാതൊരു ബന്ധവുമില്ല. അതിന്റെ ഉത്തര വാദിത്വം അവിടെ പണം ഇടപാടുകൾ നടത്തുന്നവർക്കാണ്.

എന്തായാലും സമുദായത്തിന്റെ ഒരു സ്ഥാപനത്തെ ഇല്ലായ്മ ചെയ്യുവാൻ ആരെയും അനുവദിക്കില്ല. അതിനെ ശക്തമായി സമുദായം നേരിടുക തന്നെ ചെയ്യും.

കുറിച്ചി പള്ളിയിൽ സമുദായ മെത്രാപ്പോലീത്തായെ പെടുത്താൻ നോക്കിയതുപോലെ മാത്രമായിരിക്കും ഇതും. കോളേജിനും സമുദായ മെത്രാപ്പോലീത്തായ്ക്കും ഒന്നും സംഭവിക്കുകയില്ല. അതിനുള്ള ലീഗൽ റെമഡി സമുദായം എടുക്കുന്നതായിരിക്കും എന്നും അറിയിക്കട്ടെ.

ഭരണഘടനാപരമായി ക്നാനായ അസ്സോസിയേഷൻ ഓഗസ്റ്റ് 31 ന് മുമ്പ് വാർഷിക റിപ്പോർട്ടും കണക്കും പാസ്സാക്കേണ്ടതുണ്ട്. ആയതിനാൽ ഓഗസ്റ്റ് മാസം 31 ന് മുമ്പായി ക്നാനായ അസോസിയേഷൻ കൂടും എന്നുള്ള വിവരവും എല്ലാവരെയും അറിയിക്കുന്നു.

ക്നാനായ സമുദായ സെക്രട്ടറി
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

ബഹു. വികാരി അച്ചാ,

ക്ഷേമമെന്നു കരുതുന്നു. മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് ബഹു.അച്ചനും നിർവ്വാഹകസമിതിയും പള്ളി കോ-ഓർഡിനേറ്ററും നൽകി വരുന്ന സഹകരണങ്ങൾക്ക് ആദ്യമേ നന്ദി പ്രകാശിപ്പിക്കട്ടെ. കഴിഞ്ഞ സാമ്പത്തിക വർഷം ട്രസ്റ്റിന്റെ ഗുണഭോക്താക്കളിൽ നിന്ന് വേണ്ടവിധം സഹകരണം ലഭിച്ചു. അതിന്റെ ഫലമായി 40 ലക്ഷം രൂപയോളം തിരികെ ലഭിക്കുകയും അത്രയും തന്നെ തുക 163 വിദ്യാർത്ഥികൾക്ക് ലോൺ കൊടുക്കുവാനും സാധിച്ചു. വർഷങ്ങളായി കുടിശിഖ വരുത്തിയിട്ടുള്ളവർ തവണകളായിയെങ്കിലും തുക തിരികെ അടയ്ക്കുവാൻ പ്രേരിപ്പിക്കണമെ.

കഴിഞ്ഞ ആഗസ്റ്റ് മാസം നടത്തിയ 'മോർ സേവേറിയോസ് ദിന കവർപിരിവ്' ഇനത്തിൽ 25 പള്ളികളിൽ നിന്ന് Rs.2,56,561/- രൂപാ ലഭിച്ചു. പല പള്ളികളിലും ലഭിച്ച തുക ട്രസ്റ്റിന്റെ ഓഫീസിൽ ഇതുവരെയുംഎത്തിയിട്ടില്ല എന്ന കാര്യം വ്യസനത്തോടെ അറിയിക്കട്ടെ. പള്ളികളിൽ ലഭിച്ച തുക എത്രയും വേഗം ട്രസ്റ്റിന്റെ ഓഫീസിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ വർഷത്തെ കവർപിരിവ് 2025 ആഗസ്റ്റ് മാസത്തിന്റെ അവസാന ഞായറാഴ്ചയായ 31-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വർഷവും കവറുകൾ പള്ളികളിൽ എത്തിക്കുന്നതാണ്. ബഹു. അച്ചൻ അന്നേദിവസം ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പള്ളിയിൽ പ്രസ്താവിക്കുകയും നിർവ്വാഹകസമിതിയുടേയും പള്ളി കോ- ഓർഡിനേറ്ററുടേയും സഹകരണത്തോടുകൂടി കവർ പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു. കോ-ഓർഡിനേറ്റർ ഇല്ലായെങ്കിൽ ഈ സ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കുവാനും താൽപര്യം കാണിക്കണമേ. ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് നൽകി വരുന്ന എല്ലാ നല്ല സഹകരണങ്ങൾക്കും ഒരിക്കൽ കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ട്

സസ്നേഹം

എക്സിക്യൂട്ടീവ് ട്രസ്റ്റികൾ
**ഫാ. കെ.കെ. ഏബ്രഹാം,**
**കുറ്റിയിൽ**
(9447360743)
**തമ്പാൻ തോമസ്,**
**കോളഭാഗത്ത്**
(9447216944)

(ബഹു.വികാരിമാർക്ക് അയച്ചുകൊടുത്ത കത്തിന്റെ കോപ്പിയാണിത്)

# ശൂനോയോ നോമ്പ്

ശൂനോയോ എന്ന വാക്കിന് വാങ്ങിപ്പ് എന്നാണ് അർത്ഥം. താൻ ആരിൽ നിന്ന് ശരീരം പ്രാപിച്ചുവോ ആ പരിശുദ്ധ ശരീരം മണ്ണിൽ അഴുകിപ്പോകുവാൻ ഇടയാകാതെ അതിനെ യേശു മിശിഹാ സ്വർഗ്ഗത്തിലേയ്ക്ക് എടുത്തുകൊണ്ടുപോയ ദിനമാണ് നാം ശുദ്ധമുള്ള ശൂനോയോ പെരുന്നാളായി കൊണ്ടാടുന്നത്. അതായത് പരി. ദൈവമാതാവിന്റെ വാങ്ങിപ്പിന്റെ സ്മരണാർത്ഥമാണ് സഭ ശൂനോയോ നോമ്പ് ആചരിക്കുന്നത്.

വി.സഭ ദൈവമാതാവിന്റെ ശൂനോയോ അഥവാ വാങ്ങിപ്പ് ഭക്തി ആദരവോടുകൂടെ ആചരിക്കുന്നത് ആഗസ്റ്റ് 1 മുതൽ 15 വരെ ആണ്. വി. ദൈവമാതാവ് ലോകത്തിൽ നിന്ന് എടുക്കപ്പെട്ടതിന്റെ സ്മരണാർത്ഥം അപ്പോസ്തോലിക കാലം മുതൽ സഭ ഈ നോമ്പ് ആചരിക്കുന്നു. സഭയിൽ വി. ദൈവമാതാവിന്റെ സ്ഥാനം പരിശുദ്ധന്മാരിലും വലുതാണ്. ലോകരക്ഷകനായ യേശുമിശിഹാ മനുഷ്യനായി അവതരിക്കുവാൻ മുഖാന്തരമായത് മാതാവിൽക്കൂടെ ആയിരുന്നു. അതിനാൽ വി. കന്യക മറിയാമിന് “ദൈവപ്രസവിത്രി/ദൈവത്തെ വഹിച്ചവൾ” എന്ന സ്ഥാനമാണ് സഭയിൽ ഉള്ളത്. മാനവ രക്ഷാപദ്ധതിയിലെ വിശുദ്ധന്മാരിൽ ഒന്നാം സ്ഥാനം ദൈവമാതാവിനാണ്. എരിഞ്ഞു പോകാത്ത മുൾമരമെന്ന് പ്രതീകാത്മകമായ് നിത്യകന്യകയായ മാതാവിനെ വിളിക്കുന്നു. വി. മാതാവിന്റെ മാധ്യസ്ഥം നമുക്കേവർക്കും കോട്ടയായിരിക്കട്ടെ.

***എഡിറ്റോറിയൽ***
*(പേജ് 4 തുടർച്ച)*

യാഥാർത്ഥ്യത്തിന്റെ അഭാവമാണ് സഭയുടെ പരാജയത്തിന്റെ ഒരു പ്രധാന കാരണം. മതവിശ്വാസം വളരെ കുറഞ്ഞ ഒരു തലമുറയാണ് ഇന്നുള്ളത്. കഴമ്പില്ലാത്ത ചില ആചാരാനുഷ്ഠാനങ്ങളും അധരസേവയായ ആരാധനകളും സ്വാർത്ഥതാല്പര്യവും വഴക്കും വടംവലികളുമാണ് അവർ കാണുന്നത്. സഭ വീണ്ടെടുക്കേണ്ട ലോകം സഭയിൽ നിന്ന് അകന്നുപോകുന്നു. അതിന് ഉത്തരവാദിത്വം സഭയ്ക്കു തന്നെ. സഭയുടെ ആത്മീകപാപ്പരത്വം ഒരു രഹസ്യമായി വളരെനാൾ വച്ചുകൊണ്ടിരിക്കുക സാദ്ധ്യമല്ല. അങ്ങനെതന്നെ വ്യക്തികളുടേയും സ്നേഹം. നീതി, സത്യം എന്നിവയെ ജീവിതത്തിൽ സാക്ഷാത്കരിച്ചു കാണിക്കാൻ കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു. അവന്റെ ആഹ്വാനത്തെ നാം ശ്രദ്ധിക്കുമോ. ഇല്ലെങ്കിൽ ശിക്ഷാവിധി നിശ്ചയം. ഇതൊന്ന് ഓർത്തിരിക്കുന്നത് എല്ലാവർക്കും നല്ലത്.

എന്ന് നിങ്ങളുടെ പ്രിയ **റോയി അച്ചൻ**

# കന്യകമറിയം കുടുംബനാഥമാരുടെ മാതൃക

റ്റി.യു. ജോസ് തൈത്ര, കുറിച്ചി

ആരായിരിക്കണം കുടുംബനാഥ എന്നതിനെപ്പറ്റി മറിയത്തിന് ഭാവരൂപങ്ങൾ സിദ്ധിക്കുന്നത് അമ്മ അന്നയിൽ നിന്നാണ്. അപ്പന്റെ ഒപ്പം നിഴൽപോലെ കുടുംബത്തിനുവേണ്ടി വിയർപ്പൊഴുക്കുന്നവളായിരിക്കണം അമ്മയെന്ന ഗൃഹനാഥ. കുടുംബത്തിലുള്ളവരുടെ ക്ഷേമത്തിനും നന്മയ്ക്കുംവേണ്ടി പ്രാർത്ഥിക്കാനേ അമ്മയ്ക്കറിയൂ. അന്നയിൽനിന്ന് മറിയം സ്വന്തമാക്കുന്ന കുടുംബ സങ്കല്പ്പങ്ങൾ ഇങ്ങനെയൊക്കെയാണ്. മക്കളെ മാതാപിതാക്കൾ ജീവനെപ്പോലെ പ്രിയപ്പെടുന്നു. ഈ സ്നേഹം ആവോളം നുകർന്നു വളർന്നു വരുന്ന മക്കൾ മാതാപിതാക്കന്മാരെ കലവറയില്ലാതെ സ്നേഹത്തിൽ പൊതിയേണ്ടവരാണ് മക്കളെന്ന് മറിയം സ്വന്ത കുടുംബത്തിൽ നിന്ന് പഠിച്ചിരുന്നു.



കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ വിശുദ്ധിയിലും, അടക്കവും ഒതുക്കവും വിനയവും ഒക്കെ കുട്ടിക്കാലത്തെ ആർജിച്ച് എടുക്കണമെന്ന് മറിയം പഠിച്ചിരുന്നു. അതെല്ലാം അവളെ പഠിപ്പിച്ചു കൊടുത്തത് മാതാവായ അന്നയും പിതാവായ യുയാക്കീവുമാണ്. ദൈവതിരുചിത്തത്തിനു വിധേയത്തോടെ വഴങ്ങുക എന്നതും കുടുംബത്തിൽവച്ച് തന്നെ മാതാപിതാക്കന്മാരിൽനിന്നും മറിയത്തിന് ലഭിച്ച സിദ്ധിയാണ്. യൗസേഫുമായി ഉള്ള വിവാഹ നിശ്ചയം ദൈവാശ്രയ ബോധവും വിധേയത്വ വിചാരവുമാണ്. മനസ്സ് ചഞ്ചലപ്പെടാതെ ദൈവം കൊടുത്ത ജീവിത പങ്കാളിയെ സ്വീകരിക്കാൻ തയ്യാറായത്. ദൈവവേലയ്ക്കായി സമ്പൂർണ്ണ വിധേയത്വം പ്രഖ്യാപിക്കുകയെന്നത് കുടുംബ ജീവിതക്കാരുടെ കടമയാണെന്ന് മറിയം ഇവിടെ ദൃഷ്ടാന്തീകരിക്കുന്നു.

ദൈവത്തിൽ നിന്ന് പുത്രൻ ജനിക്കും എന്ന ദൂതവാർത്ത മറിയം അവിശ്വസിക്കുകയായിരുന്നില്ല, പിന്നെയോ അതൊരു സംശയ നിവർത്തനമായിരുന്നു അവളുടെ ചോദ്യത്തിനു പിന്നിൽ ഉണ്ടായിരുന്നത്. ദൈവത്തിനു ഒന്നും അസാധ്യമല്ല എന്ന വിശദീകരണത്തോടെ സുവ്യക്തമാവുകയും ചെയ്തു. വേദഭാഗം "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുകൾപോലെ എനിയ്ക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു (ലൂക്കോ.1:38). തങ്ങളിൽ നിക്ഷിപ്തമായ സേവനമനസ്ഥിതി പ്രതിബന്ധങ്ങളും തടസ്സങ്ങളുമൊക്കെ മറികടന്നു നിറവേറ്റുകയാണ് കുടുംബിനികളുടെ ധർമ്മമെന്ന് മറിയാം ഉദാഹരിക്കുന്നതാണ് എലിസബത്തിനെ ശുശ്രൂഷിക്കുവാൻ പോകുന്നത് ഗർഭക്ലേശങ്ങൾ അലട്ടിയിട്ടും അതൊന്നും വകവയ്ക്കാതെ ദീർഘസഞ്ചാരം ചെയ്ത് എലിസബേത്തിനു നൽകുന്ന ശുശ്രൂഷ പ്രായമായ മാതാപിതാക്കളെയും അമ്മായി അപ്പനേയും അമ്മയേയും ഭർതൃസഹോദര സഹോദരിമാരേയും അവഗണിച്ച് അവരെ വേണ്ടപോലെ കാണുവാൻ കഴിയാത്തവർക്ക് മറിയാമിന്റെ എലിസബേത്തിന്റെ ശുശ്രൂഷ ഒരു മാതൃകയാകട്ടെ.

രാജ്യത്തിന്റെ നിയമങ്ങൾ പാലിക്കാൻ നമുക്ക് കടമകളുണ്ടെന്ന് മറിയത്തിന്റെ പേരു ചേർക്കാൻ ബേത്‌ലഹേമിലേക്കുള്ള ക്ലേശയാത്രയിൽനിന്ന് നമുക്ക് മനസ്സിലാക്കാം. സുഖസൗകര്യങ്ങളുടെ മടിത്തട്ടിൽ ഉണ്ണിയെ പ്രസവിക്കാൻ മറിയത്തിന് സാധിക്കുന്നില്ല. കാലിത്തൊഴുത്തിൽ സൗകര്യം ഒരുക്കാനേ യൗസേഫിന് സാധിച്ചുള്ളൂ. ഭർത്താവിന്റെ സാധ്യതയ്ക്ക് അനുയോജ്യമായ സൗകര്യങ്ങളെ ഉത്തമമായ ഭാര്യ പ്രതീക്ഷിക്കാവൂ എന്ന് മറിയം ഇന്നത്തെ ഭാര്യമാരെ ഉദ്ബോധിപ്പിക്കുകയാണ്. അതുപോലെ ഹെരോദോസിനെ ഭയന്ന് കുഞ്ഞിനെയും കൊണ്ട് ഈജിപ്തിലേക്ക് പലായനം ചെയ്യുമ്പോൾ ഒരു പരിഭവവും കൂടാതെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളെല്ലാം സഹിച്ച് യൗസേഫിന്റെകൂടെ ക്ഷമയോടെ യാത്ര ചെയ്യുന്നതിൽനിന്നും ഭർത്താവിന്റെ സാദ്ധ്യതകളുടേയും നിസ്സഹായതകളുടേയും നേരങ്ങളിൽ ഭാര്യമാർ ഏങ്ങനെ പെരുമാറണമെന്ന് മറിയം നമ്മെ ഓർമ്മിപ്പിക്കുന്നു. യെരുശലേം ദൈവാലയത്തിൽ പെരുന്നാളിനുപോയി തിരിച്ചുവരുമ്പോൾ പിതാവിന്റെകൂടെ മകൻ ഉണ്ടെന്നും മാതാവിന്റെ കൂടെ ഉണ്ടെന്നും അവർ പരസ്പരം വിചാരിച്ചെങ്കിലും മകൻ തങ്ങളുടെകൂടെ ഇല്ലെന്ന് മനസ്സിലായ അവസരത്തിൽ മറിയം പിതാവിനെ കുറ്റം ചാർത്താൻപോലും തുനിയാതെ തിരിച്ച് ദൈവാലയത്തിൽ ചെന്ന് മകനെ കണ്ടുപിടിക്കുന്നു. ഭർത്താക്കന്മാരെ മറ്റുള്ളവരുടെ മുൻപിൽ കുറ്റം പറയുന്ന ഭാര്യമാർക്ക് ഈ അമ്മയെ മാതൃകയാക്കാം.

യൗസേഫിന്റെ മരണശേഷം യേശു കുമാരനെ അപ്പന്റെ കുറവ് അറിയാതെ വളർത്തുന്നു, മകളുടെ കൗമാര പ്രായത്തിൽ വിധവയാകുന്ന അമ്മമാർക്ക് ഈ അമ്മ ഒരു മാതൃകയാണ്. ദൈവത്തിലുള്ള വിശ്വാസവും, പ്രത്യാശയും, ധൈര്യവും കൈവിടാതെ മറിയം മകനെ വളർത്തുന്നു. തിരുകുമാരന്റെ പീഢാനുഭവങ്ങളിലും വേദനകളിലും പങ്കപ്പാടുകളിലും അമ്മ ഒപ്പമുണ്ട്. കർത്താവിന്റെ തിരുമരണത്തിലും ഉയർപ്പിലും മറിയാം സാക്ഷിയായി. പെന്തിക്കോസ്തു നാളിലെ പരിശുദ്ധാത്മാവിന്റെ അഗ്നിനാവിന്റെ രൂപത്തിലുള്ള വരവിലും മറിയാം ഒപ്പമുണ്ട്. പരിശുദ്ധ കന്യക മറിയത്തിന്റെ തിരുസാന്നിദ്ധ്യം ഭൗമിക കുടുംബത്തിലും ഭൗതിക ലോകത്തിലും അതിന്റെ സമസ്ത മുഖങ്ങളിലും മഹത്തരമായ ഒരു പുണ്യാനുഭവം തന്നെയായി മാനവരാശിയെ പുണർന്നു നിൽക്കും.

## വിവാഹിതരായി



Advt - O

ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ മൂലംകുളത്ത് ഫാ. ജോൺ മാത്യുവിന്റെയും ജൂലിയുടെയും മകൻ **Aaron Mathew John** ഉം വെച്ചൂച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കർക്കടകംപള്ളിൽ ഫാ. മോനായി കെ. ഫിലിപ്പിന്റെയും അനിതയുടെയും മകൾ **Alka Alezabeth Monai**യും തമ്മിലുള്ള വിവാഹം ജൂലൈ 14-ാം തീയതി ഫാ. ജെക്കു സഖറിയ ചെരിവുപറമ്പിലിന്റെ കാർമികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ നടത്തപ്പെട്ടു.

## 10-ാം വിവാഹവാർഷികം

17-08-2025



Advt -O

10-ാം വിവാഹവാർഷികം ആഘോഷിക്കുന്ന ജിതിനും റിയായ്ക്കും പ്രാർത്ഥനാ നിർഭരമായ മംഗളാശംസകൾ

*കരിയിൽ & പുത്തൻപറമ്പിൽ കുടുംബാംഗങ്ങൾ*

## എഡേസ്സാ തോട്ടത്തിലെ പ്ലാന്റേഷൻ ജോലികൾ





# ST. GEORGE KNANAYA CHURCH, MANCHESTER, UK

## MANAGING COMMITTEE 2025-2027

**Trustee**



**Kuruvilla Mathew**
Thundiparampil, Thalayar
St. Mary's Jerusalem
Knanaya Church, Kuttoor

**Vicar**



**Rev. Fr. Dr. Binoy Alex**
Thattankunnel
St. Jacob's Knanaya Valiyapally
Ramamangalam

**Secretary**



**Mano Stephen**
Puthenpurackal
St. Thomas Valiyapally
Ranni

### Committee Members



**Binu Jacob**
Ayroor
Mor Ignatius Church,
Kurichy



**Renju Thomas**
Puthenkalathil
St. George Knanaya
Church, Neelamperoor



**Vinu Thomas**
Marangattu
St.Simon's Knanaya
Church, Vakathanam



**Gigimon Abraham**
Edasseriath
St. John's Puthenpally
Chingavanam

### Committee Members



**Boby Cherian**
Velankadavil
Mor Ignatius Church
Kurichy



**Santhosh Kuruvilla**
Palakudyil
St. John's Dayara
Church, Chingavanam
(Ex official)



**Abraham T Kurian**
Thyparambil
St. George Knanaya
Church, Venpala
(Ex official)

### Association Member



**Santhosh Kattayil**
St. John's Dayara Church
Chingavanam
(Committee Member)

### Association Member



**Binu Thomas**
Chettuvallil
St. John's Knanaya Church
Thuruthicad

### Auditor



**Alexander Abraham**
Malloosseril
Kottayam Valliapally

### Vanitha Samajam Co-ordinators



**Beena Kuriakose**
Kalarickamuriyil
St. Thomas Vaiyapalli
Ranni



**Crisy Skariah**
Thennasseril
St Mary's Knanaya
Church, Eranjal

Advt - O


Shining Since 1975
50th Wedding Anniversary
August 17, 2025
Celebrating Golden Wedding Anniversary of Our beloved Daddy and Mummy
V.C. Raju and Thankamma Joseph
Valliyil, Kottayam
Prayers and Wishes from
Ramya, Reshma, Remil
Advt -O

# വിവാഹിതരായി



ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായപള്ളി ഇടവകയിൽ കൊച്ചേത്ത് ഫാ. സജി എബ്രഹാമിന്റെയും ബെറ്റി സജിയുടെയും മകൾ **Dr. Linda Mary Saji**– ഉം കറ്റോട് സെന്റ് മേരീസ് ക്നാനായപള്ളി ഇടവകയിൽ തെക്കുംമുറിയിൽ രാജു എബ്രഹാമിന്റെയും ജെസ്സി രാജുവിന്റെയും മകൻ **Sherjin Raju**– ഉം തമ്മിലുള്ള വിവാഹം 21/07/2025–ൽ കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു.

Advt - O



Advt - O

# Knanaya Family Meet, Koblenz, Germany - 2025





Advt - O



പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ അഭിവന്ദ്യ മോർ അപ്രേം പിതാവിന്റെ വേർപാടിൽ മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ക്നാനായ കമ്മറ്റി അംഗങ്ങളായ തോമസ്കുട്ടി തേവരുമുറിയിൽ, സാബു കണ്ണാട്ടിപ്പുഴ, ശാന്തി പി. കുരുവിള (മാമംഗലം സെന്റ് മേരീസ് പള്ളി മാനേജിങ് കമ്മറ്റി അംഗം) എന്നിവർ ചേർന്ന് പുഷ്പചക്രം സമർപ്പിച്ചു.


**40–ാം ചരമദിനം**

06-09-2025



Abraham Mathew
(Thampy Vazhackal)

മുണ്ടംപുഴ, റാന്നി


"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

**5th Death Anniversary**

06-09-2025



**Chev: THAMPY PHILIP**

**PALLATHRA**

**For To Me To Live Is Christ And To Die Is Gain (Philippians 1:21)**

By Sorrowing family

Advt - O

**First Death Anniversary**

23-8-2025



**ALEYKUTTY ABRAHAM**

**Ampalappattu,Thiruvanvandoor**

**We will meet on the Eternal Shore, Ammachi**

Sorrowing family

Advt - O

## 6 – ാം ചരമവാർഷികം
18 – 10 – 2025



## 1 – ാം ചരമവാർഷികം
10 – 08 – 2025



Advt -R

## പി. എം. കുരുവിള

## അമ്മിണി കുരുവിള

**കാളിശ്ശേരിൽ, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

## 35th Death Anniversary
27 – 09 – 2025



Advt -O

## LIZY THOMAS
**Kadaketh Happy Villa,
Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
സന്തപ്ത കുടുംബാംഗങ്ങൾ

## 17th Death Anniversary
15 – 08 – 2025



Advt - O

## P.T. ജോസഫ്
**പുരയ്ക്കൽ, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*1st Death Anniversary*

06-08-2025



## Annamma Abraham

**Kuttiyil, Eraviperoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

40-ാം ചരമദിനം

18-08-2025



## അമ്മുക്കുട്ടി ചെറിയാൻ

**പള്ളത്ര, പള്ളിക്കുത്ത്, നിലമ്പൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O



1-ാം ചരമവാർഷികം

28-08-2025

## Basil John Joseph

**Kizhakkencheripeedikayil, Ramamagalam**

Advt -O

ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു.

സന്തപ്ത കുടുംബാംഗങ്ങൾ



# യുവജന വികസനം വെറും ചട്ടപ്പടി പരിപാടികൾ പോരാ!

സുനിൽ ഡി. കുരുവിള

"The youth is the hope of our future."

കേരളത്തിലെ യുവത ഇന്ന് നേരിടുന്ന സാമൂഹികവും സാങ്കേതികവും വ്യക്തിപരവുമായ വിഷയങ്ങൾ പലപ്പോഴും മറ്റു സമൂഹങ്ങളിൽ നിന്ന് ഏറെക്കുറെ വ്യത്യസ്തമാണ്. കഴിഞ്ഞ മൂന്നു ദശാബ്ദമായി നമ്മൾ കൂടുതൽ materialistic ആയി.... സ്വാർത്ഥതയും അഴിമതിയും വർദ്ധിച്ചു. ആത്മീയരംഗം കൂടുതൽ പ്രായോഗികതയിലേക്കും 'മരാമത്ത് പണിയിലേക്കും' നീങ്ങി. രാഷ്ട്രീയവും അദ്ധ്യാപനവും ഒക്കെ വെറും തൊഴിലായി മാറി... അതിന്റെ ഫലമായി ഏറ്റവും ക്ഷീണിച്ചത് കുട്ടികളും യുവതയുമാണ്.

കുടുംബ അന്തരീക്ഷത്തിലെ പോരായ്മകൾ, വഴക്കുകൾ, സാമ്പത്തിക പ്രശ്നങ്ങൾ, മൂല്യമില്ലായ്മ, മാതാപിതാക്കളുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ എല്ലാം ഏറ്റവും കൂടുതൽ ബാധിക്കുന്നതു യുവതയെയാണ്.

**ശാരീരിക - മാനസിക ആരോഗ്യവും, ജീവിത നൈപുണ്യങ്ങളും:**

ശാരീരിക ആരോഗ്യ കാര്യങ്ങളിൽ യുവത ഇന്ന് നന്നെ ബുദ്ധിമുട്ടുന്നുണ്ട്. Junk food ന്റെ അമിതമായ ഉപയോഗം, വ്യായാമ കുറവ്, അമിതമായ സ്ക്രീം ടൈം, ഉറക്കമില്ലായ്മ, ശുചിത്വമില്ലായ്മ ഒക്കെ ഇന്ന് യുവജനങ്ങളുടെ ആരോഗ്യ കാര്യങ്ങളെ സങ്കീർണ്ണമാക്കുന്നു. തൊഴിൽ രംഗത്തെ (പ്രത്യേകിച്ച് IT പോലുള്ള മേഖലയിലെ) ചൂഷണങ്ങളും യുവ തലമുറയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

മാനസിക-വൈകാരിക ആരോഗ്യ പ്രശ്നങ്ങൾ ഇന്ന് യുവത നേരിടുന്ന ഏറ്റവു വലിയ വെല്ലുവിളിയാണ്. പേരന്റിംഗിലും വിദ്യാഭ്യാസത്തിലും സമഗ്രമായ ഒരു കാഴ്ചപ്പാട് ഇല്ലാത്തതാണ് ഏറ്റവും വലിയ പ്രശ്നം. ബാല്യത്തിലും കൗമാരത്തിലും കുട്ടികൾക്ക് നല്ല development ലഭിക്കുന്നില്ല. അമിതമായ academic pressure പലപ്പോഴും കുട്ടികൾക്ക് താങ്ങാൻ കഴിയുന്നതിലും കൂടുതലാണ്. എല്ലാവരേയും ഡോക്ടറും എഞ്ചിനീയറും ആക്കണം. ഏഴാം ക്ലാസ്സിൽ IAS coaching. എല്ലാവരെയും A+ ആക്കാനുള്ള ട്യൂഷൻ കേന്ദ്രങ്ങളുടെ ബിസിനസ്... എൻട്രൻസ് കോച്ചിംഗ് 'കോൺസെൻട്രേഷൻ' ക്യാമ്പുകൾ.... എല്ലാം നല്ലൊരു ശതമാനം കുട്ടികളെയും രോഗികളാക്കുന്നു.

ആത്മവിശ്വാസമോ ആത്മാഭിമാനമോ ഇല്ലാതെ വിഷാദത്തിലേയ്ക്കും ആശങ്കയിലേയ്ക്കും വഴുതി വീഴുന്ന ചെറുപ്പക്കാർ. പലരിലും അപകർഷതാബോധവും frustration ഉം നിറഞ്ഞുനിൽക്കുന്നു. ''എന്നെ എന്തിനെങ്കിലും കൊള്ളാമോ''? ''എനിക്കെന്തെങ്കിലും കഴിവുണ്ടോ?'' എന്നൊക്കെ എഞ്ചിനീയറിംഗ് ബിരുദമെടുത്തതിനുശേഷം പോലും ചോദിക്കുന്ന യുവത. ഏറ്റവും പ്രധാനമായി യുവതയിൽ ആത്മവിശ്വാസം., ആത്മാഭിമാനം, ആശയവിനിമയ ശേഷി, കാര്യപ്രാപ്തി, സഹാനുഭൂതി, flexibilty, assertiveness, നേതൃപാടവം ഒക്കെ വളർത്തേണ്ടതുണ്ട്.

കളിയും കലയും സൗഹൃദവും സമൂഹവും ഒന്നുമില്ലാതെ 'broiler' ആയി വളരുന്ന കുട്ടികൾ. അയൽബന്ധങ്ങളും വായനയും സാമൂഹിക പ്രതിഫലനവും ഒക്കെ കുട്ടികൾക്ക് അന്യം നിന്നു. പൊതു കളിസ്ഥലങ്ങൾ എല്ലാം അടഞ്ഞു. വർദ്ധിച്ചു വരുന്ന ജാതിമത വേർതിരിവുകളും ഏറ്റവും കൂടുതൽ ബാധിക്കുന്നതും നമ്മുടെ യുവതയെയാണ്. നല്ല സാമൂഹിക-സാംസ്ക്കാരിക പ്രവർത്തനങ്ങളും പ്രഭാഷണങ്ങളും ഒക്കെ ക്രമേണ കുറഞ്ഞു വരുന്നു.

യുവജന സംഘടനകൾ പോലും യുവതയെ ഉപയോഗിക്കുക മാത്രമാണ് ചെയ്യുന്നത് - ബൈക്ക് റാലി....... തോരണം കെട്ടൽ...... ഇങ്ങനെ പോകുന്നു കലാപരിപാടികൾ. മാനസിക ആരോഗ്യത്തിന്റെ കുറവ് അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലയെയും ബാധിക്കുന്നു. ഏകാന്തത, worthlessness, ഭയം, anxiety, stress, depression, suicidal thought ഒക്കെ ഇന്ന് യുവതയിൽ ക്രമാതീതമായി കൂടി വരുന്നു. സൈബർ addiction ഉം ലഹരിക്കും ഒക്കെ ഇത് പ്രോത്സാഹനമാകുന്നു. അവരെ മനസ്സിലാക്കാനും അവരെ കേൾക്കാനും സംസാരിക്കാനും ആർക്കും സമയവുമില്ല, ക്ഷമയുമില്ല. അപര്യാപ്തമായ മാനസിക, ആരോഗ്യ പ്രവർത്തനങ്ങൾ, ദുരഭിമാനം, അജ്ഞത ഒക്കെ കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു. മാനസിക പ്രശ്നത്തിന് ചികിത്സ തേടാനുള്ള സാമൂഹിക ഉയർച്ചയും ബോധവും ഇന്നും നമ്മൾ നേടിയിട്ടില്ല. ഏറ്റവും സങ്കീർണ്ണമായ അവസ്ഥയിൽപ്പോലും ഒരു counsellor ന്റെ പോലും സഹായമെടുക്കാനുള്ള സാമൂഹിക പുരോഗതി നമ്മൾ ഇന്നും നേടിയിട്ടില്ല എന്നുള്ളത് നമ്മൾ എവിടെയെത്തി നിൽക്കുന്നു എന്നുള്ളതിന്റെ സൂചനയാണ്. ദുരന്തങ്ങൾ 'ആഘോഷിക്കുന്ന' ഒരു സമൂഹം! നെറികെട്ട മാധ്യമ സംസ്ക്കാരം ഇരയ്ക്കുവേണ്ടി കാത്തിരിക്കുന്നു! മരിക്കാനല്ല ജീവിക്കാൻ അവർ പഠിക്കട്ടെ! നശിപ്പിക്കാനല്ല കെട്ടിപ്പടുക്കാൻ അവർ ശ്രമിക്കട്ടെ! ഒരു വാതിൽ അടഞ്ഞാൽ പല വാതിൽ തുറക്കും എന്ന് അവർ തിരിച്ചറിയട്ടെ! അവരുടെ ജീവിതവും സന്തോഷവും വിജയവും ഒക്കെ അവരുടെ ഉത്തരവാദിത്വമാണെന്നും; ഒപ്പം സഹജീവികളുമായി അത് പങ്കുവയ്ക്കാനും അവർ പഠിക്കട്ടെ!

**ആധുനിക ടെക്നോളജിയും സാമൂഹിക മാധ്യമവും:**

ഡിജിറ്റൽ യുഗം യുവതയ്ക്ക് അവസരങ്ങൾ നൽകുന്നതുപോലെ വലിയ വെല്ലുവിളികളും ഉയർത്തുന്നുണ്ട്. ഒരു ഡിജിറ്റൽ ടെക് നേതാവാണോ അതോ technology യുടെ അടിമയാകണോ എന്നൊരു തീരുമാനം ഓരോ വ്യക്തിയും ഈ കാലത്തു എടുക്കേണ്ടതുണ്ട്. മാനസികമായും വൈകാരികമായും കുറഞ്ഞ അവസ്ഥയിൽ നിൽക്കുന്ന ചെറുപ്പക്കാർ ഇതിൽ വീണുപോകാനുള്ള സാധ്യത ഏറെയാണ്. Cyber game addiction, virtual friendship, അതുവഴി കുറ്റകൃത്യങ്ങളിലേക്കും മറ്റും വീഴാനുള്ള അവസരം, അമിതമായ virtual sex exploration, പോർണോഗ്രാഫി..... ഇത്തരം ചെറുപ്പ

ക്കാർ സാമൂഹിക ബന്ധങ്ങളിൽ പുറകോട്ടു പോകുന്നു. ആരോഗ്യപരമായ സൗഹൃദങ്ങളുടെ അഭാവം ഇവരെ കൂടുതൽ ഒറ്റപ്പെടുത്തുന്നു. പഠന പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും ജീവിതം പരാജയത്തിൽ എത്തിക്കുന്നു. കുറച്ചുപേരെങ്കിലും cyber addiction നും മാനസിക പ്രശ്നങ്ങൾ ഉള്ളവരും ആയിത്തീരുന്നു.

മികച്ച cyber സംസ്ക്കാരവും മറ്റും ഇന്നത്തെ തലമുറയെ പരിശീലിപ്പിക്കേണ്ടതുണ്ട്. ടെക്നോളജിയെ master ആക്കണോ servent ആക്കണോ എന്ന് തീരുമാനിക്കാൻ...peer pressure ഉം bullying ഉം ഒക്കെ നേരിടാൻ, No പറയേണ്ടിടത്തു 'No' പറയാൻ ഒക്കെ യുവതയെ പ്രാപ്തമാക്കേണ്ടതുണ്ട്. സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന അസത്യങ്ങളും അസംബന്ധങ്ങളും തിരിച്ചറിയാനുള്ള പ്രാപ്തി ഈ കാലത്തു ഏറ്റവും പ്രധാനമാണ്. സൈബർ തട്ടിപ്പുകൾ, കെണികൾ, ചതികൾ ഒക്കെ തിരിച്ചറിയാനുള്ള സാമൂഹികബോധവും ചിന്താശക്തി വിശകലനശേഷിയും മറ്റും യുവതയിൽ വളർത്തണം.

ഡിജിറ്റൽ ടെക്നോളജി തുറന്നിടുന്ന വിശാലമായ സാധ്യതകളെ ചൂഷണം ചെയ്യാനും അതിനെ ഉപയോഗിച്ച് അറിവും നൈപുണ്യങ്ങളും വളർത്താനും സാമ്പത്തിക നേട്ടങ്ങളും കരിയർ അഭിവൃദ്ധിയും നേടാനും യുവതയെ ഒരുക്കേണ്ടതുണ്ട്.

**വിദ്യാഭ്യാസ - തൊഴിൽ -കരിയർ വെല്ലുവിളികൾ**

"Nobody can dim the light that shines from within"

കുട്ടികളിൽ പഠിക്കാനുള്ള താൽപ്പര്യം പൊതുവെ കുറഞ്ഞു വരുന്നു. അവർക്കു കൂടുതൽ താൽപ്പര്യത്തോടെ സമയം ചിലവഴിക്കാൻ കഴിയുന്ന അനേകം ഇടങ്ങൾ...... കോളേജിൽ നിന്നിറങ്ങി ചുറ്റിക്കറങ്ങാൻ മാളുകളിൽ, സൈബർ ഇടങ്ങളിൽ, സിനിമ തീയേറ്ററുകളിൽ, പാർക്കിൽ, പബ്ലിക്കിൽ ഒക്കെ ഇടങ്ങൾ ഒരുങ്ങി നിൽക്കുന്നു. പണം സമ്പാദിക്കാനുള്ള നല്ലതും ചീത്തയുമായ വഴികൾ വിനോദം താല്ക്കാലിക സുഖം.... മദ്യം മയക്കുമരുന്ന് സെക്സ്...

Peer pressure മുതൽ മാർക്കറ്റ് പ്രഷർ വരെ അതിജീവിക്കണം ഉയർന്ന ലക്ഷ്യങ്ങളിൽ എത്താൻ. പ്രണയമില്ലാത്തവർക്കും മദ്യം കഴിക്കാത്തവർക്കും കൂടിയ bike ഇല്ലാത്തവർക്കും ഒക്കെ 'പിടിച്ചുനിൽക്കാൻ' വലിയ പ്രയാസമുള്ള കാലം. ഇവിടെയാണ് കുട്ടികളെ വലിയ self respect ലേക്കും ലീഡർഷിപ്പിലേക്കും നയിക്കേണ്ടതിന്റെ ആവശ്യം! അവനവന്റെ മൂല്യബോധം സംസ്ക്കാരവും ജീവിക്കാനുള്ള കരുത്തും കഴിവും... വ്യത്യസ്തനായി നിൽക്കാനുള്ള ധൈര്യം.. ഫോളോ ചെയ്യാനല്ല ലീഡ് ചെയ്യാൻ കരുത്തേകണം.

വിദ്യാഭ്യാസം എന്നത് സാക്ഷരത മാത്രമല്ല ഇംഗ്ലീഷും കണക്കും മാത്രമല്ല എൻട്രൻസ് വിജയിക്കുന്നതും ഡിഗ്രി സമ്പാദിക്കുന്നതും മാത്രമല്ല. അത് ഒരു വ്യക്തിയുടെ സമ്പൂർണ്ണ വികസനവും കൂടിയാണ്. പഠനത്തിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കാൻ, നൈപുണ്യങ്ങൾ വളർത്താൻ, മൂല്യബോധവും സംസ്ക്കാരവും വളർത്താൻ, ലക്ഷ്യം കണ്ടെത്താൻ, focus ൽ നിൽക്കാൻ ഒക്കെ അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. അവർക്കു യോജിക്കുന്നതും സാദ്ധ്യതകൾ നൽകുന്നതുമായ കോഴ്സുകൾ കണ്ടെത്തേണ്ടതുണ്ട്.

നിരന്തരമായി മികച്ച വിദ്യാഭ്യാസം- കരിയർ മാർഗ്ഗനിർദ്ദേശം യുവതയ്ക്ക് നൽകേണ്ടതുണ്ട്. ചെറിയ ഗ്രൂപ്പുകളായി അവർക്കു ചർച്ച ചെയ്യാനും അവരെ കേൾക്കാനും അവരുടെ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്താനും... ഏറ്റവും പ്രധാനമായി അവർക്കു വലിയ ലക്ഷ്യബോധവും കാഴ്ചപ്പാടും നൽകാനും കഴിയണം! യുവതയെ കരുതുന്ന എല്ലാവരും ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. സംഘടിപ്പിക്കണം.

പല കുട്ടികളും അവർ ഇഷ്ടപ്പെടാത്തതോ അവർക്ക് അഭിരുചി ഇല്ലാത്തതോ ആയ മേഖലയിലാണ് പഠിക്കുന്നത്. പലരും കോഴ്സ് പൂർത്തിയാക്കുന്നില്ല. പൂർത്തിയാക്കിയാൽ തന്നെ ജോലി ലഭിക്കുന്നില്ല. satisfied അല്ല. സന്തോഷമില്ല. Positive അല്ല... ഇവിടെയാണ് പലപ്പോഴും MDMA ഒക്കെ കടന്നുവരുന്നത്. വലിയ കടം വാങ്ങി കുട്ടികൾ വിദേശത്തേക്ക് കണ്ണും പൂട്ടി ഓടുന്നതൊക്കെ നല്ല ഗൈഡൻസിന്റെ അഭാവം കൊണ്ടു തന്നെയാണ്. വിദേശത്തു പോകുന്ന ഭൂരിപക്ഷം പേരും ഇന്ന് അവിടുത്തെ 'ബംഗാളി' ആകാൻ ഓടുകയാണ്! നല്ല കരിയർ ഗൈഡൻസ് രാജ്യനിർമ്മാണം തന്നെയാണ്. ഈ രാജ്യത്തും മികച്ച തൊഴിൽ അവസരങ്ങളുണ്ട്. ബിസിനസ്സ് അവസരങ്ങളുണ്ട്.. അറിവും കഴിവും മനോഭാവവും കാര്യപ്രാപ്തിയും വളർത്തിയെടുക്കണം എന്ന് മാത്രം.

**വ്യക്തിത്വ വികസനവും, സാമൂഹിക കഴിവുകളും**

"When the going gets tough, the tough get going"

വളരെ complicated ആയ വെല്ലുവിളികൾ നിറഞ്ഞ ഒരു ലോകത്താണ് നമ്മുടെ യുവത ജീവിക്കാനൊരുങ്ങുന്നത് AI യും മറ്റും തൊഴിൽ മേഖലയിൽ വലിയ വെല്ലുവിളികളാണ് ഉയർത്തുന്നത്. പഠിച്ചരംഗത്തൊന്നും തൊഴിൽ ലഭിക്കണമെന്നില്ല. വിവാഹം കിട്ടാൻ പ്രയാസം. ഉണ്ടായാൽ തന്നെ ജീവിക്കാൻ അതിലേറെ പ്രയാസം. സാമ്പത്തിക പ്രശ്നങ്ങൾ, ജീവിത ചെലവ് വർദ്ധന, സാമൂഹിക സമ്മർദ്ദങ്ങൾ, കാലാവസ്ഥ, പ്രകൃതി ദുരന്തഭീഷണി, ക്രമസമാധാന പ്രശ്നങ്ങൾ... രാഷ്ട്രീയ അസ്ഥിരത, അഴിമതി... ഒക്കെ നേരിടാൻ തക്ക വണ്ണം യുവത ശക്തിയാർജ്ജിക്കേണ്ടതുണ്ട്. ഏതു സാഹചര്യവും നേരിടാൻ കഴിയുന്ന കരുത്തും കാര്യപ്രാപ്തിയും മനോബലവും അവർ നേടേണ്ടതുണ്ട്.

ഇവിടെയൊന്നുമില്ല എന്നൊക്കെ പറഞ്ഞു വടക്കോട്ട് ഓടുന്ന ഭീരുക്കളെയല്ല കാലം ആവശ്യപ്പെടുന്നത്. തിരിഞ്ഞു നിന്ന് പോരാടാൻ കഴിയുന്ന യുവത... അതാണ് കാലം ആവശ്യപ്പെടുന്നത്. ബഹുമാന്യനായ നമ്മുടെ മുൻ പ്രസിഡന്റ് APJ അബ്ദുൾ കലാം പറഞ്ഞതുപോലെ നമുക്ക് ഒന്നുകിൽ ഓടാം അല്ലെങ്കിൽ പോരാടാം. Leaders fight! Others fly! സ്വന്തം കാര്യം മാത്രം നോക്കിയോടുന്ന ഒരു തലമുറയല്ല നമുക്കാവശ്യം. ബലഹീനരേം വൈകല്യമുള്ളവരേം പിന്നാക്കം നിൽക്കുന്നവരേം കൂടി ചേർത്തുപിടിക്കാൻ കഴിയുന്നൊരു നേതൃത്വമാണ് അവരിൽ രൂപപ്പെടേണ്ടത്!

"നമ്മുടെ നാട്ടിൽ ഒന്നുമില്ല" "രാജ്യത്തൊന്നുമില്ല" എന്നു പറഞ്ഞു കരയുന്ന മക്കളെയല്ല...... ഈ നാടിനെ, രാജ്യത്തെ എല്ലാമുള്ളതാക്കാൻ പരിശ്രമിക്കുന്ന നേതൃഗുണമുള്ള കുട്ടികളെയാണ് രൂപപ്പെടുത്തേണ്ടത്. "ചിന്താശേഷിയുള്ള, പ്രതിബദ്ധതയുള്ള, പൗരന്മാരുടെ ഒരു ചെറിയ കൂട്ടത്തിന് ലോകത്തെ മാറ്റാൻ കഴിയുമെന്ന് ഒരിക്കലും സംശയിക്കരുത്; തീർച്ചയായും, ഇതുവരെ ഉണ്ടായിട്ടുള്ള ഒരേയൊരു കാര്യം അതാണ്". വെറും ചട്ടപ്പടി പരിപാടികൾ മാത്രം മതിയാകില്ല അതിന്. സമഗ്രവും നിരന്തരവുമായ മികച്ച പ്രവർത്തനങ്ങൾ തന്നെ വേണ്ടിവരും!

"The fire within the hearts of youth lights the path to a brighter future"

സ്നേഹാശംസകൾ

*(സുനിൽ കുരുവിള - പ്രമുഖ മാനവശേഷി വികസന പരിശീലകനും, കരിയർ കൗൺസിലറും, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനുമാണ്.*
*Ph: 91 9656144712*
*E-mail : sunil_kuruvill@rediffmail.com*
*www.insightmission.org.in)*

# സ്വാർത്ഥതയും നിസ്വാർത്ഥതയും

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

ഒരിക്കൽ പ്രജകൾക്കെല്ലാം വളരെ പ്രിയങ്കരനായിരുന്ന ഒരു രാജാവ് തന്റെ രാജ്യത്തെ ഏറ്റവും വലിയ സ്വാർത്ഥനെയും നിസ്വാർത്ഥനെയും കണ്ടെത്തുവാൻ ഒരു മത്സരം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങളെല്ലാം കൊട്ടാരത്തിൽ പൂർത്തിയായി. മത്സരത്തിനായി നിശ്ചയിക്കപ്പെട്ട ദിവസം വന്നു ചേർന്നു. രാജ്യത്തിന്റെ നാനാദിക്കുകളിൽനിന്നും എത്തിച്ചേർന്ന സ്വാർത്ഥമതികളും നിസ്വാർത്ഥമതികളും അവരവർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങളിൽ ആസനസ്ഥരായി. കുറച്ചു കഴിഞ്ഞ് രാജാവ് അവർക്കു മുൻപിൽ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് ഓരോരുത്തരോടും അവരവർക്ക് ആവശ്യമുള്ളതെല്ലാം ചോദിച്ചുകൊള്ളുവാൻ ആജ്ഞാപിച്ചു.

സ്വാർത്ഥന്മാർ ഇത് കേട്ട് വളരെ സന്തോഷിച്ചു. അവർ അവരുടെ ആവശ്യങ്ങളേക്കാൾ ആർത്തിക്കനുസരിച്ച് ഓരോന്നും ആവശ്യപ്പെടുവാൻ തുടങ്ങി. ചിലർ മടിയില്ലാതെ രാജകൊട്ടാരം തന്നെ ആവശ്യപ്പെട്ടു. മറ്റു ചിലർ കൃഷിത്തോട്ടങ്ങൾ ആവശ്യപ്പെട്ടു. വേറെ ചിലർ കൊട്ടാരം ഖജനാവ് ആവശ്യപ്പെട്ടു. ചിലർക്കുവേണ്ടത് രാജ്യത്തെ മുഴുവൻ ഗോക്കളെയുമായിരുന്നു. ചിലർക്കു വേണ്ടത് നിറഞ്ഞു കവിഞ്ഞ ധാന്യപ്പുരകളായിരുന്നു. ഇവരിൽ ഏറ്റവും വലിയ സ്വാർത്ഥൻ ആരെന്നു എങ്ങനെ കണ്ടു പിടിക്കുമെന്നറിയാതെ രാജാവ് ചിന്താധീനനായി ഇരുന്നു. അപ്പോൾ അവർക്കിടയിൽനിന്നും ഒരുവൻ ഓടിയെത്തി. രാജാവിനെ ബന്ധനസ്ഥനാക്കി. എന്നിട്ടിങ്ങനെ പ്രസ്താവിച്ചു. ഈ നിമിഷം മുതൽ ഞാനാണ് രാജാവ്. അതിനുശേഷം ജനപ്രിയനായിരുന്ന ആ രാജാവിനെയും ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്ന മറ്റ് സ്വാർത്ഥന്മാരെയും തുറുങ്കിലടക്കുവാൻ ഉത്തരവിടുകയും ചെയ്തു. ജനങ്ങളെല്ലാം അമ്പരന്നുനിന്നു. സ്വാർത്ഥതയുടെ സർവ്വ പരിധിയേയും മറികടന്ന് തന്നെ സ്ഥാനഭ്രഷ്ടനാക്കാനെത്തിയ ഇവനെ കാരാഗൃഹത്തിലടക്കുവാൻ ഉടൻ തന്നെ രാജാവ് കല്പിച്ചു.

പിന്നീട് ഏറ്റവും വലിയ നിസ്വാർത്ഥനെ കണ്ടെത്തുവാനുള്ള മത്സരമായി. അതിൽ പങ്കെടുത്ത പലരും അവരവർക്ക് പ്രിയപ്പെട്ടതായിരുന്ന പലതും രാജാവിനു സമർപ്പിക്കുന്നതിൽ പരസ്പരം മത്സരിച്ചുകൊണ്ടിരുന്നു. അവരിൽ ആരാണ് ഏറ്റവും വലിയ നിസ്വാർത്ഥനെന്നു കണ്ടെത്താനാകാതെ രാജാവ് വീണ്ടും ചിന്താധീനനായി. അപ്പോൾ ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ദരിദ്രനായ ഒരുവൻ രാജസന്നിധിയിലേക്ക് കടന്നു വന്നു. എന്നിട്ട് തന്റെ ശൂന്യമായ കൈകൾ നീട്ടിക്കൊണ്ട് അവൻ പറഞ്ഞു. ഇതങ്ങു സ്വീകരിക്കണം. ഈ കൈയ്യിൽ എന്റെ ഹൃദയത്തിന്റെ താക്കോലുണ്ട്. അതുകേട്ട് രാജാവ് സന്തുഷ്ടനാവുകയും അവനെക്കാൾ വലിയ നിസ്വാർത്ഥനില്ലെന്ന് ഉറക്കെ കല്പിച്ചുകൊണ്ട് കൊട്ടാരം ഉപദേശകനായി അവനെ അപ്പോൾ തന്നെ നിയമിക്കുകയും ചെയ്തു. സ്വാർത്ഥതയുടെ ഫലം ബന്ധനമാണെന്നും ഒന്നും ആവശ്യപ്പെടാതിരിക്കുന്നതും എല്ലാ നൽകുന്നതുമല്ല നിസ്വാർത്ഥതയെന്നും നമ്മെത്തന്നെ സമർപ്പിക്കുന്നതാണ് ഏറ്റവും വലിയ നിസ്ഥാർത്ഥതയെന്നും ജനങ്ങളെ അറിയിക്കുകയായിരുന്നു രാജാവിന്റെ ലക്ഷ്യം. എപ്പോഴും എല്ലാം എന്റേതാകണമെന്ന് ആശിച്ചുകൊണ്ടു നടക്കുന്ന സ്വാർത്ഥന്റെ ജീവിതം വരണ്ട ഭൂമിപോലെ വിണ്ടു കീറിക്കൊണ്ടിരിക്കും. മറിച്ച് ഇതെല്ലാം എന്റെതു മാത്രമല്ല എന്നു ബോദ്ധ്യമുള്ളവന്റെ ജീവിതം തളിർത്തുകൊണ്ടേയിരിക്കും.

മരുന്നിന്റെ ഫലമറിയാൻ സ്വശരീരത്തിൽതന്നെ കുത്തിവച്ചു പരീക്ഷണം നടത്തി വിജയം വരിച്ച ശാസ്ത്രജ്ഞൻ നമുക്കുണ്ട്. സ്വന്തം കണ്ടുപിടുത്തങ്ങളുടെ ദുരന്തഫലങ്ങൾ ഏറ്റുവാങ്ങി സ്വജീവിതം തന്നെ ഒടുക്കിയവരാണ് റേഡിയം കണ്ടുപിടിച്ച മാഡംക്യൂറിയും X-ray യുടെ ഉപജ്ഞാതാവായ വില്യം റോണ്ട്ജനും. ഇന്ന് നമ്മുടെ ജീവിതത്തെ സുഖകരമാക്കുന്ന പല കണ്ടുപിടിത്തങ്ങൾക്കും പുറകിൽ നിസ്വാർത്ഥ മനുഷ്യസ്നേഹം മാത്രം കൈമുതലാക്കി, സേവനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ച മഹത്തുക്കൾ എത്രയെത്ര. ലാളിത്യവും ആത്മാർത്ഥതയുമാവട്ടെ നമ്മുടെ മുഖമുദ്ര. ധനം നൽകുന്ന സന്തോഷത്തെക്കാളും ആനന്ദവും സംതൃപ്തിയും നൽകുന്നതാണ് സേവനത്തിന്റെയും ആതുര ശുശ്രൂഷയുടെയും പാത. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഭാരതം പണ്ടേ പേരുകേട്ടതാണല്ലോ. 'പരോപകാരമേ പുണ്യം പാപമേപരപീഡനം' എന്ന പുരാണങ്ങളിലെ മഹത്തായ ആശയങ്ങൾവരെ ഭാരതത്തിന്റേതായുണ്ട്. കൈകളിൽ കാരുണ്യവും മനസ്സിൽ ആർദ്രതയും സ്നേഹവും ഉള്ളവർതന്നെ സമൂഹത്തിന്റെ ഏറ്റവും വലിയ നിധി. ആധിയും വ്യാധിയും പെരുകിവരുന്ന ഈ ആധുനിക യുഗത്തിൽ ഈ സമ്പത്താണ് അമൂല്യം. 'മനുഷ്യൻ ജീവിക്കുന്ന ഈശ്വരനാണ് അവനെ സ്നേഹിക്കുന്നതിൽ കവിഞ്ഞ ഈശ്വര പൂജ വേറെയില്ല എന്നാണ് സ്വാമിവിവേകാനന്ദൻ പറഞ്ഞത്. നിസ്വാർത്ഥ സ്നേഹത്തിന്റെ പ്രതിരൂപമായിരുന്നല്ലോ യേശുക്രിസ്തു.

ഒരു രാജ്യത്ത് വലിയ മതിലുകളാൽ ചുറ്റപ്പെട്ട ഒരു സ്ഥലമുണ്ടായിരുന്നു. ചെറുപ്പക്കാരായ നാലുപേർ ആ സ്ഥലത്തെ വിശേഷമറിയുവാൻ ശ്രമിച്ചു. മുകളിൽ എത്തത്തക്ക വലിയ ഗോവണി ഉണ്ടാക്കി മതിലിൽ ചാരി ഒരാൾ പിടിച്ചു കയറി ഏറ്റവും മുകളിൽചെന്ന് മതിലിൽ പിടിച്ച് അകത്തേക്ക് എത്തി നോക്കി. "ഹാ" എന്ന് ഉച്ചത്തിൽ പറഞ്ഞശേഷം താഴെ നിൽക്കുന്നവരോട് ഒന്നും പറയാതെ ഉള്ളിലേക്ക് എടുത്തു ചാടി. താഴെനിന്ന് ഏണിയെ പിടിച്ചു കൊണ്ടിരുന്നവർ നിരാശരായി. രണ്ടാമൻ കയറി. അവനും മുകളിൽ ചെന്ന് എത്തി നോക്കിയ ശേഷം ഹാ!ഹാ! എന്നു രണ്ടു പ്രാവശ്യം പറഞ്ഞശേഷം മറ്റൊന്നും പറയാതെ ഉള്ളിലേക്കു ചാടി. മൂന്നാമനും അപ്രകാരം തന്നെ മുകളിലെത്തി മൂന്നു പ്രാവശ്യം ഹാ! എന്നു പറഞ്ഞിട്ട് ഉള്ളിലേക്കുചാടി. നാലാമൻ ആരും സഹായിപ്പാനില്ലാതെ നിരാശയോടുകൂടി ഓരോ

പടിയും കയറി മുകളിലെത്തി. അതിനുള്ളിലെ വസ്തുത ശരിക്കും മനസ്സിലാക്കി. ഏദൻതോട്ടം പോലെയുള്ള അതിമനോഹരമായ പ്രദേശം. സ്വർഗ്ഗീയ ഗാനങ്ങൾ ആലപിച്ച് ആനന്ദിച്ചാർക്കുന്ന ജനസമൂഹം. രോഗമില്ല, ദുഃഖമില്ല, പട്ടിണിയില്ല, നെടുവീർപ്പില്ല. സമൃദ്ധിയുടെ ഉറവിടം നല്ലവണ്ണം കണ്ടശേഷം പടി പടിയായി താഴെക്കിറങ്ങി ചുറ്റുപാടും ഉള്ളവരുടെ ഇടയിലേക്ക് ചെന്ന് ആ മഹത്വരാജ്യത്തെപ്പറ്റി അവർക്ക് ശരിയായ ബോധ്യം കൊടുത്തു. അനേകരെ ആ രാജ്യത്തിലേക്ക് പ്രവേശിപ്പിച്ചതിനുശേഷം അവസാനം ആ വ്യക്തിയും ഉള്ളിലേക്കു കടന്നു. യഥാർത്ഥ നിസ്വാർത്ഥതയുടെ ഉദാഹരണമായിരുന്നു ആ നാലാമൻ. പൂക്കൾക്കു മണവും മാധുര്യമുള്ള തേനും അവയ്ക്കുള്ളിൽ നിന്നുതന്നെ ലഭിക്കുന്നു. എന്നാൽ മനുഷ്യനു സുഗന്ധ ലേപനങ്ങൾ പൂശിയാലേ മണം ലഭിക്കു എന്ന അവസ്ഥയാണ്. മറ്റുള്ളവർക്ക് ആശ്വാസം പകരുന്ന പ്രവർത്തനങ്ങളിലൂടെയും വാക്കുകളിലൂടെയും പുഞ്ചിരിയിലൂടെയും നിസ്വാർത്ഥ സുഗന്ധവാഹകരാകാൻ നമുക്ക് കഴിയട്ടെ.

●

---

# ജീവിത യാത്രക്കാരുടെ ശ്രദ്ധയ്ക്ക്

**അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്**

**ലോ**കം മുൻപൊരിക്കലും കണ്ടിട്ടില്ലാത്തവിധം അനിശ്ചിതത്വവും ഇരുളും അന്ധതയും മഹാമാരിയും നിറഞ്ഞ ഒരു കാലയളവിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. നമുക്ക് ചുറ്റുപാടും കാണുന്ന മനുഷ്യർ എത്ര നീചവും ക്രൂരവുമായ പ്രവൃത്തികളാണ് കാട്ടിക്കൂട്ടുന്നത്. ലോകത്തിലെ പല വൻനഗരങ്ങളിലും അക്രമങ്ങളും കൊലയും കൊള്ളിവെയ്പ്പും നടമാടുകയാണ്. ഭീകരരും തീവ്രവാദികളും സമാധാനമായി ജീവിക്കുവാൻ ആളുകളെ സമ്മതിക്കുന്നില്ല. ബൈബിൾ വായിക്കുമ്പോൾ ഇവയെല്ലാം അന്ത്യകാലത്തിന്റെ അടയാളമായി യേശു മുന്നറിയിപ്പിച്ചിരുന്നതായി കാണാം. ഇന്നു നടക്കുന്ന സംഭവങ്ങൾ വള്ളിക്കുപോലും വ്യത്യാസമില്ലാതെ ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നതായി കാണാം. ദൈവവുമായിട്ടുള്ള കൂട്ടായ്മ തകർന്നുകൊണ്ടിരിക്കുന്നു. "ജീവിത വിശുദ്ധി നഷ്ടപ്പെടുകയും ആ സ്ഥാനത്ത് അശുദ്ധി രംഗപ്രവേശനം നടത്തുകയും ചെയ്തു." (റോമ.6:19). "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ ഏവരുമേ എന്റെ അടുക്കൽ വരുവീൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും (മത്താ.11:28).

ശാസനയേക്കാൾ രൂപാന്തരീകരണമുണ്ട് സഹാനുഭൂതിയ്ക്ക്. ശിക്ഷിയ്ക്കപ്പെടുന്നവരെല്ലാം നന്നാകുമായിരുന്നെങ്കിൽ ശിക്ഷാകേന്ദ്രങ്ങളുടെ ഒക്കെ എണ്ണം കുറയുമായിരുന്നു. ശിക്ഷിക്കപ്പെടുന്നവർ കാരണമുണ്ടെങ്കിലും അവരുടെ ഈഗോയ്ക്ക് മുറിവേൽക്കുന്നുണ്ട്. എന്തായാലും ഞാൻ ഇങ്ങനെയായി, ഇനിയും എന്തുമാകാം എന്ന ചിന്തയിലേക്ക് അവർ മാറുന്നു. തങ്ങളുടേതായ അനുഭവങ്ങളിലൂടെ ഓരോരുത്തരും ഉയർത്തിക്കൊണ്ടുവരുന്ന ആഗ്രഹങ്ങളുടെ മതിലുകൾ ഇടിഞ്ഞു വീണാൽ പിന്നെ ഒരുത്തരും നന്മയുടെ തീരത്തേയ്ക്കു പോകില്ല. ശിക്ഷ ന്യായമായതാണെങ്കിലും അയാളെ കഠിന ഹൃദയനാക്കും. ശിക്ഷകളൊന്നും അവരിൽ മാറ്റം ഉണ്ടാകില്ല. കൂടുതൽ അപമാനവും വേദനയും താങ്ങാനുള്ള ശക്തി ലഭിക്കുകയേ ഉള്ളു. എത്ര തവണ ക്ഷമിച്ചു എന്നതിലല്ല. എത്ര ആഴത്തിൽ ക്ഷമിച്ചു എന്നതാണ്. പ്രധാനം ഒന്നോ രണ്ടോ തവണ ക്ഷമിക്കുവാൻ ആർക്കു കഴിയും. പുറത്താക്കാൻ എളുപ്പമാണ് ചേർത്തു പിടിക്കാനാണു വിഷമം. വഴക്കുപറഞ്ഞും അടിച്ചും ഇന്ന് ഒരാളെ നേർവഴികൊണ്ടു വരുവാൻ പ്രയാസമാണ്. അനുകമ്പയാണ് ഒരു മനസ്സിനെ മാറ്റി മറിക്കുന്നത്. ഇന്നല്ലെങ്കിൽ നാളെ വിട പറയുന്ന ഈ ലോകത്തിൽ ക്ഷമിക്കുവാനും മറക്കുവാനുമുള്ള മനസ്സുണ്ടെങ്കിൽ നമ്മൾ സമ്പന്നരാണ്. കോടികൾ ബാങ്കിൽ ഉള്ളവൻ നല്ല സമ്പന്നൻ കർത്താവിനെ നമ്മളാകുന്ന ഭവനത്തിൽ കൂടിയിരുത്തിയിട്ടുണ്ടെങ്കിൽ അവനാണു സമ്പന്നൻ. ജീവിതം ഒരു നാടകംപോലെയും ഒരു വണ്ടി യാത്രപോലെയും ലോട്ടറി ടിക്കറ്റുപോലെയും ഒക്കെയാണ്. നാടകത്തിന്റെ അവസാനരംഗം ആരെങ്കിലും ചിന്തിക്കുന്നുണ്ടോ ഏതു തരത്തിലായിരിക്കുമെന്ന്. നാടകത്തിലുള്ള നമ്മുടെ അഭിനയം നമ്മുടെ കർത്താവ് നോക്കി നിൽക്കുകയാണ്, മാർക്കിടാൻ. മുഴുവൻ A+ കിട്ടിയില്ലെങ്കിലും പാസ്സ് മാർക്ക് എങ്കിലും കിട്ടുവാൻ നമുക്ക് ചാൻസുണ്ടോ എന്നൊക്കെ നമ്മൾ സ്വയം ഒന്നു പരിശോധിച്ചു നോക്കുക. ലോട്ടറി ടിക്കറ്റ് എടുക്കുന്നതുപോലെ കിട്ടുമോ ഇല്ലയോ എന്നറിയില്ല കിട്ടുവാനുള്ള പ്രതീക്ഷ ഉള്ളതു കൊണ്ടാണല്ലോ ടിക്കറ്റ് പൈസ കൊടുത്തെടുക്കുന്നത്. നമ്മുടെ ജീവിതവും ഇതു തന്നെയാണ്, നാളെയെന്നുള്ള ഒരു പ്രതീക്ഷയാണ് നമ്മെ മുമ്പോട്ടു നയിക്കുന്നത്. ജീവിതയാത്രക്കാരാ, കാലടികൾ എങ്ങോട്ട്, നാശത്തിൻ പാതയോ ജീവിത ലക്ഷ്യമോ "ഇന്നല്ലെങ്കിൽ നാളെ ഇവിടെനിന്ന് നാം ഒഴിഞ്ഞു കൊടുക്കും." സായാഹ്നത്തിലെ നിഴൽപോലെ എന്റെ ദിനങ്ങൾ കടന്നു പോകുന്നു പുല്ലുപോലെ ഞാൻ വാടിക്കരിഞ്ഞുപോകുന്നു (സങ്കീ.102:11). ഈ ജീവിതമാകുന്ന നാടകം നാം അഭിനയിച്ചപ്പോൾ ഇറങ്ങി പ്പോകുമ്പോൾ നമ്മുടെ അഭിനയത്തെക്കുറിച്ച് അഭിപ്രായം പറയാൻ കുറെപ്പേരെങ്കിലും കാണും. എന്തായിരിക്കും നമ്മളെപ്പറ്റി പറയുന്നത്, അടുത്ത തലമുറ നമ്മളിൽനിന്ന് എന്തു പകർത്തിയെടുത്തു. കേട്ടു പഠിക്കുന്ന കാലം കഴിഞ്ഞു ഇപ്പോൾ കണ്ടുപഠിക്കുന്ന കാലമാണ്. "ആകയാൽ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താന്നിരിപ്പീൻ അതതുകാലത്ത് നിങ്ങളെ ഉയർത്തും. നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവീൻ.... നിങ്ങളുടെ ശത്രുവായ സാത്താൻ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചുകൊണ്ട് നടക്കുന്നു ആകയാൽ അവനെതിരായി എഴുന്നേൽപ്പാൻ" (1. പത്രോ. 5:6-8). തകർന്നുകൊണ്ടിരിക്കുന്ന ഈ തലമുറയ്ക്ക് നാം തീരാനഷ്ടമായി തീരാതിരിപ്പാൻ നമ്മുടെ കണ്ണുകളെ ദൈവത്തിങ്കലേക്ക് ഉയർത്താം. ദുഃഖങ്ങളും സങ്കല്പങ്ങളും മനസ്സിൽ പേറിക്കൊണ്ടുള്ള ഈ നീണ്ടയാത്ര അവസാനിക്കുമ്പോൾ സന്തോഷമായി ഇറങ്ങി പോകുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.

●

# ഏവൻഗേലിയോൻ ദീപം



റോയി മാത്യൂസ് കോർ എപ്പിസ്‌ക്കോപ്പാ, മുളമൂട്ടിൽ

**വാങ്ങിപ്പുപെരുന്നാളിനു ശേഷം 1-ാം ഞായർ**
**(വി. മർക്കോസ് 10: 35-45) (17-08-2025)**

ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്ന ത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ടു എന്നെ അനു ഗമിക്കട്ടെ.

അനുസരണം ശിഷ്യത്വത്തിന്റെ അടിസ്ഥാന തത്വമത്രെ. അനുസരണമുള്ള ശിഷ്യത്വത്തിൽ നിന്നു മാത്രമേ സഭ വള രുകയുള്ളൂ. സഭയിലെ ശിഷ്യത്വത്തിന്റെ വളർച്ച സഭയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ആശ്രയിച്ചിരിക്കുന്നു. വളർച്ചയില്ലാത്ത ശരീരം രോഗബാധിതമാണ്. സഭയിലെ വിവിധ അംഗങ്ങളുടെ വളർച്ചയിൽ നിന്നാണ് പൂർണ്ണ ആരോഗ്യം ഉത്ഭവിക്കുന്നത്. പൂർണ്ണ ആരോഗ്യമുള്ള സഭയ് ക്കു മാത്രമേ സഭ എന്നുള്ള പേരിൽ പ്രവർത്തിക്കുവാൻ അർഹതയുള്ളൂ. വേദശാസ്ത്ര പണ്ഡിതനായ ബോൺഹോ ഫർ ക്രിസ്തീയ സഭയിലെ ശിഷ്യത്വത്തിന് തടസ്സമായി നിൽക്കുന്ന ശത്രുവിന് 'വില കുറഞ്ഞ കൃപ' (Cheap grace) എന്നു പേരു നൽകിയിരിക്കുന്നു. ഇടവകകളിലും സഭയിലും കലഹങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണം വില കുറഞ്ഞ കൃപ എന്ന ശത്രുവിനെ സേവിക്കുന്നവരുടെ അംഗസംഖ്യ കൂടുന്നതിലത്രേ. ക്രിസ്തുസഭയിലെ ശിഷ്യത്വത്തിന്റെ സ്വഭാവം ആശ്രയിച്ചിരിക്കുന്നത് അതിലെ എത്ര ശതമാനം ആളുകൾ വിലകൂടിയ കൃപ (Costly grace) അനുഭവിക്കുന്നു എന്നതിലത്രേ. ഈ കൂട്ടർ ഇടവകയേയും സഭയേയും വിശ്വാ സത്തിന്റെ പരിധിയിൽ മനസ്സിലാക്കുന്നു. യഥാർത്ഥമായ വിശ്വാസത്തിൽ നിന്നു മാത്രമേ യഥാർത്ഥ ശിഷ്യനായിരി പ്പാൻ സാധിക്കുകയുള്ളൂ. ഇവരാണ് സമൂഹത്തിൽ ഉപ്പായും, വെളിച്ചമായും സ്ഥാനാപതികളായും പ്രവർത്തിക്കുന്നത്. ഒരു വിശ്വാസം, ഒരു സ്നാനം, ഒരു ശരീരം, ഒരു ആത്മാവ് എന്ന അടിസ്ഥാനത്തിൽ പണിത സഭയിലെ അംഗങ്ങൾ എത്ര ദൈവങ്ങളെയാണ് ദിവസവും ആരാധിക്കുന്നത്. ശിഷ്യത്വം സ്വീകരിച്ചാൽ എല്ലാവരും ദൈവമക്കൾ അത്രേ. അവർ ലോക ബന്ധങ്ങളോട് എന്നേക്കും യാത്ര പറഞ്ഞ് തന്നത്താൻ ത്യജിച്ച് യേശുവിന്റെ പിന്നാലെ പോകും. അപ്പോൾ അവർ ദൈവത്തിന്റെ ഭവനക്കാരത്രേ, ദൈവത്തിന്റെ കൂട്ടുവേല ക്കാരും കർത്താവിന്റെ കൈകളിൽ സുരക്ഷിതത്വം അനുഭ വിക്കുന്നവരുമത്രെ. സഭയിലെ ശിഷ്യത്വത്തിന്റെ വേറൊരു വശം പ്രശ്നങ്ങളോടുള്ള സമീപനരീതിയത്രെ. പ്രശ്നങ്ങൾ വരുമ്പോൾ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തു ന്നവനുമായ യേശുവിന്റെ ആദർശം നാം സ്വീകരിക്കണം. ആ ആദർശം നല്ല ശമര്യാക്കാരന്റെ പാതയാണ്. പക്ഷേ ലോകം ആ പാത ആഗ്രഹിക്കുകയില്ല. നല്ല ശമര്യാക്കാരന്റെ പാത ക്രൂശിന്റെ പാതയാണ്. ക്രൂശു കൂടാതെ സഞ്ചരിക്കു വാൻ ആഗ്രഹിക്കുന്ന സഭ ലോകത്തിന്റെ വഴികളെ അവ ലംബിക്കുന്നു. ക്രൂശിക്കപ്പെടാത്ത സഭ ഉയിർത്തെഴു ന്നേൽക്കുകയില്ല. ക്രിസ്തുവിന്റെ ക്രൂശീകരണവും ഉയിർത്തെഴുന്നേൽപ്പും ശിഷ്യത്വത്തിന്റെ രണ്ടു സ്വഭാവങ്ങ ളാണ്. കഷ്ടപ്പാടും, മഹത്വീകരണവും ശിഷ്യത്വത്തിന്റെ കാതലായി മനസ്സിലാക്കുമ്പോൾ മാത്രമേ ക്രിസ്തുവിൽകൂടി നവജീവന്റെ പരിപൂർണ്ണത കാണാൻ സാധിക്കുകയുള്ളൂ. പരിപൂർണ്ണരായിത്തീരുവാൻ ദൈവം നമ്മെ അനുഗ്രഹിക്ക ട്ടെ.

**വാങ്ങിപ്പുപെരുന്നാളിനു ശേഷം 2- ാം ഞായർ**
**(വി. ലൂക്കോസ് 11: 9-20) (24-08-2025)**

യാചിപ്പീൻ നിങ്ങൾക്ക് കിട്ടും അന്വേഷിപ്പിൻ കണ്ടെത്തും മുട്ടുവീൻ തുറന്നുതരാം എന്നു പ്രഖ്യാപിച്ചുകൊണ്ട് ആശ്ര യശീലം തന്റെ മക്കളിൽ ഉണ്ടാക്കുന്നതിനുവേണ്ടി കർത്താവ് പഠിപ്പിച്ച പാഠമാണ് ഇന്നത്തെ വിഷയം. ഈ വാഗ്ദത്തം ഊണിലും ഉറക്കത്തിലും നമ്മുടെ ശ്രവണ പുടങ്ങളിൽ അല തല്ലുവാൻ നാം അനുവദിക്കണം. അതിൽ ഉറച്ചു നിന്നു കൊണ്ട് മുട്ടിപ്പായി ചോദിച്ചാൽ ദൈവം അളവു കൂടാതെ നമ്മയെ വർഷിക്കും. "ഞാൻ ദൂരെ ഇരിക്കുന്ന ദൈവമല്ല. ഞാൻ നിനക്ക് ഏറ്റവും അടുത്ത തുണയാണ്. കഷ്ടതയുടെ നടുവിൽ ഞാൻ നിന്നെ സഹായിക്കും അന്ധകാരത്തിൽ ഞാൻ നിന്റെ പ്രകാശവും അത്രേ!" എന്നും കർത്താവ് അരു ളിചെയ്തുകൊണ്ട് നമ്മുടെ സമീപത്തുണ്ട്. അവന് അതിര് ഇടുവാൻ ആർക്കു കഴിയും. നമുക്കുവേണ്ടി അവൻ നിക്ഷേ പങ്ങൾ സ്വരൂപിച്ചുവയ്ക്കുകയില്ല. അപ്പോൾ വേണ്ടത് പുതി യത് ഒരുക്കി തരുകയത്രെ. അതിന്റെ ആഴം ആരും ഇതു വരെ കണ്ടിട്ടില്ല. ഇതോർത്തു നമ്മുടെ ഹൃദയം സന്തോഷി ക്കട്ടെ. നമ്മുടെ ചിന്തകൾ അതിരുകവിഞ്ഞ് ഒഴുകട്ടെ. അവൻ തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി കരുതിയിരിക്കുന്നു. അതു കൊണ്ട് ദൈവ പൈതലേ, ഓരോ ദിവസവും സന്തോഷ ത്തോടെ ഉണരുക. അവനോട് യാചിക്കുക അവൻ നമുക്കു വേണ്ടി സകലതും കരുതിയിട്ടുണ്ട്. ആവശ്യങ്ങൾക്കെല്ലാം അവൻ സകല ഏർപ്പാടുകളും ചെയ്തുവച്ചിരിക്കുകയാണ്. മരുഭൂമിയിൽ മേശ ഒരുക്കുവാൻ സാധിക്കുന്ന ദൈവം അവൻ പാറയെ അടിച്ചു വെള്ളം പുറപ്പെട്ടു. തോടുകളും കവിഞ്ഞൊ ഴുകി സത്യം. എന്നാൽ അപ്പവും മാംസവും തരുവാൻ തക്ക വണ്ണം അത്ര വിശ്വസ്തനാണ് നമ്മുടെ ദൈവം. പൂർവ്വ കാലത്തു പൂർവ്വികരെ പോറ്റിപുലർത്തിയവൻ ഭാവിയിലും നടത്തും. പിൻതലമുറക്കാരെയും പോഷിപ്പിക്കുമെന്ന് വിശ്വ സിക്കാൻ കഴിവില്ലാതെ പോയതാണ് നമുക്ക് സംഭവിച്ചിരി ക്കുന്ന കുറവ്. വിശന്നവരെയും ദാഹിച്ചവരേയും അപ്പവും വെള്ളവും കൊടുത്തു പോഷിപ്പിച്ച അത്ഭുതം ഒന്നിലധികം പ്രാവശ്യം കണ്ടിട്ടും അതു തിരിച്ചറിയുകയോ ഓർത്തിരിക്കു കയോ ചെയ്യാത്തതാണ് തെറ്റ്. ഇപ്പോഴും നിങ്ങൾ ഗ്രഹി ക്കുന്നില്ലയോ. നിങ്ങളുടെ ഹൃദയം കടുത്തിരിക്കുന്നുവോ. കണ്ണ് ഉണ്ടായിട്ടും കാണുന്നില്ലയോ. ചെവിയുണ്ടായിട്ടും കേൾക്കുന്നില്ലയോ ഓർക്കുന്നതുമില്ലയോ എന്നാണ് യേശു ശിഷ്യന്മാരോടു ചോദിച്ചത്. കാനാവിൽ വെള്ളം വീഞ്ഞാക്കി യതും അഞ്ചപ്പംകൊണ്ട് അയ്യായിരത്തേയും നാല് അപ്പം കൊണ്ട് ഏഴായിരത്തേയും പോഷിപ്പിച്ചതും ശേഷിച്ച കുട്ട കളിൽ നിറച്ചതും എല്ലാം ശിഷ്യന്മാർ ഓർത്തിരിക്കുന്നു. പക്ഷേ അവർ അതിലേക്കു തിരിഞ്ഞു നോക്കിയില്ല എന്ന താണ് അവരുടെ കുറവ്. ഫ്രാൻസിലുള്ള ഒരു പള്ളിയുടെ ഭിത്തി കപ്പലപകടത്തിൽ നിന്നും രക്ഷപ്പെട്ടവർ നന്ദി സൂച

കമായി കാഴ്ചവച്ച യാനപാത്രങ്ങളുടെ ശില്പങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നതുപോലെ കഴിഞ്ഞകാലത്തു നമ്മെ ആപത്തുകളിൽ നിന്നു വിടുവിച്ചതിന്റെയും ആവശ്യങ്ങൾ അത്ഭുതകരമായി നിറവേറ്റിയതിന്റെയും നന്ദിയോടുകൂടിയ സ്മരണ നമ്മുടെ ഹൃദയ ഭിത്തികളിൽ തൂക്കിയിടേണ്ട സ്മാരക ചിത്രങ്ങളത്രേ. ആ ഓർമ്മയും അതിൽ പഠിച്ച പാഠങ്ങളുടെ പ്രകാശവുമാണ് നമ്മെ ഭീതിയും സംശയവുമാക്കുന്ന ഇരുളിൽ വഴികാട്ടി വിശ്വാസ ജീവിതത്തിന്റെ വിജയത്തിലേക്ക് നയിക്കേണ്ടത്.

**വാങ്ങിപ്പുപെരുന്നാളിനു ശേഷം 3-ാം ഞായർ**
**(വി. മത്തായി 17: 22-27) (31-08-2025)**

യേശുവും ശിഷ്യന്മാരും മറുരൂപമലയിൽ നിന്ന് കഫർന്നഹൂമിൽ എത്തിയപ്പോൾ ദൈവാലയത്തിന്റെ ആണ്ടുവരി പിരിവുകാർ പത്രോസിന്റെ അടുക്കൽ വന്നു. നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചു. ഈ വിവരം അറിയിക്കുവാൻ പത്രോസ് ഗുരുവിനെ സമീപിച്ചു. രാജാക്കന്മാർ കരം വാങ്ങുന്നത് പുത്രന്മാരോടോ അന്യരോടോ എന്നു ഗുരു ചോദിച്ചതിനു അന്യരിൽ നിന്നത്രേ എന്നു പത്രോസ് പറഞ്ഞു. യേശു ദൈവത്തിന്റെ പുത്രനെന്നു സർവ്വ സ്വതന്ത്ര പദവി പ്രാപിച്ചു നിൽക്കേ കരം കൊടുക്കേണ്ട കാര്യമില്ല. ദൈവാലയം മ്ശിഹായുടെ മന്ദിരമാണ്. യേശു 12-ാം വയസ്സു മുതൽ ദൈവാലയത്തെക്കുറിച്ച് "എന്റെ പിതാവിന്റെ ആലയം" എന്നു പറയുന്നതിൽ ആ സാക്ഷാത്ക്കാരത്തിന്റെ ശബ്ദമാണ് കേൾക്കുന്നത്. മോശ ദൈവത്തിന്റെ ഭവനത്തിനൊക്കെയും വിശ്വസ്തനായിരുന്നത് സാക്ഷ്യം പറയുന്ന ഒരു ഭൃത്യനെന്ന നിലയിലാണെങ്കിൽ യേശു ദൈവഭവനത്തിന്റെ അധികാരിയായ പുത്രനായിട്ടാണിരുന്നത്. എങ്കിലും ഇടർച്ച ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി സകല ശ്രേഷ്ഠാധികാരത്തിനും നിയമത്തിനും കീഴ്പ്പെട്ടു. കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുന്നതു യുക്തമെന്നു കരുതുകയും പഠിപ്പിക്കുകയും ചെയ്തു. അതിനുള്ള പണം കണ്ടെത്തുവാനുള്ള മാർഗ്ഗവും പറഞ്ഞുകൊടുക്കുന്നു. നീ കടലിലേക്കു ചെന്നു ചൂണ്ടയിട്ട് ആദ്യം കിട്ടുന്ന മീനിനെ എടുക്കുക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും. അത് എടുത്തു എനിക്കും നിനക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു. ഈ സുവിശേഷത്തെ നാലു പണം സമ്പാദിക്കാൻ യേശു ചെയ്ത ഒരു അത്ഭുതമെന്ന് ആക്ഷേപിക്കുന്നവർ പലരും ഉണ്ട്. പ്രസിദ്ധ വേദശാസ്ത്ര പണ്ഡിതൻ ഫറാർ (Farar) പറയുന്നത് കർത്താവ് തന്റെ സ്വന്ത ആവശ്യം നിറവേറ്റുന്നതിന് ഒരിക്കലും അത്ഭുതം പ്രവർത്തിച്ചിട്ടില്ല. ആർക്കും ഇടർച്ച കൂടാതെയും ശിഷ്യന്റെ വാക്കിനെ അംഗീകരിച്ചും തന്റെ അന്തസ്സു നശിപ്പിക്കാതെയും ന്യായപ്രമാണത്തോടു തനിക്കുള്ള വിധേയത്വം വ്യക്തമാക്കിയും നടത്തുന്ന ഈ പണമിടപാട് ഒരു പ്രത്യേക വിധത്തിലാകട്ടെ എന്നു ഗുരു നിശ്ചയിച്ചു. തന്റെ മഹത്വവും മഹാമനസ്ക്കതയും ദിവ്യശക്തിയും വെളിപ്പെടത്തക്കവണ്ണം മത്സ്യവക്ത്രത്തിൽ നിന്നു തന്നെ ഉദ്ധരിച്ചെടുത്ത ഉദ്ധാരണപ്പണം കൊടുത്തുകളയാമെന്നു യേശു തീരുമാനിച്ചു എന്നാണ് ക്ലാറിയൂസ് പറയുന്നത്. തിളങ്ങുന്ന നാണയങ്ങളും ബട്ടണുകളും ചെറിയ മത്സ്യങ്ങൾ തന്നെയല്ല, സ്രാവുകളും മറ്റു വൻമത്സ്യങ്ങളും കൊത്തിപ്പെറുക്കിയവ അവയുടെ ഉള്ളിൽ നിന്നു കിട്ടിയ ധാരാളം സംഭവങ്ങൾ അനുഭവസ്ഥർ രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ഇവിടെ അത്ഭുതം പ്രവർത്തിക്കുന്നില്ല. അതീന്ദ്രീയ ജ്ഞാനം വെളിപ്പെടുത്തുകയാണ് ചെയ്തത്. പെസഹാ കഴിപ്പാൻ ശിഷ്യന്മാർ എവിടെയാണ് അത്താഴം ഒരുക്കേണ്ടതെന്നു ചോദിച്ചപ്പോൾ നഗരത്തിൽ ചെല്ലുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരു മനുഷ്യൻ നിങ്ങളെ എതിർപ്പെടും. അവന്റെ പിന്നാലെ ചെന്ന് ഒരുക്കുവീൻ എന്നു ഗുരു പറഞ്ഞു. അതുപോലെ സംഭവിച്ചു. നഥാനിയേലിനെ അത്തിയുടെ ചുവട്ടിൽവച്ചു കണ്ടു. പടകിന്റെ വലതുവശത്തു മീൻകൂട്ടത്തെ യേശു കണ്ടു. ഈ ദൃശ്യങ്ങൾ യേശുവിന്റെ അതീന്ദ്രിയ ദൃഷ്ടിക്കു വിഷയമായതാണ് അത്ഭുതം. അതുകൊണ്ട് ഏതു വിഷയത്തിനും പരിഹാരമാർഗ്ഗം കാണുവാനുള്ള കഴിവ് കർത്താവിനുണ്ടെന്നും അദ്ദേഹത്തിന്റെ അനുയായികൾ അതിനെപ്പറ്റി വേവലാതിപ്പെടേണ്ടതില്ലെന്നും ഇന്നു നമ്മെ പഠിപ്പിക്കുന്നു.

മീനിന്റെ ഉള്ളിലെ പണം കണ്ട കർത്താവിനു മറഞ്ഞിരിക്കുന്നത് ഒന്നുമില്ല എന്നുള്ള ചിന്തയോടെ അവന്റെ മുമ്പിൽ കുറ്റമില്ലാത്തവരായിരിപ്പാൻ നമുക്ക് സാധിക്കുമോ എന്നു ചിന്തിച്ച് കുറ്റമില്ലാത്ത ഹൃദയം ഉള്ളവരായിരിപ്പാൻ ശ്രമിക്കാം.

**വാങ്ങിപ്പുപെരുന്നാളിനു ശേഷം 4-ാം ഞായർ**
**(വി. മർക്കോസ് 6: 1-6) (07-09-2025)**

അവരുടെ അവിശ്വാസം ഹേതുവായി അവൻ ആശ്ചര്യപ്പെട്ടു. വിശ്വാസത്തിൽ വീരന്മാരായവരെയത്രേ ദൈവത്തിനു ഉപയോഗിക്കാൻ കഴിയുന്നത്. സ്തേഫാനോസിനെക്കുറിച്ച് അവൻ വിശ്വാസവും പരിശുദ്ധാത്മാവിന്റെ നിറവും ഉള്ളവൻ എന്നാണ് പറഞ്ഞിരിക്കുന്നത്. ദൈവത്തിനു പ്രവർത്തിക്കാൻ കഴിയാതെയിരിക്കുന്നതിന്റെ രഹസ്യം തന്റെ മക്കളിലുള്ള അവിശ്വാസം അത്രേ. അവിശ്വാസം പാപമാണ്. അകൃത്യം ഉള്ളിടത്തോളം കാലം ദൈവം ഒന്നും പ്രവർത്തിക്കുകയില്ല. അവിശ്വാസികൾ മനുഷ്യരെ ഭയപ്പെടുന്നവരും ദൈവത്തിനു വേണ്ടി വിശ്വാസത്തിൽ മുൻപോട്ടു കാലു വയ്ക്കുന്നതിനു മടിക്കുന്നവരുമായി തീർന്നിട്ടുണ്ട്. ദൈവഹിതത്തിനു തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചവർക്കും ദൈവത്തെ പൂർണ്ണമായി അനുസരിക്കുന്നതിന് സന്നദ്ധരായിട്ടുള്ളവർക്കും മാത്രമേ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ കരങ്ങളിലേയ്ക്ക് ചോദ്യം ചെയ്യാതെ എറിഞ്ഞുകൊടുക്കുമ്പോഴാണ് വിശ്വാസത്തിനു വീര്യം വർദ്ധിക്കുന്നത്. രാജ്യങ്ങളെ അടക്കുകയും നീതി പ്രവർത്തിക്കുകയും വാഗ്ദത്തങ്ങൾ പ്രാപിക്കുകയും സിംഹത്തിന്റെ വായ് അടയ്ക്കുകയും തീയുടെ ബലത്തെ കെടുത്തുകയും ചെയ്യുന്ന വിശ്വാസമത്രേ നമുക്ക് ഉണ്ടായിരിക്കേണ്ടത്. നമ്മുടെ ജീവിതത്തിലും ജീവിതം കൊണ്ടും അത്ഭുതം നടക്കാതിരിക്കുന്നത് നമ്മുടെ വിശ്വാസം നിമിത്തമാണ്. ദൈവത്തിന്റെ സർവ്വശക്തിയിൽ നാം വിശ്വസിക്കുന്നു എന്ന് പറഞ്ഞേക്കാം. എന്നാൽ വിശ്വാസത്തിന്റെ കരം കൃപയുടെ സിംഹാസനത്തെ സ്പർശിക്കുന്നതുവരെ യഹോവയുടെ വാൾ ഉറയിൽ തന്നെ ഇരിക്കും. യരിഹോ പട്ടണത്തിന്റെ മതിലിനെ തകർത്ത ദൈവത്തിനു യിസ്രായേൽ കാദേശ് ബർണയിൽ കടന്നപ്പോൾ കണ്ട മല്ലന്മാരെ തോൽപ്പിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ അവരുടെ അവിശ്വാസവും, മത്സരവും നിമിത്തം അവർ തോൽക്കേണ്ടി വന്നു. തന്നെ അനുസരിക്കുകയും, വിശ്വസിക്കയും ചെയ്യുന്ന ജനത്തിന് ദൈവം ഇന്നും ജയം നല്കിക്കൊണ്ടത്രേ ഇരിക്കുന്നത്. ഇന്ന് നമ്മുടെ സഭയ്ക്ക് സകലവിധമായ സജ്ജീകരണങ്ങളും ഉണ്ട്. എന്നാൽ വിശ്വാസ വീരന്മാരായവരുടെ സംഖ്യ വളരെ കുറഞ്ഞുപോയിരിക്കുന്നു എന്നതാണ് സഭയുടെ തോൽവി. പ്രതിബന്ധങ്ങളാകുന്ന പർവ്വതങ്ങൾ മുമ്പിൽ നിന്ന് മാറിപ്പോകാത്തതിന്റെ കാരണം വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ഇല്ല എന്നുള്ളതാണ്.

അവിശ്വാസം എന്നതോ ആശിക്കുന്നതിനെക്കുറിച്ചുള്ള ചഞ്ചലവും കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള സംശയവും ആകുന്നു. ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്ക

പ്പെട്ടുവെന്നും ഈ കാണുന്ന ലോകത്തിൽ ദൃശ്യമായതല്ല കാരണം എന്നും ഉള്ള സത്യത്തെ നിഷേധിക്കുന്നത് അവിശ്വാസത്താലാണ്. അവിശ്വാസം നിമിത്തം ലാമെക്ക് ഒരു മനുഷ്യനോട് കലഹിക്കുകയും അവനെ കൊന്നുകളയുകയും ചെയ്തു. ദൈവം അവനെ ശിക്ഷിക്കയാൽ കാണാതായി. അവിശ്വാസിക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. അവിശ്വാസം ഹേതുവായി അബ്രഹാം മിസ്രയിമിൽ വച്ചു ഭാര്യയുടെ കാര്യത്തിൽ വ്യാജം പറഞ്ഞു. ദൈവം വാഗ്ദത്തം ചെയ്തതു നിവർത്തിക്കും എന്നു കാത്തിരിക്കാതെ വാഗ്ദത്ത സന്തതിയെ ലഭിക്കേണ്ടതിന് സാറാ അബ്രഹാമിനു ഹാഗാറിനെ കൊടുത്തു. അതിന്റെ ഫലമായി ഉണ്ടായ സന്തതിയത്രേ യിശ്മായേൽ. ആയതിനാൽ അവൻ സകല കാര്യത്തിനും വിരുദ്ധം നിൽക്കുന്നവനായി. ഇസഹാക്കിന്റെ മക്കളും യിശ്മായേലിന്റെ മക്കളും തമ്മിൽ ഇന്നു കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ദൈവത്തിനു സകലവും കഴിയും എന്നുള്ള സത്യം പലപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. അതു സംശയിക്കാതെ സാത്താൻ കൊണ്ടുവരുന്ന ചോദ്യങ്ങളായ തീയമ്പുകളെ തടുത്തുകളക. സകലവും പ്രതികൂലമാകുന്ന സന്ദർഭം വിശ്വാസം നഷ്ടപ്പെട്ടു പോകുന്ന സമയമല്ല. അത് അതിവിശുദ്ധ വിശ്വാസം വെളിപ്പെടുവാനുള്ള അവസരമാണ്. ●

---

# നിങ്ങൾ നിൽക്കുന്ന സ്ഥാനത്ത് വിശ്വസ്തരാണോ?

കെ. യു. ഉതുപ്പാൻ മൂഴിപ്പാറ

**ഈ** ചോദ്യത്തിന് അനേകർ അതെ എന്ന് ഉത്തരം പറയും. പലരും താനായിരിക്കുന്ന സ്ഥാനത്ത് തന്റെ കടമകൾ നിറവേറ്റാതിരിക്കുമ്പോൾ താൻ ആ സ്ഥാനത്ത് വിശ്വസ്തൻ അല്ലാതായിത്തീരുന്നു. മറിച്ച് തന്റെ കടമകൾ യഥാർത്ഥ ബോധത്തോടെ നിറവേറ്റുമ്പോൾ താൻ വിശ്വസ്തനായി ത്തീരും.

പൂർവ്വപിതാവായ യാക്കോബിന്റെ പുത്രൻ ജോസഫിനെപ്പറ്റി വിവരിക്കുന്നത് (ഉല്പ. 39:2–6) തന്നെ വിലക്കുവാങ്ങിയ പോത്തിഫറിന്റെ ഭവനത്തിൽ വിശ്വസ്തൻ ആയിരുന്നിട്ടും കഷ്ടതയും കഠിനശോധനയും തനിക്ക് നേരിടേണ്ടി വന്നു. അപ്പോഴും താൻ കൃതാർത്ഥനായിരുന്നു എന്ന് നാം വായിക്കുന്നു. പൊട്ടക്കിണർ, അടിമത്വം, കൽത്തുറുങ്ക്, കാരാഗൃഹം ഒന്നും അവനെ തളർത്തിയില്ല "യഹോവ അവനോടു കൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായിരുന്നു".

വിശ്വസ്ത മനുഷ്യൻ എപ്പോഴും പരീക്ഷണ വിധേയനാകുന്നത് സാധാരണമാണ്. എന്നാൽ ആ സന്ദർഭത്തിൽ പതറിപ്പോകാതെ അതിനെ നേരിടണം എന്നാണ് ദൈവവചനം പറയുന്നത്.

കർത്താവിന്റെ സഹോദരനായ യാക്കോബ് ശ്ലീഹാ പറയുന്നു (യാക്കോബ് 1:12) പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ കൊള്ളാവുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്യുന്ന ജീവകിരീടം ലഭിക്കും.

പിതാവിന്റെ ഇഷ്ടപുത്രനായി വിലയേറിയ നിലയങ്കി ധരിച്ച് ഭവനത്തിൽ കഴിഞ്ഞവനാണ് യോസഫ്. എന്നാൽ സഹോദരന്മാർ എല്ലാം അവന് എതിരായിരുന്നു. പോത്തിഫറിന്റെ ഭാര്യ ദുഷി പറഞ്ഞിട്ടും അവൻ പരാജയപ്പെട്ടില്ല. യോസഫ് വിശ്വസ്തതയിലൂടെ വിജയം കൈവരിച്ചു.

ദാവീദ് തന്റെ അനുഭവത്തിൽ മനുഷ്യപുത്രന്മാരിൽ വിശ്വസ്തന്മാർ കുറഞ്ഞതായി സങ്കീ.12:1 ൽ രേഖപ്പെടുത്തി ഇരിക്കുന്നു.

എന്നാൽ പരി.പൗലോസ് ശ്ലീഹാ പറയുന്നു. 1 കോരി. 4:12 ൽ ശകാരം കേട്ടിട്ടും ആശീർവദിക്കാനും ഉപദ്രവം ഏറ്റിട്ട് സഹിക്കുവാനും ഭൂഷണം ഏറ്റിട്ട് നല്ലവാക്കു പറയുവാനും താൻ വിശ്വസ്തൻ ആയിരുന്നു എന്ന് ശ്ലീഹാ സാക്ഷിക്കുന്നു.

നാടും നാട്ടിൻ നടപ്പും ഒരു ക്രിസ്ത്യാനിക്ക് എതിരായിരിക്കാം. എന്നാൽ തന്നെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യാനി വിശ്വസ്തൻ ആയിരിക്കണം.

പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു "നിങ്ങൾ മരിച്ചിട്ട് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ മറഞ്ഞിരിക്കുന്നു".

ക്രിസ്തു എപ്രകാരം തന്റെ പിതാവിനോടു വിശ്വസ്തൻ ആയിരുന്നുവോ അപ്രകാരം ഒരു ക്രിസ്ത്യാനി ദൈവത്തോടും അവന്റെ കല്പനയോടും വിശ്വസ്തൻ ആയിരിക്കണം.

പൗലോസ് ശ്ലീഹാ കാരാഗ്രഹത്തിലും ദൈവവേലയിലും ദൈവത്തോടു കൂടെയും ആയിരിക്കുന്നു.

പാപത്തെ കണ്ടെത്തിയ ദാവീദ് പ്രാർത്ഥിച്ചു "ഞാൻ വായ തുറക്കാതെ ഊമനായിരുന്നു" സങ്കീ.39: 2,9, എനിക്ക് ഒരു യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ട്. അവനോടു കണക്ക് പറയേണ്ട ഒരു ദിവസം വരും. അതേ "ദൈവത്തിന്റെ വലുതും ഭയങ്കരവുമായ ദിവസം" അന്ന് വിശ്വസ്തന്മാർക്ക് ഉത്സവത്തിന്റെയും സന്തോഷത്തിന്റെയും ദിവസമാണ്.

20 വെള്ളിക്കാശിനു സഹോദരന്മാരാൽ വിൽക്കപ്പെട്ട ജോസഫ് വർഷങ്ങൾക്ക് ശേഷം സഹോദരന്മാരെ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞു. (ഉല്പ. 45:1–15). വീട് വിട്ട് ഓടിപ്പോയവനായ യാക്കോബ് 20 വർഷങ്ങൾക്ക് ശേഷം മാർഗ്ഗമദ്ധ്യേ "ദൈവദൂതന്റെ മുൻപിൽ തന്നെ ഏറ്റുപറഞ്ഞു കുമ്പസാരിച്ചപ്പോൾ തന്നാൽ കബളിക്കപ്പെട്ട സഹോദരൻ ഏശാവിനെ യജമാനൻ എന്നു വിളിച്ച് ആദരിക്കുവാനും ഏശാവിന്റെ മുഖം ദൈവമുഖംപോലെ കാണുവാനും ഇടയായി.

ജോൺ പോൾ മാർപ്പാപ്പാ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ 20 കോടി വരുന്ന തന്റെ ജനങ്ങളോടു മാപ്പു പറഞ്ഞത് പത്രത്തിൽ കണ്ടിരുന്നു. തന്റെ ശുശ്രൂഷാ കാലയളവിൽ ജനത്തിന് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ മാപ്പ്. അതാണ് വിടവാങ്ങൽ സന്ദേശം.

ഒരുവന്റെ ജീവിതത്തിൽ വിശ്വസ്തതയ്ക്ക് ഭംഗം വരുത്തിയിട്ടുണ്ടെങ്കിൽ അത് ഏറ്റു പറഞ്ഞ് പുതിയ ജീവിതത്തിന്റെ ഉടമകളാകുവാൻ ദൈവസഹായം ആവശ്യമാണ്. അതാണ് പരി. സഭ നമ്മെ പഠിപ്പിക്കുന്നത്. അങ്ങനെ വിശ്വസ്ത ജീവിതം നയിച്ച് വാഗ്ദത്ത നാട്ടിൽ പുതിയ ജീവിതം ലഭിക്കുവാൻ ഇടപെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

# പരി. സുറിയാനി സഭ എന്തുകൊണ്ട് വി. കുർബ്ബാന യിൽ പുളിപ്പുള്ള അപ്പം ഉപയോഗിക്കുന്നു

ഉണ്ണി ഏബ്രഹാം, കൊറ്റുചാലിൽ, ഇരവിപേരൂർ

പഴയനിയമ ഇസ്രായേലിലെ പ്രധാന വാർഷിക പെരുന്നാളുകൾ അഥവാ ഉത്സവങ്ങൾ 7 എണ്ണം ആണ്. പെസഹ പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ, ആദ്യഫലപെരുന്നാൾ, പെന്തിക്കോസ്തി, കാഹളപെരുന്നാൾ, മഹാപാപപരിഹാര പെരുന്നാൾ, കൂടാരപെരുന്നാൾ എന്നിവ. അവയെല്ലാം ദൈവീക നിഷ്കർഷ പ്രകാരം അവർ ആചരിച്ചിരുന്നു (നഹും.1:15). പെരുന്നാളുകളുടെ ഉദ്ദേശം ദൈവം നൽകിയ നന്മകൾക്കും അനുഗ്രഹത്തിനുമായി നന്ദി അർപ്പിക്കുക, സ്തുതി അർപ്പിക്കയെന്നതാണ്. ആദ്യത്തെ രണ്ട് പെരുന്നാളുകളാണ് പെസഹായും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളുകളും (മർക്കോ.4:1). ഇത് 430 വർഷത്തെ മിസ്രയിമിലെ അടിമത്വത്തിൽ നിന്ന് ഇസ്രായേൽ ജനത്തെ വിടുവിച്ചതിന്റെ മഹത്വസ്മരണയെ അനുസ്മരിപ്പിക്കുന്നു. ഇത് യഹൂദാ വർഷത്തിലെ ആദ്യമായ ആബീബ് മാസത്തിലാണ് (പുറ.12:1-27). ആബീബുമാസം 10-ാം തീയതി തന്നെ പെസഹാ കുഞ്ഞാടിനെ ഒരുക്കി നിർത്തുന്നു (പുറ.12:3). 14-ാം തീയതി വരെ അതിനെ സൂക്ഷിച്ച് 14-ാം തീയതി സന്ധ്യാസമയത്ത് ഭവനങ്ങളിൽ ഗൃഹനാഥന്റെ നേതൃത്വത്തിൽ ആടിനെ അറുത്ത് അതിന്റെ മാംസവും കയ്പ് ചീര, പുളിപ്പില്ലാത്ത അപ്പം, എന്നിവയോടുകൂടി പെസഹ ഭക്ഷിച്ച് ആചരിക്കുന്നു (പുറ.12:6-8). അരകെട്ടി, ചെരിപ്പിട്ട്, കൈയ്യിൽ വടി പിടിച്ച് തിടുക്കത്തോട് പെസഹ ഭക്ഷിക്കുന്നു (പുറ.12:10-11). 14-ാം തീയതി രാത്രി ഭവനത്തിൽനിന്ന് പുളിപ്പ് പൂർണ്ണമായി നീക്കിക്കളയുന്നു. പിന്നെ 7 ദിവസം പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനങ്ങളാണ് (ആവ.16:3, പുറ.13:6, പുറ.12:5). പുളിപ്പില്ലായ്മ കഷ്ടതയെയും ക്ലേശത്തെയും സൂചിപ്പിക്കുന്നു (യെശ.30:20). അടിമത്വത്തെ സൂചിപ്പിക്കുന്നു. (ഗല. 4:25) ഭയത്തെയും ആകസ്മികതയേയും സൂചിപ്പിക്കുന്നു. അവിടെ ഫറവോനെ ഭയപ്പെടണം, കൊള്ള മുതൽ കൈയ്യിലുള്ളതിനാൽ മിസ്രയിമ്യരെ ഭയപ്പെടണം (പുറ12:36). കടിഞ്ഞൂൽ സംഹാരത്തിൽ ഭയന്ന മിസ്രയിമ്യർ അവരെ ധൃതിയിൽ ഓടിക്കുന്നു. (പുറ.12:33) അവിടെ മാവ് പുളിക്കാൻ സമയമില്ല, രാത്രിയിലെ ഭയത്താലുള്ള ഓട്ടമാണ് (പുറ.12:39). ലേവ്യ പുരോഹിതൻ 15-ാം തീയതി 3 മണിക്ക് പെസഹാ കുഞ്ഞാടിനെ അറുത്ത് പെസഹാ ആചരിക്കുന്നു. ഉത്സവങ്ങളിലെ ആചരണരീതികൾ എബ്രായ നടപടിക്രമങ്ങളിൽ കാണാവുന്നതാണ്.

കർത്താവിനെ ക്രൂശിച്ച വർഷം യഹൂദന്റെ 1500-ാമത്തെ പെസഹായായിരുന്നു. അന്ന് ഭവനങ്ങളിൽ 2 ലക്ഷം ആടുകളും ദൈവാലയത്തിൽ 16000 ആടുകളും അറുക്കപ്പെട്ടതായി യഹൂദാ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. യഹൂദന്മാർ പെസഹാകുഞ്ഞാടിനെ ഒരുക്കി നിർത്തുന്ന ആബീബ് മാസം 10-ാം തീയതി തന്നെ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന പെസഹാ കുഞ്ഞാട് (യോഹ. 2:29) ആയ കർത്താവ് യറുശലേമിൽ എത്തിച്ചേർന്നു. (മത്താ. 21:1-16). എന്നാൽ കർത്താവിന്റെ കാലമായപ്പോഴേക്കും ലോകത്തിന്റെ നാനാഭാഗത്തുനിന്നും യഹൂദന്മാരും യഹൂദ മതാനുസാരികളും യരുശലേമിൽ പെരുന്നാളുകളിൽ ഒത്തുകൂടുന്ന പതിവുണ്ടായിരുന്നു (അപ്പൊ.2:5). യഥാർത്ഥ പെസഹായുടെ 15-ാം തീയതി എല്ലാവർക്കും ഒരുപോലെ പെസഹ ആചരിക്കുന്നത് ബുദ്ധിമുട്ടായിരുന്നതിനാൽ റോമൻ സർക്കാരുമായുള്ള ഉടമ്പടി പ്രകാരം ഒരു കൂട്ടർ 14-ാം തീയതി വൈകിട്ട് പെസഹ ആചരിച്ച് പിരിഞ്ഞു പോയിരുന്നു. അതിനു ചെറു പെസഹായെന്ന് പേരായിരുന്നു. അന്ന് ഉപയോഗിച്ചിരുന്ന അപ്പം പുളിപ്പുള്ളതായിരുന്നു. കർത്താവ് തന്റെ അപ്പോസ്തോലന്മാരുമായി (ലൂക്കോ.6:14) മർക്കോസിന്റെ മാളികയിൽ പുതിയ നിയമ പെസഹ ആയി കുർബ്ബാന സ്ഥാപിച്ചത് വ്യാഴാഴ്ചയായിരുന്നു. അതിനാൽ അത് ചെറുപെസഹായും അന്ന് ഉപയോഗിച്ച അപ്പം പുളിപ്പുള്ളതുമായിരുന്ന (മർക്കോ.14:15). ആബീബുമാസം 15-ാം തീയതി വെള്ളിയാഴ്ച കർത്താവിനെ പ്രഭാതത്തിൽ വിസ്തരിക്കുമ്പോൾ യഹൂദന്മാർ പെസഹ ആചരിച്ചിരുന്നില്ല (യോഹ. 18:29). അതിൽനിന്നും യേശുവിന്റെയും ശിഷ്യന്മാരുടെയും പെസഹ വ്യാഴാഴ്ചയായിരുന്നുവെന്ന് വ്യക്തമാകുന്നു. യഹൂദന്റെ പെസഹായിൽ കഷ്ടത, അനുഗ്രഹം, വീണ്ടെടുപ്പ്, സ്തോത്രം, വരുവാനുള്ള മിശിഹായെക്കുറിക്കുന്ന 5 പാനപാത്രം വയ്ക്കുമ്പോൾ കർത്താവിന്റെ പുതിയ നിയമ പെസഹായാൽ 4 പാനപാത്രം മാത്രം (ലൂക്കോ.2:11). 4-ാ മത്തെ പാനപാത്രം കഴിച്ചാണ് കർത്താവ് ഒലിവ് മലയിലേക്കു പോയത് (മർക്കോ.14:26). ലേവ്യ പുരോഹിതൻ ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുമ്പോൾ ഇവിടെ മൽക്കിസദേക്കിന്റെ ക്രമപ്രകാരം മഹാപുരോഹിതനാണ് കാർമ്മികൻ. രണ്ടിടത്തും ബലിവസ്തു അപ്പവും വീഞ്ഞും. ഉല്പ. 14:18-19), (മർക്കോ.14:22-24). ലേവ്യ പുരോഹിതൻ പെസഹായിൽ കൈകഴുകുമ്പോൾ കർത്താവ് ശ്ലീഹന്മാരുടെ കാലുകളെ കഴുകുന്നു (യോഹ.13:4-6). ലേവ്യ പുരോഹിതൻ ദൈവാലയത്തിൽ 15-ാം തീയതി വെള്ളിയാഴ്ച 3 മണിക്ക് പെസഹാ കുഞ്ഞാടിനെ അറക്കുമ്പോൾ സാക്ഷാൽ പെസഹാ കുഞ്ഞാടായ കർത്താവ് പാളയത്തിനു പുറത്ത് കുരിശിൽ അറുക്കപ്പെട്ടു (യോഹ.19:17-24). "നമ്മുടെ പെസഹാ കുഞ്ഞാട് അറുക്കപ്പെട്ടിരിക്കുന്നു അത് ക്രിസ്തു തന്നെ." (1.കൊരി.5:7). ലേവ്യ പുരോഹിതൻ കൈമലർത്തി പാപമോചനം യാചിക്കുമ്പോൾ നമ്മുടെ കർത്താവ് തന്റെ ആത്മാവിനെ പിതാവിൽ ഭരമേൽപ്പിക്കുന്നു (ലൂക്കോ.23:46). പെസഹായുടെ വെള്ളിയാഴ്ചയുടെ മൂന്നാംനാൾ ആദ്യഫലം പെരുന്നാളിൽ പ്രഭാതത്തിൽ പുരോഹിതൻ കറ്റ ഉയർത്തി 'നീരാജനം' ചെയ്യുമ്പോൾ "കർത്താവ് മരിച്ചവരിൽനിന്ന് ആദ്യഫലമായി ഉയർത്തെഴുന്നേറ്റ് (1.കൊരി. 15:20) മഗ്ദലമറിയയ്ക്ക് പ്രത്യക്ഷനായി" (യോഹ.20:16-17). ഇനിയും പഴയ പുളിമാവ് കൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവ്കൊണ്ടുമല്ല സ്വഛതയും സത്യവുമായ പുളിമാവ് കൊണ്ടുതന്നെ ഉത്സവം ആചരിക്ക (1 കൊരി. 5:8) (ആമോസ് 4:5). സീനായ് ഉടമ്പടിയെ അനുസ്മരിപ്പിക്കുന്ന പെന്തിക്കോസ്തിയിൽ ലേവ്യ പുരോഹിതൻ അരിമാവ് കുഴച്ചു പെരുന്നാൾ ആചരിക്കുമ്പോൾ പുതിയ നിയമ പെന്തിക്കോസ്തിയിൽ ശലോമോന്റെ മണ്ഡപത്തിൽ

സാക്ഷാൽ പരി. റൂഹാ ഇറങ്ങി ശ്ലീഹന്മാരുടെ മേൽ ആവസിച്ചു (അപ്പൊ.22:1-4). യഹൂദന്റെ ആദ്യത്തെ പെന്തിക്കോസ്തിയിൽ യഹോവ ലേവ്യരെകൊണ്ട് 3000 സഹോദരന്മാരെ വെട്ടിക്കൊല്ലിച്ചപ്പോൾ പുതിയ നിയമ പെന്തിക്കോസ്തിയിൽ പത്രോസ്ശ്ലീഹായുടെ പ്രസംഗംകേട്ട് മാനസാന്തരപ്പെട്ട് സ്നാനപ്പെട്ട് 3000 പേർ സഭയോടു ചേർന്നു. (അപ്പൊ.2:40-42). സുറിയാനിസഭ ആദ്യത്തെ വി. കുർബ്ബാന മുതൽ ഇന്നു വരെയും വി. കുർബ്ബാനയിൽ പുളിപ്പുള്ള അപ്പമാണ് ഉപയോഗിക്കുന്നത് കർത്താവ് നമുക്ക് ഏല്പിച്ച് തന്നിരിക്കുന്നത്. അനുഗ്രഹത്തിന്റെ പാനപാത്രവും അപ്പവുമാണ് (1.കൊരി.10:16-17). അബ്രഹാമിന്റെ അനുഗ്രഹം അബ്രഹാമിൽനിന്ന് (Non stop) ആയി യേശുക്രിസ്തുവിൽ എത്തി നിൽക്കുന്നു (ഗലാ. 3:16). ന്യായപ്രമാണം എന്നതോ വാഗ്ദത്ത സന്തതി വരുവോളം ലംഘനങ്ങളാൽ നിമിത്തം കൂട്ടിച്ചേർത്തതും ദൂതന്മാർ മുഖാന്തിരം മദ്ധ്യസ്ഥന്റെ പക്കൽ ഏല്പിച്ചതുമത്രേ (ഗല. 3:19). ഇനിയും മോശയുടെ മദ്ധ്യസ്ഥതയില്ല. ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏക മദ്ധ്യസ്ഥൻ യേശുക്രിസ്തുവാണ് (1 തീമോ.2:5). വാവ്, ശാബത്ത് പെരുന്നാൾ എന്നിവ വരുവാനുള്ളതിന്റെ നിഴലായിരുന്നു. (കോലോ. 2:16). നിഴൽ നീങ്ങി ദൈവം നമ്മോടുകൂടെ (മത്താ.1:22). ഇനിയും പഴയനിയമ പെസഹ ഇല്ല. "അഭിഷിക്തൻ അടിമനുകം തകർത്തു."

പെസഹായാൽ പെസഹാടിനെ നീക്കിയ മിശിഹാ മോദി"

യേശുക്രിസ്തുവിന്റെ മുപ്പത്തിമൂന്നര വർഷത്തെ ഈ ലോകാവസാനത്തിൽ 7 പെരുന്നാളുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കർത്താവ് പള്ളിയിൽപോയി (സിനഗോഗ്) (ലൂക്കോ.4:16) ദൈവാലയങ്ങളിൽ പോയി (മത്താ. 21:12). കർത്താവും ശ്ലീഹന്മാരും പെരുന്നാളുകളിൽ പങ്കെടുത്തു (യോഹ.7:8-10) ശ്ലീഹന്മാർ യാമപ്രാർത്ഥനകൾ നടത്തിയിരുന്നു (അപ്പൊ. 3:1), (അപ്പൊ.0:9). കർത്താവ് തന്റെ അന്ത്യഅത്താഴത്തിൽ അപ്പം കൈകളിലെടുത്തുവെന്ന് പറയുന്നിടത്തെല്ലാം (മത്താ.26:26) (മർക്കോ.14:22), പൗലോസ്ശ്ലീഹ ദർശനത്തിൽ കണ്ട വി. കുർബ്ബാന സ്ഥാപനം (1. കൊരി.11:23-24) എന്നിവിടങ്ങളിലെല്ലാം പുളിപ്പുള്ള അപ്പം എന്നർത്ഥമുള്ള ലഹമോ (സുറിയാനി) ആർട്ടോസ് (ഗ്രീക്ക്) leavened (English) എന്നാണ് കാണുന്നത്. (മലയാള പരിഭാഷയിൽ വ്യത്യാസം കാണാം) അല്ലാതെ പുളിപ്പില്ലാത്ത അപ്പം എന്നർത്ഥമുള്ള 'പത്തീറ', അതിമോസ്, unleavened എന്നല്ല കാണുന്നത്. പുളിപ്പ് മുന്നൊരുക്കത്തെ കാണിക്കുന്നു (മർക്കോ. 14:12-26) സ്വാതന്ത്ര്യത്തെ കാണിക്കുന്നു, (ഗലാ.4:26, 5:1) രുചിയെ കാണിക്കുന്നു. രാജകീയ ഭോജനമാണ് ഇവിടെ ഭയമില്ല തിളക്കമില്ല. കർത്താവിന്റെ വിലാപുറത്തുനിന്നു രക്തവും വെള്ളവും ഒഴുകിയതിനെ അനുസ്മരിപ്പിക്കുമാറ് വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന വീഞ്ഞിൽ തുല്യ അളവിൽ വെള്ളം ചേർക്കുന്നു (യോഹ.19:34). കർത്താവ് വിരിച്ചൊരുക്കിയ മണിമാളികയിൽ വി.കുർബ്ബാന സ്ഥാപിച്ചതിനാൽ മദ്ബഹായിൽ വൃത്തിയും അലങ്കാരവും കാണാം (മർക്കോ.14:15). ഇന്ന് നമ്മുടെ ദൈവാലയത്തിൽ പുരോഹിതൻ വി. കുർബ്ബാന അർപ്പിക്കുമ്പോൾ അത് 2000 വർഷം പിന്നോട്ടുപോയി ശ്ലീഹന്മാരിലും കർത്താവിലും എത്തി നിൽക്കുന്നു (യോഹ. 30:20). അപ്പോസ്തോലന്മാർ കൈവയ്പിലൂടെ യോഗ്യതയുള്ള പിൻതലമുറയ്ക്ക് അധികാരം കൈമാറുന്നു (എബ്രാ. 6:1). (അപ്പോ.പ്രവ. 8.14:20) കർത്താവ് തന്റെ വരവ് വരെയും എന്റെ സ്മരണയ്ക്കായി ഇത് ചെയ്‌വീൻ എന്ന് പറഞ്ഞു അധികാരം കൊടുത്തത് തന്റെ അപ്പോസ്തോലന്മാർക്ക് (ലൂക്കോ.22:19). അല്ലാതെ അപ്പോസ്തോലൻ ചമഞ്ഞു നടക്കുന്നവർക്കല്ല (വെളി.2:2). എന്നാൽ ഇന്ന് കപട അപ്പോസ്തോലന്മാർ (2. കോരി.11:13-14) വഴിയോരത്തെ റൊട്ടിയും കോളായും കൊണ്ട് കർത്തൃമേശ എന്ന പ്രഹസനം നടത്തി വി. കുർബ്ബാനയെടുക്കുകയും അത് സ്ഥാപിച്ച കർത്താവിനെയും അവഹേളിക്കുന്നു. കുഞ്ഞുങ്ങൾ അപ്പത്തിനായി കൈനീട്ടുന്നു അവർക്ക് പ്രായപൂർത്തിയായില്ല എന്ന പേരിൽ അപ്പം നിഷേധിക്കുന്നു (വിലാ.5:4). എന്തിനും അധികാരം (Athority ആവശ്യമാണ് (മത്താ.21:23). ഇവിടെ എല്ലാവരും തുല്യർ.

"നമ്മളൊപ്പം അതിഥികളായോർ തൻ രുധിരങ്ങൾ കൈക്കൊള്ളുന്നു."

കർത്താവിന്റെ ഹൃദയത്തോട് ചേർന്നിരിക്കുന്ന സഭയാണ് നമ്മുടേത്. അതിനാൽ ആരാധനയിൽ ശബ്ദ മലീനീകരണങ്ങളോ അട്ടഹാസങ്ങളോ ഇല്ല. ഹൃദയങ്ങൾ തമ്മിൽ അകന്നിരിക്കുമ്പോഴാണ് ശബ്ദം ഉയരുന്നത്. പീലാത്തോസ് കർത്താവിന്റെ കുരിശിന്റെ മുകളിൽ "നസ്രായനായ യേശു യഹൂദന്മാരുടെ രാജാവ്"(Iesus Nazarenus Rex Iudaeorum (INR). സുറിയാനി ക്രിസ്ത്യാനികൾ പെസഹാ വ്യാഴാഴ്ചയുടെ സന്ധ്യക്ക് ഇൻട്രിഅപ്പമെന്ന പേരിൽ ഗൃഹനാഥന്റെ നേതൃത്വത്തിൽ രുചികരമായാണ് അപ്പവും മധുരപാനീയവും ഭക്ഷിച്ച് കർത്താവിന്റെ പുതിയനിയമ പെസഹായെ അനുസ്മരിക്കുന്നത്. ഇത് തികച്ചും യഹൂദാ പാരമ്പര്യത്തിൽ നിന്നുള്ളതാണ്. ദൈവം പഞ്ചഭൂതങ്ങളാൽ മനുഷ്യനെ സൃഷ്ടിച്ചതിനാൽ വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പം ഗോതമ്പുമാവ്, ഉപ്പ്, വെള്ളം, പുളിപ്പ്, അഗ്നി എന്നിവകൊണ്ടാകണമെന്ന് ചില സഭാപിതാക്കന്മാരും അഭിപ്രായപ്പെടുന്നു. ●


## ക്വട്ടേഷൻ നോട്ടീസ്

ക്നാനായ സമുദായം വക നാട്ടകം വില്ലേജിൽപ്പെട്ട കരികുന്നം കാടത്തറ പാടശേഖരത്തിലെ ഏഴ് ഏക്കർ പുഞ്ചനിലത്തും വെളിയനാട് വില്ലേജിൽ കുന്നങ്കരി മുറിയിൽപ്പെട്ട കരിമീൻതട പാടശേഖരത്തിലെ രണ്ട് ഏക്കർ എഴുപത് സെന്റ് പുഞ്ചനിലത്തും 2025-26 വർഷം നെൽകൃഷി ചെയ്ത് ആദായം എടുക്കുന്നതിനുവേണ്ടി പ്രത്യേകം പ്രത്യേകമായുള്ള കൊട്ടേഷൻ 20-08-2025 ബുധനാഴ്ച രാവിലെ 11 മണിക്ക് മുമ്പായി സമുദായ ഓഫീസിൽ കിട്ടത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ഓരോ കൊട്ടേഷനോടുകൂടിയും 5000 രൂപയുടെ നിരതദ്രവ്യം പണമായോ, ഡി.ഡി യായോ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ കവറിന് പുറത്ത് പാടശേഖരത്തിന്റെ പേര് വ്യക്തമായി കാണിച്ചിരിക്കണം. ക്നാനായ കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായി അവകാശമുറപ്പിക്കുന്നതുമാണ്. അംഗീകരിക്കപ്പെടുന്ന തുക മുഴുവനും ഉടനെ തന്നെ അടയ്ക്കേണ്ടതാണ്. കൊട്ടേഷൻ അംഗീകരിക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അവകാശം ക്നാനായ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. ഇതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ രാവിലെ 10 മുതൽ വൈകുന്നേരം 4 വരെയുള്ള സമയത്ത് സമുദായ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

Ph: 0481-2430327, 2432544

**റ്റി. സി തോമസ് തോപ്പിൽ**
**സമുദായ ട്രസ്റ്റി**




## വലയെറിഞ്ഞ കുരങ്ങൻ

ഒരിക്കൽ നദിക്കരയിൽ രണ്ടു മുക്കുവന്മാർ വന്നു. അവർ വലയെറിഞ്ഞു മീൻപിടിക്കുന്നത് മരക്കൊമ്പിൽ ഇരിക്കുകയായിരുന്ന ഒരു കുരങ്ങൻ കൗതുകത്തോടെ നിരീക്ഷിച്ചു.

ഉച്ചായാകാറായപ്പോൾ മുക്കുവന്മാർ കിട്ടിയിടത്തോളം മത്സ്യവുമായി അടുത്തുള്ള ചന്തയിലേക്കു പോയി. ഭക്ഷണം കഴിച്ചുവന്ന് മീൻപിടിത്തം തുടരേണ്ടതാണ്. അതിനാൽ വല അവിടെത്തന്നെ ഒരു മരക്കൊമ്പിൽ തൂക്കിയിട്ടാണ് അവർ പോയത്.

കുരങ്ങന് ഒരു ചെറിയ ആലോചന, മൂപ്പർക്കത് പതിവുള്ളതാണ്. മറ്റുള്ളവർ എന്തെങ്കിലും ചെയ്യുന്നതു കണ്ടാൽ അതുപോലെ തനിക്കും ചെയ്യണമെന്ന മോഹം.

മീൻപിടിത്തക്കാർ ചെയ്തതുപോലെ കുരങ്ങനും വലയെടുത്തു നദിയിലേക്കെറിഞ്ഞു. പ്രാപ്തിയും പരിചയവും തീരെ ഇല്ലല്ലോ അതുകൊണ്ട് സ്വന്തം ശരീരത്തിൽത്തന്നെ വല കെട്ടിപ്പിണഞ്ഞു. കുരങ്ങന് രക്ഷപെടാൻ കഴിയാത്ത സ്ഥിതിയായി. എങ്ങനെയെങ്കിലും കരയ്ക്കു കയറിയാൽ മതിയെന്നാണിപ്പോൾ വികൃതിക്കുരങ്ങന്റെ വിചാരം.

അങ്ങനെ വെള്ളത്തിൽ പിടഞ്ഞും വെള്ളം കുടിച്ചും മരിച്ചുകൊണ്ടിരിക്കെ കുരങ്ങൻ ചിന്തിച്ചു ഈ ശിക്ഷ ഞാൻ അർഹിക്കുന്നതുതന്നെ. മീൻ തിന്നാത്ത ഞാൻ, മീൻ പിടിക്കാൻ പരിചയമില്ലാത്ത ഞാൻ, അതിനു പുറപ്പെടരുതായിരുന്നുവല്ലോ'?

***അപരിചിതമോ അനാവശ്യമോ ആയ കാര്യങ്ങളിൽ ഇടപെട്ടു തനിക്കുതന്നെ ദുഃഖം വരുത്തിവെക്കരുത്.***

### Answers for the month of July
### Bible Quiz (English) For Children

1. A priest and scribe
2. Cyrus
3. To teach the law of God
4. Zerubbabel and Jeshua
5. They cried loudly
6. Offer help in rebuilding and report them to the king
7. By studying, doing, and leaching the law of the Lord
8. Intermarringe with foreign women
9. Prayed and confessed
10. The return from Babylonian exile and resto ration of worship.

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**യെശയ്യാവ്**

1. യെശയ്യാവിന്റെ പിതാവാര്?
2. യഹോവയുടെ വചനം പുറപ്പെടുന്നത് എവിടെ നിന്ന്?
3. സൈന്യങ്ങളുടെ യഹോവയുടെ മുന്തിരിത്തോട്ടം ഏത്?
4. കന്യക ഗർഭം ധരിച്ചു പ്രസവിക്കുന്ന മകന്റെ പേര്?
5. യഹോവയുടെ മനോഹരമായ നടുതല ഏത്?
6. 'ദൈവത്തിന്റെ കോപത്തിന്റെ കോൽ' എന്നു വിശേഷിപ്പിക്കുന്നതാരെ?
7. 'മൊട്ടക്കുന്ന്' എന്നു യെശയ്യാവ് വിശേഷിപ്പിച്ച രാജ്യം ഏത്?
8. 'സ്വർണ്ണ നഗരം' എന്നു പറയുന്ന നഗരം ഏത്?
9. യഹോവ വേഗതയുള്ള ഒരു മേഘത്തെ വാഹനമാക്കി ഏതു ദേശത്തേക്കാണ് വരുന്നത്?
10. നഗ്നനായും ചെരിപ്പിടാതെയും നടന്ന പ്രവാചകൻ?

**ജൂലൈ മാസത്തിലെ ഉത്തരങ്ങൾ**
**നെഹമ്യാവ്**

1. ഹഖല്യാവ് (1:1)
2. ആസാഫ് (2:8)
3. ഹസ്സെനായക്കാർ (3:3)
4. സൻബല്ലത്ത് (4:1)
5. നെഹെമ്യാവും ആളുകളും (4:23)
6. നോവദ്യാ (6:14)
7. നീർവാതിലിനെതിരെയുള്ള വിശാല സ്ഥലത്തുവച്ച് (8:1–3)
8. ലേവ്യർ (10:38)
9. എസ്രാ, സാദോക്ക് (12:36, 13:13)
10. ഏല്യാശീബ് (13:4)

### Bible Quiz (English) For Children
### August
### The Book of Nehemiah

1. Who is the main character in the Book of Nehemiah?
2. What was Nehemiah's position in the Persian court?
3. Which king did Nehemiah serve?
4. What was Nehemiah's main mission in Jerusalem?
5. How many days did it take to rebuild the wall?
6. Who read the law of Moses to the people in chapter 8 ?
7. Which two men opposed Nehemiah's rebuilding work?
8. Nehemiah led the people in a national act of---
9. What did Nehemiah do when he first heard about the broken walls of Jerusalem?
10. Which gate did Nehemiah mention in the inspection of the wall?

## 1–ാം ചരമവാർഷികം

08–09–2025



Advt -G

## വി. എം. മത്തായി (കുഞ്ഞുമോൻ)

**കാഞ്ഞിരക്കാട്ടായ വടക്കേകാലായിൽ,**
**വാകത്താനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 3–ാം ചരമവാർഷികം

04–09–2025



Advt -G

## V. A. കുരുവിള (പാപ്പച്ചൻ)

**വാഴൂത്ര, നീലംപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## *14th Year of Demise*

21–08–2025



Advt -G

## Lt.Col.M.C.Abraham (Retd.)

**(Kunjavarachen), Bangalore,**
**Vellayampallil House, Kattode**

*'For if we believe that Jesus died and rose again, even so them also which sleep in Jesus will God bring with him' (1 Thessalonians 4:14)*

*Deeply missed and lovingly remembered by:*
*Wife, Daughters,Sons-in-law, Grand Children,*
*Great Grand Children, Relatives & Friends*

## 28–ാം ചരമവാർഷികം

05–08–2025



Advt -O

## C. Zachariah

**(ചിറയിൽ, കറിയാച്ചൻ), ഈര**

ഭൂമിയിലുള്ള നമ്മുടെ ശരീരമാകുന്ന ഈ ഭവനം അഴിഞ്ഞുപോയാൽ, ദൈവനിർമ്മിതമായ, കൈപ്പണിയല്ലാത്ത, ഒരു ഭവനം സ്വർഗ്ഗത്തിൽ എന്നെന്നേയ്ക്കുമായി ഞങ്ങൾക്കുണ്ട് എന്ന് ഞങ്ങൾ അറിയുന്നു. ഇതു നിമിത്തം ഞങ്ങൾ നെടുവീർപ്പിടുകയും, സ്വർഗീയമായ ഞങ്ങളുടെ ഭവനത്തെ ധരിക്കണം എന്നു പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നു.

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 – ാം ചരമവാർഷികം
25 – 08 – 2025

## 14 – ാം ചരമവാർഷികം
30 – 08 – 2025



**എം. എസ്. കുറിയാക്കോസ്   മറിയാമ്മ ജോസഫ്**

മണക്കാട്ട്, പള്ളം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

## 4th Birthday in Heaven
18 – 08 – 2025



**Jose Thomas**

Kunnumpurathu House
Ettumanoor, Kottayam

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

By Sorrowing Family

Advt -G

## 5th Birthday In Heaven
21-08-2025



**K.A. JOSEPH** (Rtd. KSEB Overseer)

Kadavumpara Puthenveedu, Kuttoor

Wife- Valsamma Joseph

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt -G

## 7 – ാം ചരമവാർഷികം

**06- 09 -2025**



# V. P. THOMAS

## VILAYIL, RANNY


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 4th Death Anniversary

**07 – 09 – 2025**



# Philipose Mathew

## (Thankachen)

**Puthenparambil, (BEAUTY CENTRE)**
**Chingavanam**

Deeply missed and Lovingly Remembered by
Sorrowing Family

Advt - R

## 13 – ാം ചരമ വാർഷികം

**11 – 09 – 2025**



# കെ. എ. ഏബ്രഹാം

**(Rtd Dyp. Collector)**

## 28 – ാം ചരമ വാർഷികം

**17-08-2025**



# അഡ്വ. അനിൽ ഏബ്രഹാം

**കല്ലുവെട്ടാംകുഴിയിൽ, താഴത്തങ്ങാടി, കോട്ടയം**

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

**40 –ാം ചരമദിനം**

01 - 08 - 2025



**Saji Kuriakose** (മരണം 23/06/2025)

ഓഹേത്ത്, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

**8 – ാം ചരമവാർഷികം**

03 - 08 - 2025



**(Retd.) Nb. Sub/Clk ജോസ് മാത്യു**

മധുകുഴിയിൽ വീട്, പടിഞ്ഞാറ്റ് ഓതറ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

**50 –ാം ചരമവാർഷികം**

15 - 08 - 2025



**കെ. എം. ചാക്കോ (ചാക്കോച്ചൻ)**

കുഴിപറമ്പിൽ, കറ്റോട്

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

**3 – ാം ചരമവാർഷികം**

02 - 08 - 2025



**മറിയാമ്മ ആൻഡ്രൂസ്**

ചെറുനാട്ടായ പല്ലാട്ട്, ചെങ്ങളം

ഞങ്ങളുടെ മാർഗ്ഗദീപമായിരുന്ന അമ്മയുടെ
ഓർമ്മകൾക്കു മുമ്പിൽ പ്രാർത്ഥനയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 2 – ാം ചരമവാർഷികം

19 – 08 – 2025



## അമ്മിണി തോമസ്

## 12 – ാം ചരമവാർഷികം

17 – 08 – 2025



Advt -O

## മറിയാമ്മ കുരുവിള


ചെറുവേലിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 4th Death Anniversary In Heaven

28-08-2025



Advt -SO

## I.P.ITTIAVIRAH

**Edasseril (H),
Thottamon, Ranny P.O.**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## സ്വർഗ്ഗത്തിൽ 2 – ാം പിറന്നാൾ

20-08-2025



Advt -S

## മെഫിൻ തോമസ്

ഇടയാടിയിൽ, അഞ്ചാനി, റാന്നി

മഹാജ്ഞാനം – 3
നീതിമാന്മാരുടെ ആത്മാവ്
ദൈവത്യക്കരങ്ങളിലത്രെ. ഒരു ദണ്ഡനവും
അവരെ സമീപിക്കയില്ല.

സന്തപ്ത കുടുംബാംഗങ്ങൾ

## വേർപാടിന്റെ 28 – ാം വർഷം
01 – 08 – 2025



## Ittiyavera Abraham

## വേർപാടിന്റെ 7 – ാം വർഷം
18 – 08 – 2025



## Mariamma Ittiyavera

Advt -S

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

**Manimalethu House**
**Nellickamon P. O, Ranny**

സന്തപ്ത കുടുംബാംഗങ്ങൾ

*1st Death Anniversary*
21/08/2025



Advt - S

## Jacob Kuruvilla
**Padinjarepurackal, Kallissery**

By Sorrowing Family

## 40th Day in Heaven
02 – 08 – 2025



Advt - S

## Mariamma Thomas
**ഉതിനില്ക്കുന്നതിൽ, കുറ്റൂർ**

*We Miss you Mummy*

ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു.
വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം
എനിക്കായി വച്ചിരിക്കുന്നു.
(2. തിമോ. 4: 7 – 8)

സന്തപ്ത കുടുംബാംഗങ്ങൾ

15 – ാം ചരമവാർഷികം

20 – 08 – 2025



# പി. റ്റി. തോമസ് (തങ്കച്ചൻ)

## പൂവക്കുളത്ത്, മഴുക്കീർ, കല്ലിശ്ശേരി

ഞങ്ങളുടെ പപ്പ ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് പതിനഞ്ച് വർഷം തികയുന്നു. സ്വർഗത്തിൽ കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 6–ാം ചരമവാർഷികം

03 – 08 – 2025



## വി.എ. ഇസ്രായേൽ

വേലുക്കിഴക്കേതിൽ
കുറ്റൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 4 – ാം ചരമവാർഷികം

18 – 08 – 2025



## മിനി തോമസ്സ്

ഈശ്വരൻപറമ്പിലായ കാട്ടുപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G



## 4th Birthday in Heaven

(05/08/2021)

**Kurian Joseph**

(Tambi)

**Edasseriathu Kuttor,**
**Hoshangabad(M.P)**

*"I am the resurrection and the life.*
*The one who believes in me will live,*
*even though they die"*
*(John 11:25)*

From grieving Family & Relatives
*we miss you Aapacha*

Advt - O

# വിശുദ്ധ ദൈവാലയം

ഫാ. ജേക്കബ് കല്ലുകുളം

വി. കുർബ്ബാന ആദിമകാലത്ത് വീടുകളിലും ഗുഹകളിലും ഒക്കെ വച്ച് നടത്തിയിരുന്നു. എന്നാൽ പിന്നീട് യഹൂദ പാരമ്പര്യം അനുസരിച്ച് ദൈവാലയങ്ങൾ ഉണ്ടായി. ദൈവാലയം ദൈവത്തിന്റെ ആലയം, സഭാമക്കൾ ആരാധനയ്ക്കായി ഒത്തുചേരുന്ന സ്ഥലം. ഇവിടെ നടക്കുന്ന ആരാധനയിലൂടെ നാം വരുവാനുള്ള ദൈവരാജ്യത്തിന്റെ അവകാശികളായി മാറുന്നു. യഹൂദ ചിന്തയനുസരിച്ച് ഇസ്രായേലിൽ യഹോവയുടെ സാന്നിധ്യത്തിന്റെ അടയാളം. ഈ ദൈവസാന്നിദ്ധ്യം അനുഭവമാക്കുവാൻ പ്രതീകങ്ങളും ശില്പവൈദഗ്ധ്യങ്ങളും കൊണ്ട് ദൈവാലയം അലംകൃതമാണ്. സഭയുടെ ചെറിയ പതിപ്പായ, ഇടവകയുടെ ഹൃദയം കൂടിയാണ് ദൈവാലയം. പ്രധാനമായും മൂന്നു ഭാഗങ്ങളാണ് ദൈവാലയങ്ങൾക്കുള്ളത്. അതിവിശുദ്ധ സ്ഥലം അഥവാ മദ്ബഹ, അഴിക്കകം അഥവാ വിശുദ്ധസ്ഥലം, പ്രകാരം അഥവ ഹൈക്കല ഇവയാണ്. കാലക്രമത്തിൽ പുറജാതികളുടെ പ്രകാരം അഥവാ പൂമുഖം (മോണ്ടളം) എന്നൊരു ഭാഗം കൂടെയുണ്ടായി ഇത് എല്ലാ ദൈവാലയങ്ങൾക്കും ഇല്ല.

**മദ്ബഹ** സുറിയാനിപദം ദാബാഹ് എന്നാണ് അർത്ഥം ബലി കഴിക്കുന്ന സ്ഥലം എന്നാണ്. സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. സ്വർഗ്ഗത്തിന്റെയും സ്വർഗ്ഗീയ സിംഹാസനങ്ങളുടെയും പ്രതീകങ്ങൾ ഉൾക്കൊള്ളുന്നതും വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്കായി പ്രത്യേകം പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്ന ദൈവാലയത്തിലെ ഏറ്റവും മനോഹരവും ആകർഷകവും എല്ലാവരുടെയും ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായ സ്ഥലമാണ്. ത്രോണോസ് മഹത്വപൂർണ്ണനായ ദൈവത്തിന്റെ സിംഹാസനമാണ്. യേശുവിന്റെ ജീവിതം മുഴുവനും ആവിഷ്കരണത്തിലൂടെ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നു. പരിശുദ്ധ ആരാധനയിൽ പിതാവും പുത്രനും പരിശുദ്ധറൂഹായും മാലാഖമാരോടുകൂടി സന്നിഹിതരായി തീരുന്ന സ്വർഗ്ഗമായി തീരുന്ന മദ്ബഹ (Eph. 2:1-16) മറ മാറ്റി തുറക്കപ്പെടുന്ന വിശുദ്ധ മദ്ബഹ **സ്വർഗ്ഗത്തിന്റെ** പ്രതീകമാണ്. ബലിയർപ്പിക്കുന്ന പുരോഹിതൻ നിത്യപുരോഹിതനായ മ്ശിഹായുടെ സാദൃശ്യമാണ്. മദ്ബഹായിലെ പ്രഭയും ധൂപപടലവും ദൈവീക സാന്നിധ്യത്തെ കാണിക്കുന്നു.

**യെരുശലേം ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലം**

യെരുശലേം ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലം പോലെ ധൂപകലശവും, സ്വർണ്ണപീഠമായ വിശുദ്ധ ത്രോണോസും, അതിന്റെ മീതെ തളിർത്ത വടിയെ സൂചിപ്പിക്കുന്ന സ്ലീബായും ജീവമന്ന വെച്ചിരിക്കുന്ന പൂജാ പാത്രങ്ങളും കൃപാസനത്തെ മൂടുന്നപോലെ പൂജാപീഠത്തെ പ്രകാശിപ്പിക്കുന്ന മെഴുകുതിരികളും കാണാം എബ്രാ.9:4-5 **സീനായി** മല മോശ ജനത്തെ ശുദ്ധീകരിച്ച് സീനായ് മലയുടെ താഴെ നിർത്തി മലയിൽ സ്പർശിക്കരുതെന്ന് കൽപ്പിച്ചു. അതിനുശേഷം ദൈവത്തിൽനിന്ന് ന്യായപ്രമാണം സ്വീകരിക്കുന്നു പുറപ്പാട് 19:16-25. മല മുഴുവനും ഇടിയും മിന്നലും പുകയും വിസ്മയിക്കത്തക്ക വിധത്തിൽ ഉണ്ടായി. ഇതുപോലെ വിശുദ്ധയുടെ വെണ്മ വസ്ത്രം ധരിച്ച ദൈവജനത്തെ സീനായ് മലയാകുന്ന മദ്ബഹായിക്ക് താഴെ നിർത്തിയിട്ട് പട്ടക്കാരും ശുശ്രൂഷകരും ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനായി പ്രവേശിക്കുന്നു. സ്വർഗ്ഗീയ ഗണങ്ങൾപോലെ ശുശ്രൂഷകർ, മലയിലെ പുകപോലെ ധൂപക്കുറ്റിയിലെ ധൂപം, മണിയുടെയും മർബ്ഹാസയുടെയും ശബ്ദം സീനായി മലയിലെ ഇടിമുഴക്കങ്ങളെ കാണിക്കുന്നു പുതിയ നിയമത്തിലെ സീനായ് മലയായി മദ്ബഹ മാറുന്നു.

**മദ്ബഹ- പറുദീസ**

പറുദീസയിൽ ജീവവൃക്ഷവും, വിശുദ്ധന്മാരുടെ കൂട്ടവും, അവരുടെ ഗീതാലാപനവും ഉള്ളതുപോലെ ജീവവൃക്ഷമാകുന്ന സ്ലീബായും, ശുശ്രൂഷകരായ വിശുദ്ധന്മാരുടെ കൂട്ടവും ഉണ്ട്. ജയിക്കുന്നവൻ പറുദീസയുടെ നടുവിൽ നിൽക്കുന്ന ഫലം കൊടുക്കുന്നു. വെളി. 2:7 ജീവവൃക്ഷത്തിന്റെ ഫലമായ തിരുശരീരരക്തങ്ങൾ പട്ടക്കാരൻ നൽകുന്നു.

**അഴിക്കകം അഥവാ വിശുദ്ധസ്ഥലം**

യെരുശലേം ദൈവാലയത്തിലെ വിശുദ്ധ സ്ഥലം ഇവിടെ പുരോഹിതന്മാരും ശുശ്രൂഷകരും നിന്ന് നമസ്ക്കാരങ്ങളും മറ്റും നടത്തുന്നു. പഴയ നിയമകാലത്ത് മദ്ബഹായുടെയും ഹൈക്കലയുടെയും ഇടയ്ക്ക് ബീമ എന്നൊരു സ്ഥലം ഉണ്ടായിരുന്നു. ഇന്ന് അതിന്റെ സ്ഥാനം നമസ്ക്കാരമേശ കൈയ്യടക്കിയിരിക്കുന്നു. അവിടെ കുരിശും വിശുദ്ധ വേദപുസ്തകവും ക്രമീകരിച്ചിരിക്കുന്നു. സ്ലീബാ ആഘോഷവും, വചന ശുശ്രൂഷയും ബീമായിൽ വച്ച് നടത്തുകയായിരുന്നു പതിവ്. ബീമായെ പൗലോസ്ശ്ലീഹ ദർശിച്ച മൂന്നാം സ്വർഗ്ഗമായും (1 കോരി.12:2) എസ്രാ ജനങ്ങളെ നിയമം വായിച്ചു കേൾപ്പിക്കുവാൻ ഉപയോഗിച്ചിരുന്ന പീഠത്തോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

**ഹൈക്കല അഥവാ പ്രകാരം**

ആരാധനാ സ്ഥലം. ഇത് ഭൂമിയുടെയും പ്രപഞ്ചത്തിന്റേയും പ്രതീകം. ഇവിടെ സ്നേഹം, വിശ്വാസം, പ്രത്യാശ എന്നിവയുടെ ഐക്യത്തിൽ വിശ്വാസികളുടെ സമൂഹം നിൽക്കുന്നു. ഇത് സഭയുടെ ദൃശ്യഭാഗം. നമ്മിൽനിന്ന് വാങ്ങിപ്പോയ എല്ലാവരും, നാമും ഇവിടെ നിന്നുകൊണ്ട് ആരാധനയിൽ സംബന്ധിക്കുന്നു. ദൈവാലയത്തിന്റെ മധ്യഭാഗം ശൂന്യമാക്കി ഒഴിച്ച് ഇട്ടിരിക്കുന്നത് വാങ്ങിപ്പോയ പരേതാത്മാക്കൾക്ക് വിശുദ്ധ ആരാധനയിൽ സംബന്ധിക്കുവാനുള്ള ഇടമായാണ്. വിശുദ്ധ കുർബ്ബാന നമ്മുടെ ആരാധന മുഖാന്തരമായി ക്രിസ്തുവിന്റെ ശരീരമായി തീരുന്നു. അതുകൊണ്ടാണ് ഭയത്തോടും ആദരവോടും കൂടെ ദൈവാലയത്തിൽ പ്രവേശിക്കുന്നത്. ആദിമകാലത്ത് വിശ്വാസികൾ മാത്രം പ്രവേശിക്കുന്ന സ്ഥലമായിരുന്നു പ്രകാരം. വിശ്വാസികൾ ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു. "ദൈവമേ ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്ക് പ്രവേശിച്ച് എന്റെ നേർച്ചകളെ ഞാൻ കഴിക്കും" സങ്കീ.66:13. തുടർന്നുള്ള പ്രാർത്ഥന ദൈവമേ, നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചു. സ്വർഗ്ഗീയ രാജാവേ നിന്റെ സിംഹാസനത്തിന് മുമ്പിൽ വന്ദിച്ചു. നിനക്ക് വിരോധമായി ഞാൻ ചെയ്തുപോയ സകല പാപങ്ങളും എന്നോട് ക്ഷമിക്കേണമേ സങ്കീ. 5:7, ലൂക്കോ.15:21.

**പുറജാതികളുടെ പ്രകാരം അഥവാ പൂമുഖം (മോണ്ടളം)**

പരിശുദ്ധ സഭയുടെ ക്രമീകരണം അനുസരിച്ച് ഇവിടെ മാമോദീസ സ്വീകരിച്ചിട്ടില്ലാത്തവരും, വേദ അഭ്യസനം നടത്തുന്നവരും, അനുതാപികളും, ശിക്ഷയിൽ ഇരിക്കുന്നവരും നമസ്ക്കാരങ്ങൾക്കും വചന ശുശ്രൂഷയ്ക്കും പങ്കുകൊള്ളുവാൻ നിൽക്കുന്ന സ്ഥലമാണ്. ഇത് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട ഇടമാണ്.

# Non Weapon formed against me shall prosper

**Seema Shinto Kanniyel, Ranni**

നിനക്ക് വിരോധമായി ഉണ്ടാക്കുന്ന ഒരു ആയുധവും ഫലിക്കയില്ല (എശ. 54:17) നമ്മുടെ സർവ്വശക്തനായ ദൈവത്തിന്റെ ഉറപ്പുള്ളതും നിലനിൽക്കുന്നതുമായ വാഗ്ദാനങ്ങളിലാണ് നമ്മുടെ വിശ്വാസം അധിഷ്ഠിതമായിരിക്കുന്നത്. അവൻ തന്റെ വചനത്തിലുടനീളം നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവം സർവ്വശക്തനും, ജീവനും, സത്യവും, പ്രപഞ്ചത്തിന്റെ പരമാധികാരിയുമായാണ്. തന്റെ രക്തത്താൽ വിലയ്ക്കുവാങ്ങിയ മക്കൾക്കെതിരെ ശാരീരികമായോ ആത്മീയമായോ ഒരു ആയുധവും വിജയിക്കില്ല എന്ന് കർത്താവ് തമ്പുരാൻ നമുക്ക് ഉറപ്പുതരുന്നു. നമ്മുടെ ദൈവം ഉറപ്പുള്ള പാറയും നമ്മുടെ ശരണ ശൈലിയും ബലമുള്ള സങ്കേതവും, ജീവന്റെ വെളിച്ചവും, സമാധാന പ്രഭുവും, നിത്യപിതാവുമാണ്. നമ്മുടെ ശരണമാകുന്ന കർത്താവാണ് ജീവിതത്തിലെ എല്ലാ പ്രതിസന്ധികളിലും നമുക്ക് ആശ്രയം (സങ്കീ. 146). നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുത്, സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രനിലും അരുത്. യാക്കോബിന്റെ ദൈവം സഹായമായി തന്റെ ദൈവമായ യഹോവയിൽ പ്രത്യാശയുള്ളവർ ഭാഗ്യവാന്മാർ. കാരണം എല്ലാ കുറ്റപ്പെടുത്തുന്ന നാവും നിശ്ശബ്ദമാക്കപ്പെടുമെന്നും, നമുക്കെതിരെയുള്ള എല്ലാ ന്യായവിധികളും തടുത്തുകളയുമെന്നും നമ്മുടെ ദൈവമായ കർത്താവ് നമുക്ക് ഉറപ്പു തരുന്നു. ദൈവം തന്റെ വചനത്തെ എല്ലാ നാമത്തിനും മുകളിൽ സ്ഥാപിച്ചിരിക്കുന്നു.

